# സത്യദൂതൻ

2018 ഡിസംബർ | ലക്കം 12

വില ₹ 30



## ആർക്ക് വേണ്ടിയാണ് ഈ കാത്തിരിപ്പ്?

## റസൂൽ തിരുമേനി: അനുരക്തരുടെ നിസ്തൂല ത്യാഗങ്ങൾ

## തൂക്കുമരത്തിൽ നിന്ന് മോചിതയായ ആസിയാ ബീവി

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android

**Quran**
Read the Holy Quran in easy Yassarnal Quran Font

**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages



**Sermons**
Huzoor's Friday Sermons In 15 languages

**MTA**
Watch MTA Live, view Schedule and much more



**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at alislam.org/apps or scan the QR code below





The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ


2018 ഡിസംബർ
ഹി.ശ.1398 - ഫത്ഹ്
1440 റ. അവ്വൽ - റ. ആഖർ
പുസ്തകം 90 ലക്കം 12
വില 30 രൂപ


ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം


മുഖചിത്രം: ഈസാ നബി (അ)യുടെ ആഗമനമുണ്ടാകുമെന്ന് ബഹുഭൂരിപക്ഷം മുസ്‌ലിംകളും വിശ്വസിക്കുന്ന ഡമാസ്കസിലെ മിനാരം.


**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്ബ സംഗ്രഹം
**റസൂൽ തിരുമേനി: അനുരക്തരുടെ നിസ്തൂല ത്യാഗങ്ങൾ**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 23-11-2018 ന് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ഖുത്ബയുടെ സംഗ്രഹം. വിവ: മൗലവി നജ്മുദ്ദീൻ

**12**
**ആർക്ക് വേണ്ടിയാണ് ഈ കാത്തിരിപ്പ്?**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**16**
**ക്രിസ്തു: ഒരു വിദ്യാർഥിയുടെ ചോദ്യങ്ങൾക്ക് ഹദ്റത്ത് അഹ്മദ് (അ) ന്റെ മറുപടി**

**20**
**ക്രിസ്ത്യാനികളുമായുള്ള സംവാദം: റസൂൽ തിരുമേനി(സ) ഉന്നയിച്ച വാദം**
എ.എം

**21**
**ഒരു പത്രപ്രവർത്തകന്റെ തീർഥാടന സ്മൃതി**
പി.വി.അഹമ്മദ്കോയ

**26**
**ദജ്ജാലിന്റെ കളവും ഇബ്നുമറിയമിന്റെ വിശദീകരണവും**
എം കെ, പാലക്കാട്

**29**
**ഉറക്കം**
ഡോ. ഷാനവാസ് ഖാൻ

**31**
**ശരീഅത്ത് നിയമവും രാഷ്ട്ര നിയമവും**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**37**
കുറിപ്പുകൾ
**തൂക്കുമരത്തിൽ നിന്ന് മോചിതയായ ആസിയാ ബീവി**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ**: 99460 21252

എഡിറ്റർ
**ഏ. എം. മുഹമ്മദ് സലീം**
**ഫോൺ**: 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്

വാസ്തവത്തിൽ അദ്ദേഹത്തെ (യേശുവിനെ) അവർ വധിച്ചിട്ടില്ല ക്രൂശിച്ചു കൊന്നിട്ടുമില്ല. നേരെ മറിച്ച് അദ്ദേഹം അവർക്ക് (ക്രൂശിക്കപ്പെട്ട ഒരുവനെപ്പോലെ) സദൃശീകരിക്കപ്പെടുകയായിരുന്നു. ....തൽ സംബന്ധമായി ഭിന്നാഭിപ്രായക്കാരായവർ അക്കാര്യത്തിൽ സംശയത്തിൽ തന്നെയാണ് ഊഹത്തെ പിൻപറ്റു കയല്ലാതെ അവർക്ക് അതിനെപ്പറ്റി യാതൊരറിവുമില്ല. അവർ അദ്ദേഹത്തെ ഉറപ്പായും വധിച്ചിട്ടില്ല. (4: 158)





## നബിവചനം

അല്ലാഹുവിന്റെ വരിഷ്ട ദാസനായ ഈസബ്നു മർയം പറഞ്ഞത് പോലെ ഞാൻ (മുഹമ്മദ് നബി) പറയും. ഞാൻ അവരിൽ ഉണ്ടായിരുന്നേടത്തോളം കാലംവരെ ഞാനവർക്ക് സാക്ഷി യായിരുന്നു. എന്നാൽ നീ എന്നെ മരിപ്പിച്ചതിന് ശേഷം അവരുടെ മേൽനോട്ടക്കാരൻ നീ തന്നെയാണ് എന്ന്. (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം

# നിരർഥകമായ കാത്തിരിപ്പ്

വാഗ്ദത്ത മസീഹിന്റെ ആകാശത്ത് നിന്നുള്ള ഇറക്കം വെറും ഒരു വ്യാമോഹം മാത്രമാണ്. ആകാശത്ത് നിന്ന് ആരും ഇറങ്ങി വരുന്നതല്ലെന്ന് നല്ലവണ്ണം ധരിച്ചു കൊള്ളുവീൻ ....... ഇന്ന് മുതൽ മൂന്ന് നൂറ്റാണ്ട് പൂർണമാകുന്നതിന് മുമ്പായി ഈസായെ കാത്തിരിക്കുന്നവർ മുസ്‌ലിംകളാകട്ടെ ക്രിസ്ത്യാനികളാകട്ടെ എല്ലാവരും അദ്ദേഹത്തിന്റെ വരവിനെ കുറിച്ച് നിരാശ പ്പെടുകയും തീരെ മനം മടുത്ത് ഈ വിശ്വാസത്തെ പരിത്യജിക്കുകയും ചെയ്യും. (തദ്കിറത്തു ശഹാദത്തൈൻ)



എഡിറ്റോറിയൽ

# യേശുവിന്റെ രണ്ടാം വരവ്: തിരിച്ചറിയേണ്ട അന്ധവിശ്വാസം

മനുഷ്യൻ കിടിലം കൊണ്ടുപോകുന്ന മഹാ പീഡനങ്ങൾ ദൈവത്തിന് വേണ്ടി ഏറ്റു വാങ്ങിയ പ്രവാചകനാണ് യേശു. ചരിത്രപരമായി അപ്രകാശിതമായ യേശുവിന്റെ ജീവിതം സന്ദിഗ്ദതകളും അവ്യക്തതകളും നിറഞ്ഞതാണ്. ക്രിസ്ത്യൻ ഇസ്‌ലാം യഹൂദ മതങ്ങൾ പരസ്പര വിരുദ്ധങ്ങളായ വീക്ഷണങ്ങളിലൂടെയാണ് യേശുവിന്റെ ജീവിതവും ജീവിത സന്ദേശവും നോക്കിക്കാണുന്നത്. ഇതിഹാസ വത്ക്കരിക്കപ്പെട്ട യേശുവിന്റെ അത്ഭുതങ്ങളും അതിശയങ്ങളുമല്ല മനുഷ്യനായ യേശു വരിച്ച മഹാത്യാഗങ്ങളും ആത്മീയ സാന്ദ്രമായ മാതൃകകളും സ്നേഹോപദേശങ്ങളുമാണ് അദ്ദേഹത്തെ നിസ്തുലനാക്കുന്നത്. പിതാവില്ലാതെ ജനിച്ച അദ്ദേഹം മരിക്കാതെ ആകാശത്ത് ഇന്നും ജീവിച്ചിരിക്കുന്നു എന്നാണ് പരക്കെ വിശ്വസിക്കപ്പെടുന്നത്. അതിനേക്കാളുപരി യുഗാന്ത്യസംഭവങ്ങളുടെ ഭാഗമായി ആകാശത്ത് നിന്ന് അവരോഹിതനാവേണ്ട വീണ്ടെടുപ്പുകാരനും യേശു തന്നെയാണെന്നാണ് ലോക ജനസംഖ്യയുടെ പകുതിയിലധികം വരുന്ന രണ്ടു മതങ്ങളിൽ പെട്ട 33 % (240 കോടി) ക്രിസ്ത്യാനികളും 24 % (180 കോടി) മുസ്‌ലിംകളും വിശ്വസിക്കുന്നത്.

ക്രിസ്ത്യാനികളുടെ ബൈബിളിൽ പൗലൂസ് തന്റെ ലേഖനങ്ങളിൽ സ്നാനത്തെക്കുറിച്ച് 13 പ്രാവശ്യമേ പറഞ്ഞിട്ടുള്ളൂ. എന്നാൽ ക്രിസ്തുവിന്റെ മടങ്ങിവരവിനെ പറ്റി 50 ൽ പരം പ്രാവശ്യം എഴുതിയിട്ടുണ്ട്. ബൈബിളിലെ ഓരോ 25 വാക്യത്തിലും ഒരു വാക്യം എന്ന അനുപാതത്തിൽ ക്രിസ്തുവിന്റെ മടങ്ങി വരവിനെ പറ്റി പറഞ്ഞിരിക്കുന്നു. കേവലം 266 പേജും 260 അദ്ധ്യായങ്ങളുമുള്ള ബൈബിൾ പുതിയ നിയമത്തിൽ 38 പ്രാവശ്യം ക്രിസ്തുവിന്റെ മടങ്ങി വരവിനെ പറ്റി പറഞ്ഞിട്ടുണ്ട്. ഒന്നാം വരവിനെ കുറിച്ച് പറഞ്ഞതിന്റെ എട്ടിരട്ടിയാണ് രണ്ടാം വരവിനെക്കുറിച്ച് പറഞ്ഞിട്ടുള്ളത്. യേശു എന്ന് വിളിക്കപ്പെടുന്ന ഈസാ നബി (അ) അവസാന നാളിന്റെ അടയാളമായി ആകാശത്ത് നിന്ന് ഇറങ്ങി വരുമെന്ന് മുസ്‌ലിം ബഹുഭൂരിപക്ഷവും വിശ്വസിക്കുന്നു. ഇസ്‌ലാമിന്റെ പുനരുജ്ജീവനത്തിനായി അവസാന കാലത്ത് അല്ലാഹു ഏർപ്പെടുത്തിയ ഒരേയൊരു ദൈവികപുനരുജ്ജീവന പദ്ധതി ഈസാ മസീഹിന്റെ ആഗമനത്തിലൂടെയാണ് സംഭവിക്കേണ്ടത് എന്നാണ് മുസ്‌ലിം വിശ്വാസം. ഇന്ന് കാണുന്ന സംഘടനകളിലൂടെയല്ല അത് നിറവേറ്റപ്പെടേണ്ടത്. സംഘടനകളെ പറ്റി റസൂൽ തിരുമേനി (സ) പറഞ്ഞത് എന്റെ സമുദായം 74 സംഘങ്ങളായി പിരിയുമെന്നും അതിൽ ഞാനും എന്റെ അനുചരന്മാരും ഉള്ളനിലയിൽ വർത്തിക്കുന്ന ഒരു കക്ഷിയൊഴികെ ബാക്കിയെല്ലാം നരകത്തിലാണെന്നുമാണ്. നൂറ്റാണ്ടുകളായി മുസ്‌ലിം വിജ്ഞാന സദസ്സുകളിലും ക്രിസ്ത്യൻ സുവിശേഷയോഗങ്ങളിലും പറയപ്പെട്ടുകൊണ്ടിരുന്ന യേശുവിന്റെ രണ്ടാംവരവിന്റെ വിശ്വാസത്തിന്റെ വിവക്ഷയും യഥാർത്ഥ്യവും നാം തിരിച്ചറിയണം.

വാസ്തവത്തിൽ യേശുവിന് സംഭവിച്ചതെന്താണ്? യേശു ആകാശത്ത് കയറിപ്പോയി അവിടെ വസിക്കുന്നുണ്ടോ? അവസാന നാളിൽ അദ്ദേഹം വിശ്വാസികളെ മോചിപ്പിക്കാൻ ഭൂമിയിലേക്ക് ഇറങ്ങി വരുമോ? താൻ തന്നെ സൃഷ്ടിച്ച പ്രകൃതി നിയമങ്ങളെ ലംഘിച്ച് ദൈവം അത്തരമൊരു അത്ഭുതം കാണിക്കുമോ? ദൈവം തന്ന സത്യബുദ്ധിയും യുക്തിബോധവും പണയപ്പെടുത്താത്തവർക്ക് തീർച്ചയായും വിശുദ്ധ ഖുർആനും റസൂൽ തിരുമേനി((സ)യുടെ വചനങ്ങളും ബൈബിളിന്റെ സൂക്ഷ്മ വായനയും ചരിത്രവും ശാസ്ത്രവും സ്പഷ്ടമായി സത്യമാർഗം കാണിക്കും. യേശു പറഞ്ഞത് പോലെ ***'നിങ്ങൾ സത്യം അറിയും, സത്യം നിങ്ങളെ സ്വതന്ത്രരാക്കും.'(യോഹ: 8:32)***

യേശു കുരിശിൽ തറക്കപ്പെട്ടുവെങ്കിലും കുരിശ് പീഡനത്തെ ദൈവ സഹായത്താൽ അദ്ദേഹം അതിജീവിച്ചു. അതിന് ശേഷം പുരാതനകാലത്ത് ചിതറിതെറിച്ച് കാണാതെ പോയ ഇസ്റയേൽ ഗോത്രങ്ങൾക്കിടയിൽ തന്റെ പ്രവാചക ദൗത്യം പ്രേഷണം ചെയ്യാൻ ഫലസ്തീന്റെ കിഴക്കൻ ദേശങ്ങളിലുള്ള ഏഷ്യൻ രാജ്യങ്ങളിൽ അദ്ദേഹം സഞ്ചരിച്ചു. അവസാനം ഇന്ത്യയിൽ എത്തിയ യേശു കശ്മീരിൽ വെച്ച് 120 ാം വയസ്സിൽ ദിവംഗതനാകുകയും ചെയ്തു. അതിനുള്ള സമൂർത്തവും അനിഷേധ്യവുമായ ഒരു തെളിവായി അദ്ദേഹത്തിന്റെ കബർ ഇന്നും ശ്രീനഗറിൽ കാണാം. ഈ സത്യം അഹ്മദിയ്യാ പരിപ്രേക്ഷ്യത്തിലെഴുതിയ ആധികാരിക വിശദീകരണങ്ങൾ വായിച്ച് യേശുവിനെ സംബന്ധിച്ച എല്ലാ അന്ധവിശ്വാസത്തിൽ നിന്നും മോചിതരാവുക. അവസാന കാലത്ത് വിശ്വാസികളുടെ ആത്മീയ മോചനത്തിന് ദൈവം അയക്കുമെന്ന് പറഞ്ഞ ആൾ ഹദ്റത്ത് അഹ്മദ്(അ) നെ ദൈവം യഥാകാലം അയച്ചു. എല്ലാ പ്രവചനങ്ങളും അദ്ദേഹത്തിൽ പൂർത്തിയായിരിക്കുന്നു. നിറം പിടിപ്പിച്ച മിഥ്യാ പ്രതീക്ഷകളുമായി മിശിഹായെ കാത്തിരുന്ന യഹൂദർക്ക് മുമ്പിൽ നിസ്വനായി സത്യസമേതം വന്നുനിന്ന യേശു(അ) വിനെ അവർ നിരാകരിച്ചു പീഡിപ്പിച്ചു. ഈ അബദ്ധം വിശ്വാസികൾക്ക് പിണയാൻ പാടില്ല. നമുക്കിടയിൽ വന്ന മസീഹ് ഹദ്റത്ത് അഹ്മദി(അ)നെ നിരാകരിക്കാതെ പ്രമാണത്തിന്റെയും നേർബുദ്ധിയുടെയും അടിസ്ഥാനത്തിൽ പരിശോധനാവിധേയമാക്കി സ്വീകരിച്ച് ആത്മീയ മോചനമാർഗത്തിൽ വിശ്വാസികൾ അണിചേരണമെന്ന്



ഹദ്റത്ത് അഹ്മദ് (അ)

# കുരിശ് പീഡനത്തെ അതിജീവിച്ച യേശു

യൂദാ ഇസ്കരിയൂത്തിയുടെ വിശ്വാസഘാതകം നിമിത്തം ഹദ്റത്ത് ഈസാ മസീഹ് (അ) ശത്രുക്കളുടെ പിടിയിലകപ്പെടുകയും ക്രൂശിക്കപ്പെടുകയും പിന്നെ ഉയിർത്തെഴുന്നേറ്റ് ആകാശത്തിലേക്ക് കരേറിപ്പോകുകയും ചെയ്തു എന്ന് ക്രിസ്ത്യാനികൾ വിശ്വസിച്ചുപോരുന്നുവെങ്കിലും അവരുടെ വിശുദ്ധ ഗ്രന്ഥത്തിൽ ബൈബിളിൽ വിചിന്തനം ചെയ്യുമ്പോൾ ഈവിശ്വാസ സിദ്ധാന്തം കേവലം അബദ്ധമായിട്ടുള്ളതാണെന്ന് സ്പഷ്ടമാകുന്നതാണ്. യൂനുസ് (യോനാ) കടലാനയുടെ വയറ്റിൽ മൂന്നു രാപ്പകൽ ഇരുന്നത് പോലെ മനുഷ്യപുത്രൻ മൂന്ന് രാപ്പകലുകൾ ഭൂമിയുടെ ഉള്ളിൽ ഇരിക്കും എന്നു മത്തായിയുടെ സുവിശേഷ(അ:12, വ:40) ത്തിൽ എഴുതപ്പെട്ടിരിക്കുന്നു. യോന മത്സ്യത്തിന്റെ വയറ്റിൽ മരിച്ചിരുന്നില്ല എന്നത് സ്പഷ്ടമായ ഒരു വസ്തുതയായിരുന്നല്ലോ. ഏറിയാൽ അദ്ദേഹത്തിനുണ്ടായത് മോഹാലസ്യം മാത്രമായിരുന്നു. അതായത് അദ്ദേഹം മത്സ്യത്തിന്റെ വയറ്റിൽ ബോധംകെട്ട് കിടക്കുകയായി രുന്നു. ഇങ്ങനെ യോനാ ദൈവാനുഗ്രഹത്താൽ മത്സ്യത്തിന്റെ വയറ്റിൽ ജീവനോടിരിക്കുകയും അതിൽ നിന്ന് ജീവനോ പുറത്ത് വരികയും ഒടുവിൽ അദ്ദേഹത്തെ തന്റെ ജനങ്ങൾ സ്വീകരിക്കുകയും ചെയ്തുവെന്ന് ദിവ്യപുസ്തകങ്ങൾ സാക്ഷിക്കുന്നു. ആകയാൽ യേശുമിശിഹാ ക്രിസ്ത്യർ പറയുന്നത് പോലെ ഭൂമിയുടെ വയറ്റിൽ മരിച്ചു കിടക്കയാണ് ചെയ്തിരുന്നതെങ്കിൽ മൃതന് ജീവിച്ചിരിക്കുന്നയാളുമായി എന്ത് സാദൃശ്യമാണുള്ളത്? ജീവിച്ചിരിക്കുന്നവനെ മരിച്ചവനുമായി താരതമ്യപ്പെടുത്താവുന്നതെങ്ങനെ? വാസ്തവമെന്താണെന്ന് വെച്ചാൽ ഹദ്റത്ത് ഈസാ ഒരു സത്യപ്രവാചകനായതിനാൽ താൻ ഏതൊരുവന്റെ പ്രിയ ദാസനാണോ ആ സത്യേക ദൈവം തീർച്ചയായും തന്നെ ശാപ മരണത്തിൽ നിന്നും രക്ഷിക്കുമെന്ന് അദ്ദേഹത്തിന് ബോധിക്കുകയും വിശ്വസിക്കുകയും ചെയ്തിരുന്നു. അത്മൂലം അദ്ദേഹം തനിക്ക് ദൈവത്തിൽ നിന്നുണ്ടായ വെളിപാടനുസരിച്ച് ഒരു പ്രവാചകനെന്ന നിലയിലാണ് ഈ ഉപമ എടുത്തു പറഞ്ഞിരിക്കുന്നത്. താൻ കുരിശിന്മേൽ മരിച്ച് കിടക്കയില്ലെന്നും ആ ശാപമരണത്തിന്മേൽ തന്റെ പ്രാണൻ വെടിയുകയില്ലെന്നും മറിച്ച് യോനാ പ്രവാചകനെ പോലെ മോഹലസ്യപ്പെടുക മാത്രമാണുണ്ടാവുകയെന്നും അദ്ദേഹം പ്രസ്തുത ഉപമകൊണ്ട് സൂചിപ്പിച്ചിരിക്കുകയാണ്. തന്നെയുമല്ല താൻ ഭുമിയുടെ വയറ്റിൽ നിന്ന് പുറത്ത് വന്ന ശേഷം തന്റെ ജനങ്ങളുമായി കാണുകയും യോനായെപോലെ താൻ അവരുടെ ഇടയിൽ സമാദൃതനായി ഭവിക്കുകയും ചെയ്യുമെന്ന് കൂടി അതിൽ സൂചിതമായിരിക്കുന്നുണ്ട്. അപ്രകാരം തന്നെ ഈ പ്രവചനം നിവർത്തിയാവുകയും ചെയ്തു.

എങ്ങനെയെന്നാൽ, ഭുമിയുടെ ഉദരത്തിൽ നിന്നും പുറത്ത്‌വരുന്നതിൽ പിന്നെ മശീഹാ കശ്മീരം, തിബത്ത് തുടങ്ങിയ പുർവ ദേശങ്ങളിൽ വസിക്കുകയുണ്ടായിരുന്നു. തന്റെ ജനങ്ങളുടെ അടുക്കൽ അതായത് അസൂറിയാ രാജാവ് ശാലമൻസർ ക്രി.മു. 721 ൽ സാമിരിയ്യാ യിൽ നിന്നും തടവുകാരായി പിടിച്ചു കൊണ്ടുപോയ പത്തു ഗോത്രക്കാരിൽപെട്ട ഇസ്രയേലി സന്തതികളുടെ അടുക്കൽ ചെല്ലുകയുണ്ടായി. പത്തുഗോത്രക്കാർ ഇന്ത്യയിൽ വന്നു ഈ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ കൂടിപ്പാർക്കുന്നുണ്ടായിരുന്നു അതിനാൽ യേശുമിശിഹ ഈ പ്രദേശങ്ങളിലും സഞ്ചരിച്ചിരിക്കേണ്ടത് അത്യാവശ്യമാണ്. അദ്ദേഹത്തിനു ലഭിച്ച ദിവ്യദൗത്യത്തിന്റെ പരമ ലക്ഷ്യം കാണാതെപോയ ആടുകളായ യഹൂദ ഗോത്രക്കാരെ കണ്ടുപിടിച്ച് അവർക്ക് സന്ദേശം എത്തിച്ചു കൊടുക്കുക എന്നുള്ളതായിരുന്നു.

*(മസീഹ് ഹിന്ദുസ്ഥാൻ മെ*
*- യേശു മിശിഹാ ഇന്ത്യയിൽ)*

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 23-11-2018 ന് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ഖുത്ബയുടെ സംഗ്രഹം. വിവ: മൗലവി നജ്മുദ്ദീൻ

# റസൂൽ തിരുമേനി: അനുരക്തരുടെ നിസ്തുല ത്യാഗങ്ങൾ




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

ഹദ്റത്ത് സിനാനുബ്നു അബീ സിനാൻ എന്ന സ്വഹാബി ബദർ യുദ്ധമുൾപ്പെടെ നബി(സ) തിരുമേനിക്ക് നേരിടേണ്ടി വന്ന എല്ലാ യുദ്ധങ്ങളിലും നബിതിരുമേനി(സ)യുടെ സഹയാത്രികനായിരുന്നു. ബൈഅത്തെ രിള്‌വാനിൽ ഏറ്റവും ആദ്യം ബൈഅത്തു ചെയ്തത് ആരാണെന്ന കാര്യത്തിൽ ഭി

ന്നാഭിപ്രായമുണ്ട് എങ്കിലും വാഖിദി യുടെ അഭിപ്രായത്തിൽ ഹസ്രത്ത് സിനാൻ ആണ് ആദ്യമായി ബൈഅ ത്തു ചെയ്തത്. ബൈഅത്തെ രി ള്വാനിൽ നബി(സ) തിരുമേനി ബൈഅത്തു വാങ്ങാൻ തുടങ്ങു മ്പോൾ ഹദ്റത്ത് സിനാൻ(റ)വും ത ന്റെ ബൈഅത്ത് സ്വീകരിക്കണമെ ന്നു പറഞ്ഞ് കൈനീട്ടി. അപ്പോൾ നബി(സ)തിരുമേനി ചോദിച്ചു ഏതു കാര്യത്തിലാണ് ബൈഅത്തു ചെയ്യു ന്നത്. ഹദ്റത്ത് സിനാൻ(റ) പ റഞ്ഞു; വിജയിയാകുക അല്ലെങ്കിൽ ശഹീദാകുക. അപ്പോൾ മറ്റുള്ളവ രും പറയാൻ തുടങ്ങി; ഹദ്റത്ത് സി നാൻ(റ) ബൈഅത്ത് ചെയ്ത അതേ കാ ര്യ ത്തിൽത്ത ന്നെ ഞ ങ്ങളും ബൈഅത്തു ചെയ്യുന്നു. മുതിർന്ന മുഹാജിർ സ്വഹാബികളിൽപ്പെട്ട ആ ളായിരുന്നു ഹദ്റത്ത് സിനാൻ(റ). തുലൈഹാബിൻ ഖുവൈലിദ് നു ബുവ്വത്ത് വാദം പുറപ്പെടുവിച്ച പ്പോൾ ഏറ്റവും ആദ്യം ഹദ്റത്ത് സി നാൻ(റ) ആണ് കത്തിലൂടെ ഹദ്റ ത്ത് നബി(സ)ക്ക് വിവരമറിയിച്ചത്. അദ്ദേഹം ആ സമയത്ത് ബനൂമാലി കിന്റെ മേൽനോട്ടക്കാരനായിരുന്നു.

ഹദ്റത്ത് ഉമർ(റ)ന്റെ അടിമ യായിരുന്ന ഹദ്റത്ത് മഹ്ജ യായി രുന്നു മറ്റൊരു സ്വഹാബി . ബദർ യുദ്ധത്തിൽ ഏറ്റവും ആദ്യം ശഹീ ദായി. ആദ്യകാല മുഹാജിറുക ളിൽപ്പെട്ടയാളായിരുന്നു. ഹദ്റത്ത് മുസയിബ നിവേദനം ചെയ്യുന്നു; ഹ ദ്റത്ത് മഹ്ജ ശഹീദാകുമ്പോൾ നാ വിലുണ്ടായിരുന്ന വാക്കുകൾ അ ന മഹജഹുൻ വ ഇലാ റബ്ബി അർ ജിഉ എന്നായിരുന്നു. അതായത് ഞാൻ മഹ്ജയാകുന്നു ഞാൻ എ ന്റെ നാഥന്റെ അടുത്തേക്കു മടങ്ങു കയാണ്.

പിന്നെ ഹദ്റത്ത് ആമിർബിൻ മുഖല്ലദ് ഒരു സ്വഹാബിയായിരുന്നു. ഉഹദ്, ബദർയുദ്ധങ്ങളിൽ പങ്കെടു ക്കുകയും ഉഹദുയുദ്ധത്തിൽ ശഹീ ദാകുകയും ചെയ്തു

മറ്റൊരു സ്വഹാബിയായിരു ന്നു ഹദ്റത്ത് ഹാത്വിബിബ്നു അം റുബ്നു അബ്ദിശ്ശംസ്. നബിതിരുമേ നി(സ) ദാറെഅർഖമിൽ വരുന്നതി നു മുൻപ് ഹദ്റത്ത് അബൂബ ക്കർ(റ)ന്റെ തബ്‌ലീഗ് മുഖേന അ ദ്ദേഹം ഇസ്‌ലാം സ്വീകരിച്ചിരുന്നു. ഹബ്ശയിലേക്ക് രണ്ടുതവണ ഹിജ്റ ത്ത് ചെയ്തു. ഒരു നിവേദനമനുസ രിച്ച് ഒന്നാം ഹിജ്റത്തിൽ ഏറ്റവും ആദ്യം ഹബ്ശാ രാജ്യത്തെത്തിയത് ഹദ്റത്ത് ഹാത്വിബ് ബിൻ അംറു ബിൻ അബ്ദിശ്ശംസ് ആയിരുന്നു. ത ന്റെ സഹോദരനായ ഹദ്റത്ത് സ്വ ലീദുബിൻ അംറിനോടൊപ്പം ബ ദർയുദ്ധത്തിൽ പങ്കെടുത്തു. ഉഹദു യുദ്ധത്തിലും പങ്കെടുത്തു. ഹദ്റത്ത് ഹാത്വിബ് ഹദ്റത്ത് സൗദയും ന ബി(സ)തിരുമേനിയും തമ്മിലുള്ള വിവാഹം നടത്തിക്കൊടുത്തു.

ബൈഅത്തെ രിള്വാനിലും പങ്കെടുത്തിരുന്നു.

പിന്നെ മറ്റൊരു സ്വഹാബിയാ യിരുന്നു ഹദ്റത്ത് അബൂഖസീമാ ബിൻ അവസ്. അദ്ദേഹം ബദർ, ഉ ഹദ്, ഖന്ദഖ് യുദ്ധങ്ങളടക്കം എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനി യുടെ കൂടെ പങ്കെടുത്തു. ഹദ്റത്ത് ഉസ്മാൻ(റ)ന്റെ ഖിലാഫത്തു കാല ത്ത് അദ്ദേഹം വഫാത്തായി.

ഹദ്റത്ത് തമീം മൗലാ ഖ റാശ് ആണ് മറ്റൊരു സ്വഹാബി. ബ ദർ, ഉഹദ് യുദ്ധങ്ങളിൽ അദ്ദേഹം പ ങ്കെടുത്തു.

പിന്നെ ഹദ്റത്ത് മുൻദിർ ബിൻ ഖദാമ ആയിരുന്നു മറ്റൊരു സ്വഹാബി. ബദർ,ഉഹദ് യുദ്ധങ്ങളിൽ പങ്കെടുത്തു.

മറ്റൊരു സ്വഹാബിയായിരു ന്നു ഹദ്റത്ത് ഹാരിസിബ്നു ഹാ ത്വിബ്. ഹദ്റത്ത് ഹാരിസിബ്നു ഹാ ത്വിബും ഹദ്റത്ത് അബൂ ലൂബാബാ ബിൻ അബ്ദുൽമുൻദിറും ന ബി(സ)തിരുമേനിയുടെ കൂടെ ബ ദർയുദ്ധത്തിനായി പോവുകയായിരു ന്നു. റൗഹാ എന്ന സ്ഥലത്തെത്തി യപ്പോൾ സബി(സ)തിരുമേനി ഹദ്റ ത്ത് അബൂലുബാബാ ബിൻ അ ബ്ദുൽ മുന്ദിറിനെ മദീനയുടെ ഭരണാ ധികാരിയായും ഹദ്റത്ത് ഹാരിസ്ബ് നുഹാത്വിബിനെ ബനൂ അംറുബിൻ ഔഫ് ഗോത്രത്തിന്റെ അമീറായും നിശ്ചയിച്ചുകൊണ്ട് മദീനയിലേക്കു തിരിച്ചയച്ചു. എന്നാൽ രണ്ടു പേരെ യും ബദരീ സ്വഹാബാക്കളിൽ ഉൾ പ്പെടുത്തിക്കൊണ്ട് യുദ്ധമുതലിൽ നിന്നും പങ്കു നൽകുകയുണ്ടായി. ഹദ്റത്ത് ഹാരിസിബ്നു ഹാത്വിബ് ബദർ,ഉഹദ്, ഖന്ദഖ് യുദ്ധങ്ങൾ ഉൾ പ്പെടെ എല്ലാ യുദ്ധങ്ങളിലും നബി തിരുമേനി(സ)യുടെ കൂടെ പങ്കെടു ക്കാൻ ഭാഗ്യം ലഭിച്ചു. ബൈഅത്തെ രിള്വാനിലും പങ്കെടുത്തു. ഖൈ ബർ യുദ്ധത്തിനിടയിൽ കോട്ടയുടെ മുകളിൽ നിന്നും ഒരു യഹൂദി അ മ്പെയ്തു. അത് ഹാരിസിബ്നു ഹാ ത്വിബിന്റെ ശിരസ്സിൽ ഏല്ക്കുകയും അദ്ദേഹം ശഹീദാകുകയും ചെയ് തു.

ഹദ്റത്ത് സഅ്‌ലബ ബിൻ സൈദ് ഒരു സ്വഹാബിയായിരുന്നു. അൻസ്വാർ ഗോത്രമായ ബനൂഖദ്റ ജുമായിട്ടാണ് അദ്ദേഹത്തിന്റെ ബന്ധം. ബദർയുദ്ധത്തിൽ അദ്ദേഹം പങ്കെടുത്തിരുന്നു. വളരെ നെഞ്ചു റപ്പുള്ളയാളും നല്ല നിശ്ചയദാർഢ്യ ത്തിനുടമയുമായിരുന്നു അദ്ദേഹം.

ഹദ്റത്ത് അഖ്ബ ബിൻ വഹബ് ഒരു സ്വഹാബിയായിരുന്നു. ബദർ,ഉഹദ്,ഖന്ദഖ് അടക്കമുള്ള എല്ലാ യുദ്ധങ്ങളിലും നബി(സ)തി രുമേനിയോടൊപ്പം പങ്കെടുത്തിരു ന്നു. യഹൂദികളുടെ ഒരു സംഘം നബി(സ)തിരുമേനിയെ കാണുന്ന തിനായി മദീനയിൽ വന്നു. അവിട ന്ന് അവരോടു തബ്‌ലീഗ് ചെയ്തു അതിനെ അവർ തുറന്നനിലയിൽ നി ഷേധിക്കുകയുണ്ടായി. അവരുടെ തുറന്നനിലയിലുള്ള ആ നിഷേധ ത്തിൽ സ്വഹാബാക്കൾ പഴിക്കുക യുണ്ടായി. അക്കൂട്ടത്തിൽ ഹദ്റത്ത് അഖ്ബ ബിൻ വഹബും ഉണ്ടായി രുന്നു.

മറ്റൊരു സ്വഹാബിയാണ് ഹദ്റത്ത് ഹബീബ് ബിൻ അസ്‌വദ്. ബദർ,ഉഹദ് യുദ്ധങ്ങളിൽ അദ്ദേഹം പങ്കെടുത്തു.

പിന്നെ ഹദ്റത്ത് ഹൈസമ അൻസ്വാരി ആയിരുന്നു മറ്റൊരു സ്വഹാബി. ബദർ.,ഉഹദ്, ഖന്ദഖ് അടക്കമുള്ള എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയുടെ കൂടെ ഉണ്ടായിരുന്നു. ഹദ്റത്ത് മുആവിയ ബിൻ അബീസുഫിയാന്റെ കാലഘട്ടത്തിൽ അദ്ദേഹം വഫാത്തായി.

ഹദ്റത്ത് റാഫിഅ് ബിൻ ഹാരിസ് ഒരു സ്വഹാബിയായിരുന്നു.ബദർ,ഉഹദ്, ഖന്ദഖ് യുദ്ധങ്ങൾ ഉൾപ്പെടെ എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടോപ്പം പങ്കെടുത്തു. ഹദ്റത്ത് ഉസ്മാൻ(റ)ന്റെ കാലത്ത് അദ്ദേഹം വഫാത്തായി.

മറ്റൊരു ബദരീ സ്വഹാബിയാണ് ഹദ്റത്ത് റഖീലാ ബിൻ സഅ്ലബ അൻസ്വാരി. അദ്ദേഹത്തിന്റെ പേര് പലരൂപത്തിലാണ് പരാമർശിക്കപ്പെടുന്നത്. ബദർ,ഉഹദ് യുദ്ധങ്ങളിൽ അദ്ദേഹം പങ്കെടുത്തു. സ്വിഫീൻ യുദ്ധത്തിൽ അദ്ദേഹം ഹദ്റത്ത് അലിയുടെ കൂടെയുണ്ടായിരുന്നു.

പിന്നെ ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹുബിൻ റയാബ് ഒരു സ്വഹാബിയായിരുന്നു. അൻസ്വാരികളിൽനിന്നും മക്കയിൽവച്ച് ഏറ്റവും ആദ്യം ഇസ്ലാം സ്വീകരിച്ച ആറുപേരിൽ ഹദ്റത്ത് ജാബിർ എണ്ണപ്പെടുന്നു. ഹദ്റത്ത് ജാബിർ എല്ലാ യുദ്ധങ്ങളിലും റസൂലുല്ലാഹ്(സ)യുടെ സഹയാത്രികനായിരുന്നു. അദ്ദേഹം റസൂലുല്ലാഹി(സ)ൽ നിന്ന് ഹദീസും വിവരിച്ചിട്ടുണ്ട്. ഒന്നാം ബൈഅത്തെ അഖ്ബയിൽ അൻസ്വാറുകളിൽ നിന്നും ഏറ്റവും ആദ്യം ഇസ്ലാം സ്വീകരിച്ചതും ഇദ്ദേഹമായിരുന്നു.

ഹദ്റത്ത് സാബിത്ത് ബിൻ അഖ്റം ബിൻ സഅ്ലബ മറ്റൊരു സ്വഹാബിയാകുന്നു. ബദർയുദ്ധമുൾപ്പെടെയുള്ള എല്ലാ യുദ്ധങ്ങളിലും അദ്ദേഹം റസൂലുല്ലാഹ്(സ)യുടെ കൂടെ പങ്കെടുത്തു. മുഅത്താ യുദ്ധത്തിൽ ഹദ്റത്ത് അബ്ദുല്ലാഹിബ്നു റവാഹായുടെ ശഹാദത്തിനു ശേഷം ഇസ്ലാമിന്റെ പതാക ഹദ്റത്ത് സാബിത്ത് കയ്യിലെടുത്തു എന്നിട്ടു പറഞ്ഞു; മുസ്ലിംകളുടെ സംഘമേ നിങ്ങളിൽ നിന്നാരെയെങ്കിലും നിങ്ങളുടെ നേതാവാക്കുക. ജനങ്ങൾ പറഞ്ഞു ഞങ്ങൾ താങ്കളെയാണ് നേതാവായി നിശ്ചയിക്കാൻ ആഗ്രഹിക്കുന്നത്. അദ്ദേഹം പറഞ്ഞു എനിക്കതു ചെയ്യാൻ സാധിക്കുകയില്ല. അപ്പോൾ ആളുകൾ ഹദ്റത്ത് ഖാലിദുബ്നുവലീദിനെ തങ്ങളുടെ നേതാവായി നിശ്ചയിക്കുകയുണ്ടായി. ചരിത്രത്തിൽ വരുന്നു, മുഅത്താ യുദ്ധത്തിന്റെ അവസരത്തിൽ ശത്രു സൈന്യത്തെയും അവരുടെ എണ്ണത്തിലുള്ള ആധിക്യവും ആയുധ സാമഗ്രികളും മുസ്ലിംകൾ കണ്ടപ്പോൾ, ഈ സൈന്യത്തോട് ഏറ്റുമുട്ടാൻ നമുക്കാവില്ല എന്നവർ ധരിച്ചു. ഹദ്റത്ത് അബൂഹുറൈറ(റ)പറയുന്നു; ശത്രു സൈന്യത്തെ കണ്ടപ്പോൾ എന്റെ കണ്ണഞ്ചുകയുണ്ടായി. അപ്പോൾ ഹദ്റത്ത് സാബിത്ബിൻ അക്രം എന്നോടു പറഞ്ഞു, അല്ലയോ അബൂഹുറൈറാ നിങ്ങളുടെ അവസ്ഥ കണ്ടാൽ ഏതോ വലിയ സൈന്യത്തെ കണ്ടതുപോലെയുണ്ടല്ലോ. ഞാൻ പറഞ്ഞു; അതെ. അപ്പോൾ ഹദ്റത്ത് സാബിത്ത് ചോദിച്ചു, നീ ഞങ്ങളുടെ കൂടെ ബദർ യുദ്ധത്തിൽ പങ്കെടുത്തിരുന്നില്ലേ. അവിടെയും നമുക്ക് അംഗബലം കൊണ്ടല്ല വിജയം ലഭിച്ചത് മറിച്ച് അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടായിരുന്നു.ഇവിടെയും അതുതന്നെ സംഭവിക്കുന്നതാണ്.

ഹദ്റത്ത് അബൂബക്കറിന്റെ ഖിലാഫത്തു കാലത്ത് ഹദ്റത്ത് ഖാലിദുബ്നുവലീദിനോടൊപ്പം അദ്ദേഹം മതപരിത്യാഗികളുടെ അടുക്കലേക്കു പോയി. ആ സമുദായത്തിന്റെ അടുത്തെത്തിയപ്പോൾ അദ്ദേഹം ബദാഖാ എന്ന സ്ഥലത്തുനിന്നുതന്നെ അദ്ദേഹം ഹദ്റത്ത് അക്കാഷാ ബിൻ മുഹ്സ്വിനെയും ഹദ്റത്ത് സാബിത്തുബ്നു അക്രമിനെയും, ശത്രുക്കളെക്കുറിച്ചുള്ള വിവരങ്ങൾ ലഭിക്കുന്നതിനായി ചാരൻമാരായി അയച്ചു. രണ്ടുപേരും കുതിരപ്പുറത്തായിരുന്നു സഞ്ചരിച്ചിരുന്നത്. അവരിരുപേരും തുലൈഹയേയും അയാളുടെ സഹോദരൻ സലമായേയും കണ്ടുമുട്ടാനിടയായി. അവരാണെങ്കിൽ അവരുടെ ഭാഗത്തു നിന്നും ചാരൻമാരായി സൈന്യത്തിൽ നിന്നും മുന്നോട്ടിറങ്ങി വന്നതായിരുന്നു. തുലൈഹാ ഹദ്റത്ത് അക്കാഷയേയും സലമാ ഹദ്റത്ത് സാബിത്തിനേയും നേരിട്ടു. രണ്ടു സ്വാഹാബാക്കളെയും അവർ രണ്ടുപേരും ശഹീദാക്കി.

മറ്റൊരു ബദരീ സ്വഹാബിയായിരുന്നു ഹദ്റത്ത് സലമാബിൻ സലാമ. നബി(സ)തിരുമേനിയെ മദീനയിൽ വച്ച് വിശ്വസിച്ച ആദ്യകാല ആളുകളിൽ ഉൾപ്പെട്ടതായിരുന്നു അദ്ദേഹം. ഒന്നാം ബൈഅത്തെഅഖ്ബയിലും രണ്ടാം അഖ്ബയിലും പങ്കെടുത്തു. ബദർ ഉൾപ്പെടെ എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുക്കുവാനുള്ള ഭാഗ്യം ലഭിച്ചു. ഹദ്റത്ത് ഉമർ തങ്ങളുടെ ഖിലാഫത്ത് കാലത്ത് അദ്ദേഹത്തെ യമാമയുടെ ഭരണാധികാരിയായി നിശ്ചയിച്ചു. നബി(സ)തിരുമേനി ഹദ്റത്ത് സലമാബിൻ സലാമയ്ക്കും ഹദ്റത്ത് അബൂസിബ്റ ഇബ്നു അബീറഹമിനും ഇടയിൽ സാഹോദര്യബന്ധമുണ്ടാക്കി. അദ്ദേഹം കുട്ടിക്കാലത്ത് ഒരു യഹൂദി പണ്ഡിതനിൽ നിന്നും മക്കയിൽ നിന്നും ഒരു നബി വരുന്നതാണെന്ന വാർത്ത കേട്ടിരുന്നു. ആയതിനാൽ നബി(സ)തിരുമേനി വെളിപ്പെടുകയും,ദൈവനിയോഗിതനാണെന്ന വാർത്ത അദ്ദേഹത്തിനു ലഭിക്കുകയും ചെയ്തപ്പോൾ ഉടനെ വിശ്വസിക്കുകയാണുണ്ടായത്. ഹദ്റത്ത് ഉസ്മാൻ(റ)ന്റെ കാലത്ത് കലഹങ്ങൾ തലപൊക്കിയപ്പോൾ അദ്ദേഹം ഏകാന്തവാസം സ്വീകരിച്ചു. അദ്ദേഹം മദീനയിൽ വച്ച് 74-ാം വയസ്സിൽ വഫാത്തായി.

ഹദ്റത്ത് ജബർബിൻഅതീഖ് ഒരു ബദരീ സ്വഹാബിയായിരുന്നു. ബദർ യുദ്ധത്തിലും മറ്റെല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയുടെകൂടെ പങ്കെടുത്തു. നബി(സ)തിരുമേനിയുടെ വഫാത്തു വരെ മദീ

നയിൽത്തന്നെ താമസിച്ചു. നബിതിരുമേനി(സ) ഹദ്‌റത്ത് ജബർബിൻ അതീഖിനും ഖബ്ബാബുബിൻ അറത്തിനുമിടയിൽ സാഹോദര്യബന്ധം ഉണ്ടാക്കി. അദ്ദേഹം ഹിജ്‌റ 61ന് യസീദുബിൻ മുആവിയയുടെ കാലത്ത് 71 -ാം വയസ്സിൽ വഫാത്തായി.

പിന്നെ ഹദ്‌റത്ത് സാബിത് ബിൻ സഅ്‌ലബയാണ്. അദ്ദേഹം എഴുപത് അൻസ്വാറുകളുടെ കൂടെ രണ്ടാം അഖ്ബയിൽ ഉണ്ടായിരുന്നു. ബദർ,ഉഹദ്,ഖന്ദഖ് യുദ്ധങ്ങളിലും ഹുദൈബിയ,ഖൈബർ, മക്കാവിജയ വേളയിലും ത്വാഇഫ് യുദ്ധത്തിലും അദ്ദേഹം നബി(സ)തിരുമേനിയുടെ കൂടെയുണ്ടായിരുന്നു. ത്വാഇഫ് യുദ്ധത്തിൽ അദ്ദേഹം ശഹീദായി.

മറ്റൊരു സ്വഹാബിയാണ് ഹദ്‌റത്ത് സുഹൈലുബ്നു വഹബ്. ആരംഭത്തിൽത്തന്നെ ഇസ്‌ലാം സ്വീകരിച്ചു. ഇസ്‌ലാം സ്വീകരിച്ച ശേഷം ഹബ്ശയിലേക്ക് ഹിജ്‌റത്ത് ചെയ്തു. ഇസ്‌ലാം തുറന്ന നിലയിൽ പ്രബോധനം ആരംഭിച്ചപ്പോൾ മക്കയിലേക്കു തിരിച്ചു വരികയും പിന്നീട് നബി(സ)തിരുമേനിയോടൊപ്പം മദീനയിലേക്കു പോവുകയും ചെയ്തു. അദ്ദേഹം ബദർ,ഉഹദ്, ഖന്ദഖ് തുടങ്ങി എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയുടെ കൂടെ ഉണ്ടായിരുന്നു. മദീനയിൽ വച്ച് അദ്ദേഹം വഫാത്തായി, നബി(സ)തിരുമേനി അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചു.

ഹദ്‌റത്ത് തുഫൈലുബ്നു ഹാരിസ് മറ്റൊരു സ്വഹാബിയായിരുന്നു. അദ്ദേഹം തന്റെ സഹോദരൻമാരായ ഹദ്‌റത്ത് ഉബൈദയുടെയും ഹദ്‌റത്ത് ഹസീബിന്റെയും കൂടെ ബദർ,ഉഹദ്, ഖന്ദഖ് തുടങ്ങി മറ്റെല്ലാ യുദ്ധങ്ങളിലും നബി(സ) തിരുമേനിയോടൊപ്പം പങ്കെടുത്തു. നബി(സ)തിരുമേനി ഹദ്‌റത്ത് തുഫൈലുബ്നുഹാരിസിനും ഹദ്‌റത്ത് മുൻദിറുബ്നുമുഹമ്മദിനുമിടയിൽ സാഹോദര്യബന്ധം സ്ഥാപിച്ചു. ഹിജ്‌റ 32ന് 70-ാംവയസ്സിൽ അദ്ദേഹം വഫാത്തായി.

ഹദ്‌റത്ത് സഅദിബ്നു സൈദ്, നബി(സ)തിരുമേനിക്ക് ഒരു നജ്റാനി വാൾ ഉപഹാരമായി നൽകിയിരുന്നു. തിരുമേനി അത് ഹദ്‌റത്ത് മുഹമ്മദുബ്നു മുസ്‌ലിമയ്ക്കു ദാനമായി നൽകിക്കൊണ്ട് പറഞ്ഞു; ഇതുകൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദു ചെയ്യുക. ജനങ്ങൾ പരസ്പരം ഭിന്നിക്കാൻ തുടങ്ങിയാൽ ഇതിനെ ഒരു കല്ലിൽ തല്ലിത്തകർത്തുകളയുക.എന്നിട്ട് വീടിനകത്ത് കയറിയിരിക്കുക. അതായത് ഒരുവിധത്തിലുള്ള കുഴപ്പത്തിലും കലഹത്തിലും പങ്കുചേരരുത്. പരസ്പരം കഴുത്തറുത്തുകൊണ്ടിരിക്കുന്ന ഇന്നത്തെ മുസ്‌ലിംകളെയും അല്ലാഹു ഇതനുസരിച്ചു പ്രവർത്തിക്കുന്നവരാക്കട്ടെ.

മറ്റൊരു സ്വഹാബിയാണ് ഹദ്‌റത്ത് അബൂ സ്വലേദാ അസീറത്തുബ്നുഅംറ്. ബദറിലും മറ്റുയുദ്ധങ്ങളിലും നബിതിരുമേനി(സ)യുടെ കൂടെ പങ്കെടുത്തു. അദ്ദേഹത്തിന്റെ മകൻ അബ്ദുല്ലാഹ് നിവേദനം ചെയ്യുന്നു; കഴുതയിറച്ചി കഴിക്കുന്നതു നബി(സ)തിരുമേനി വിലക്കിയ സമയത്ത് കലങ്ങളിൽ മാംസം പാകം ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ഞങ്ങൾ ആ പാത്രങ്ങളെല്ലാം കമിഴ്ത്തിക്കളഞ്ഞു.

ഹദ്‌റത്ത് സഅ്‌ലബാ ബിൻ ഹാത്വിബ് അൻസ്വാരി മറ്റൊരു സ്വഹാബിയായിരുന്നു. ബദറിലും ഉഹദിലും മറ്റു പല യുദ്ധങ്ങളിലും പങ്കെടുത്തു. അദ്ദേഹത്തെക്കുറിച്ചുള്ള നിവേദനത്തിൽ വരുന്നു; നബി(സ)തിരുമേനിയോട് അദ്ദേഹം പറയുകയുണ്ടായി അല്ലാഹുവിന്റെ റസൂലേ, എനിക്കു സമ്പത്ത് ലഭിക്കുന്നതിനായി അങ്ങ് അല്ലാഹുവിനോടു ദുആചെയ്താലും. നബി(സ) അതു നിഷേധിച്ചു. അങ്ങനെ മൂന്നുതവണ അദ്ദേഹം ഇതേ കാര്യംതന്നെ നബി(സ)യോട് ആവശ്യപ്പെട്ടു. അപ്പോൾ നബി(സ) ദുആ ചെയ്തു. ആ ദുആയുടെ അനുഗ്രഹത്താൽ അദ്ദേഹത്തിന്റെ സമ്പത്ത് എത്രമാത്രം വർധിച്ചുവെന്നാൽ താഴ്‌വര മുഴുവനും ആടുകളെക്കൊണ്ടു നിറഞ്ഞു. അദ്ദേഹത്തിന്റെ അസ്വർ, ജുമുആ നമസ്കാരങ്ങളിൽ വീഴ്ചയുണ്ടായി. ഒരിക്കൽ നബി(സ)തിരുമേനി കുറച്ചാളുകളെ അദ്ദേഹത്തിന്റെ അടുത്തേക്ക് സക്കാത്ത് വാങ്ങുന്നതിനായി അയച്ചു. അപ്പോൾ അദ്ദേഹം ഒഴിവുകഴിവു പറയുകയാണുണ്ടായത്. പിന്നീട് സക്കാത്ത് നൽകാത്ത ആളുകളെ സംബന്ധിച്ചുള്ള ഖുർആൻവചനങ്ങളിറങ്ങുകയുണ്ടായി.

ഈ സംഭവത്തെക്കുറിച്ച് എന്റെ ഹൃദയത്തിൽ ഒരു ചിന്തയുണ്ടായി, അതായത് ഇത് അല്ലാഹു പൊറുത്തുകൊടുത്തിരിക്കുന്നു എന്ന് പറഞ്ഞിട്ടുള്ള ഒരു ബദരീ സ്വഹാബി ആകാൻ സാധ്യതയില്ല. ആയതിനാൽ അല്ലാമാ ഇബ്നുഹജർ അസ്ഖലാനി(റഹ്) അന്വേഷണത്തിലൂടെ തെളിയിച്ചിരിക്കുന്നത്, പരസ്പരം പേരുകൾ സാമ്യമുള്ള രണ്ടു വ്യത്യസ്ത വ്യക്തികളാണിതെന്നാണ്. ഈ സംഭവം സഅ്‌ലബ്ബിനു അബീ ഹാത്വിബിന്റേതാണ്. അല്ലാഹു അല്ലാമാ ഇബ്നു അസ്ഖലാനിക്ക് പ്രതിഫലം നൽകട്ടെ. അദ്ദേഹം വലിയ ഒരു പ്രശ്നത്തിന് വ്യക്തത യുണ്ടാക്കിയിരിക്കുകയാണ്. ബദരീ സ്വഹാബാക്കളുടെമേലുള്ള ആരോപണങ്ങളിൽനിന്ന് മോചനം ലഭിക്കുകയുണ്ടായി.

മറ്റൊരു സ്വഹാബിയാണ് ഹദ്‌റത്ത് സഅദുബ്നു ഉസ്മാനുബ്

നു ഖൽദ അൻസ്വാരി. ബദർ യുദ്ധത്തിൽ പങ്കെടുത്തു. അദ്ദേഹം ഉഹദ് യുദ്ധത്തിൽ കാലിടറിപ്പോയ വ്യക്തികളിൽ ഉൾപ്പെടുന്നു. അല്ലാഹു പിന്നീട് അവർക്കെല്ലാം പൊറുത്തു കൊടുത്തുകൊണ്ടുള്ള വചനങ്ങൾ വിശുദ്ധഖുർആനിൽ അവതരിപ്പിക്കുകയുണ്ടായി. വഫാത്തിന്റെ സമയത്ത് അദ്ദേഹത്തിന് 80 വയസ്സായിരുന്നു.

മറ്റൊരു സ്വഹാബിയാണ് ഹദ്റത്ത് ആമിർബിൻ ഉമയ്യ. അദ്ദേഹം ബദറിൽ പങ്കെടുത്തിരുന്നു, ഉഹദിൽ ശഹീദായി. ഹദ്റത്ത് ഹിശാം ബിൻ ആമിർ നിവേദനം ചെയ്യുന്നു; നബി(സ)തിരുമേനിയോട് ഉഹദിലെ ശുഹദാക്കളെ മറവു ചെയ്യുന്നതുമായി ബന്ധപ്പെട്ട് ചോദിക്കപ്പെട്ടപ്പോൾ അവിടന്ന് പറഞ്ഞു; വിശാലമായ ഖബർ കുഴിക്കുക, ഈരണ്ടോ മുമ്മൂന്നോ പേരെ ഒരു ഖബറിൽ മറയടക്കുക. ഖുർആൻ കൂടുതൽ അറിയാമായിരുന്നവരെ ആദ്യം ഇറക്കുക. ഹദ്റത്ത് ആമിറിബ്നു ഉമയ്യയെ രണ്ടു ആളുകൾക്കു മുൻപെ ഖബറിൽ ഇറക്കുകയുണ്ടായി

ഹദ്റത്ത് അംറുബ്നു അബീസറഹ് ഒരു സ്വഹാബിയായിരുന്നു. ഹിജ്റ 30 ന് ഹദ്റത്ത് ഉസ്മാൻ(റ)ന്റെ കാലത്ത് മദീനയിൽ വച്ച് അദ്ദേഹം വഫാത്തായി. ബദർ, ഉഹദ്, ഖന്ദഖ് യുദ്ധങ്ങളിലും മറ്റും നബി(സ)തിരുമേനിയോടോപ്പം പങ്കെടുത്തു.

ഹദ്റത്ത് അസ്മഅ് ബിൻ ഹുസൈൻ മറ്റൊരു സ്വഹാബിയായിരുന്നു. ബദറിൽ പങ്കെടുത്തിരുന്നു.

മറ്റൊരു സ്വഹാബിയാണ് ഹദ്റത്ത് ഖലീഫാ ബിൻ അദ്ദീ. ബദർ, ഉഹദ് യുദ്ധങ്ങളിൽ പങ്കെടുത്തിരുന്നു. ബദർ യുദ്ധത്തിനു മുൻപായി ഇസ്‌ലാം സ്വീകരിച്ചു. ഉഹദു യുദ്ധത്തിനുശേഷം അദ്ദേഹത്തിന്റെ പേര് അജ്ഞതയിൽ ആയിപ്പോയി. ഹദ്റത്ത് അലിയുടെ കാലത്തുണ്ടായ എല്ലാ യുദ്ധങ്ങളിലും അദ്ദേഹത്തോടൊപ്പം പങ്കെടുത്തു.

മറ്റൊരു സ്വഹാബിയായിരുന്നു ഹദ്റത്ത് മആദ് ബിൻ മിഅ്സാൻ. ബീഅ്റെ മഊനാ സംഭവത്തിൽ അദ്ദേഹം ശഹീദായി. ഉഹദ്, ബദർ യുദ്ധങ്ങളിൽ പങ്കെടുത്തിരുന്നു. ബദർ യുദ്ധത്തിൽ അദ്ദേഹത്തോടൊപ്പം അദ്ദേഹത്തിന്റെ സഹോദരൻ മുഇസും പങ്കെടുത്തിരുന്നു.

ഹദ്റത്ത് സഅദുബിൻ സൈദ് അൽഅശ്അരി ഒരു സ്വഹാബിയായിരുന്നു. ബദർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. ചിലരുടെ അഭിപ്രായത്തിൽ ബൈഅത്തെ അഖ്ബയിലും പങ്കെടുത്തിട്ടുണ്ട്. ബദർ, ഉഹദ്, ഖന്ദഖ് ഉൾപ്പെടെയുള്ള എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. നിവേദനങ്ങളിൽ വരുന്നു; ഹദ്റത്ത് സഅദിബ്നു സൈദ്, നബി(സ)തിരുമേനിക്ക് ഒരു നജ്റാനി വാൾ ഉപഹാരമായി നൽകിയിരുന്നു. തിരുമേനി അത് ഹദ്റത്ത് മുഹമ്മദുബ്നു മുസ്‌ലിമയ്ക്കു ദാനമായി നൽകിക്കൊണ്ട് പറഞ്ഞു; ഇതുകൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദു ചെയ്യുക. ജനങ്ങൾ പരസ്പരം ഭിന്നിക്കാൻ തുടങ്ങിയാൽ ഇതിനെ ഒരു കല്ലിൽ തല്ലിത്തകർത്തുകളയുക.എന്നിട്ട് വീടിനകത്ത് കയറിയിരിക്കുക അതായത് ഒരുവിധത്തിലുള്ള കുഴപ്പത്തിലും കലഹത്തിലും പങ്കുചേരരുത്.

പരസ്പരം കഴുത്തറുത്തുകൊണ്ടിരിക്കുന്ന ഇന്നത്തെ മുസ്‌ലിംകളെയും അല്ലാഹു ഇതനുസരിച്ചു പ്രവർത്തിക്കുന്നവരാക്കട്ടെ. ലോകത്ത് സമാധാനം നിലനിൽക്കാൻ വേണ്ടി. അല്ലാഹു ഈ സ്വഹാബികളുടെ പദവികൾ ഉയർത്തുമാറാകട്ടെ. നമുക്കും നൻമകൾ ചെയ്യുവാനും ത്യാഗങ്ങൾ സമർപ്പിക്കുവാനും അതുപോലെ ആത്മാർഥതയോടും കൂറോടും കൂടി ജീവിതം മുന്നോട്ടു കൊണ്ടു പോകുവാനുമുള്ള സൗഭാഗ്യം തന്നരുളുമാറാകട്ടെ.

# വിധിക്കരുത്

**– ഹദ്റത്ത് യേശു മിശിഹാ**

വിധിക്കപ്പെടാതിരിക്കാൻ നിങ്ങൾ വിധിക്കരുത്. നിങ്ങൾ നൽകുന്ന വിധികൊണ്ട് തന്നെ നിങ്ങളേയും വിധിക്കും. നിങ്ങൾ അളന്ന് കൊടുക്കുന്ന അതെ അളവിൽ തന്നെ നിങ്ങൾക്കും അളന്ന് കിട്ടും. സഹോദരന്റെ കണ്ണിലെ കരടു കാണുകയും സ്വന്തം കണ്ണിലെ കോൽ കാണാതിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ട്.? സ്വന്തം കണ്ണിൽ കോലിരിക്കുകയും നീ സഹോദരനോട് നിന്റെ കണ്ണിലെ കരട് ഞാൻ എടുത്തു തരാം എന്ന് എങ്ങനെ പറയും? ഹേ കപട നാട്യക്കാരാ, നീ ആദ്യം സ്വന്തം കണ്ണിലെ കോൽ എടുത്തുമാറ്റുക. അപ്പോൾ നിനക്ക് സഹോദരന്റെ കണ്ണിലെ കരട് എടുത്തുകളയാൻ തക്കവിധം വ്യക്തമായ കാഴ്ച്ച ലഭിക്കും. (ബൈബിൾ, മത്തായി. 7:1-6)

# ആർക്ക് വേണ്ടിയാണ് ഈ കാത്തിരിപ്പ്?

യേശു ആകാശത്തേക്ക് അവരോഹണം ചെയ്തുവെന്നും യുഗാന്ത്യ സംഭവങ്ങളോടനുബന്ധിച്ച് അദ്ദേഹം ആകാശത്ത് നിന്ന് അവരോഹിതനാകുമെന്നും ക്രിസ്ത്യാനികളും മുസ്‌ലിംകളും വിശ്വസിക്കുന്നു. യേശു ദൈവത്തിന്റെ ഭാഗമാണെന്നോ ദൈവമാണെന്നോ കരുതുന്ന മിഥ്യാ വിശ്വാസത്തിന്റെ ഭാഗമായ ഈ ക്രൈസ്തവ വിശ്വാസം മുസ്‌ലിംകളിലേക്ക് പിൽക്കാലത്ത് പകർന്നതാണ്. ദൈവത്തിന്റെ ഏകത്വത്തിനും ദൈവികമായ ഗുണങ്ങൾക്കും വിരുദ്ധമായ ഈ വിശ്വാസം വിശുദ്ധ ഖുർആനും സുന്നത്തിനും നബി വചനങ്ങൾക്കും എതിരാണ്. ഹദ്റത്ത് യേശു (അ) ബനീ ഇസ്റയേൽ സമൂഹത്തിൽ തന്റെ ദൗത്യം പൂർത്തിയാക്കി നൂറ്റിഇരുപതാം വയസ്സിൽ കശ്മീരിൽ ദിവംഗതനായി. അദ്ദേഹത്തിന്റെ കബർ ഇന്നും അവിടെ കാണാം. പ്രമാണങ്ങളും ചരിത്രവസ്തുതകളും ശാസ്ത്രവും ഉപയോഗിച്ച് ക്രിസ്തുവിജ്ഞാനീയത്തിലെ പ്രമുഖ വിഷയങ്ങളെ പറ്റി അഹ്മദിയ്യാ ഖലീഫ എഴുതിയ Christianity A Journey From Facts To Fiction (ക്രിസ്തുമതം : യാഥാർഥ്യത്തിൽ നിന്ന് കെട്ടുകഥയിലേക്ക്) എന്ന അതുല്യവും സമുജ്ജ്വലവുമായ ഗ്രന്ഥത്തിൽ നിന്നെടുത്ത ലേഖനം.

**ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)**

പോളിയൻ ക്രിസ്തുമതമോ അതല്ല യേശുവിന്റെ ശിഷ്യനും ആദിമ ക്രിസ്ത്യാനികളുടെ നേതാവുമായിരുന്ന സാത്വികനായ യാക്കോബിന്റെ ക്രിസ്തുമതമോ ഏതാണ് തിരഞ്ഞെടുക്കേണ്ടത് എന്നത് തീർച്ചയായും ഒരാളുടെ വ്യക്തി പരമായ സ്വാതന്ത്ര്യത്തിൽ പെട്ടതാണ്. എന്നാൽ ക്രിസ്തു മതത്തിന്റെ മുഖ്യധാര ഏക ദൈവവിശ്വസത്തിൽ വളരെയേറെ വികസിച്ച് മുന്നോട്ട് പോയിട്ടുണ്ട്. എന്ന വസ്തുത നമുക്ക് ഇവിടെ സ്ഥാപിക്കേണ്ടതുണ്ട്. പിൽക്കാലത്ത് ക്രിസ്തു മതത്തിൽ കൂട്ടിച്ചേർക്കപ്പെട്ട യേശുവിന്റെ ദൈവപുത്ര സങ്കൽപ്പം ത്രിത്വം, പാരമ്പര്യ പാപസിദ്ധാന്തം, പാപവിമോചനം, യേശുവിന്റെ ശാരീരികമായ ഉയിർത്തെഴുന്നേൽപ്പ് മുതലായ അർഥശൂന്യമായ കഥകളിൽ നിന്നും സങ്കീർണ്ണമായ ക്രിസ്തു മതസിദ്ധാന്തങ്ങളിൽ നിന്നുമെല്ലാം അവർ വിദൂരസ്ഥരായി ഒഴിഞ്ഞു മാറി. ക്രിസ്തു സഭയുടെ ആദ്യ കാല നേതാക്കന്മാരിലൊരാളായ സാത്വികനായ യാക്കോബിന്റെ വീക്ഷണങ്ങൾ അക്കൂട്ടത്തിൽ ഏറ്റവും പ്രമുഖമാണ്. അത് ലളിതവും സത്യസന്ധവും അഭ്യന്തര വൈരുദ്ധ്യങ്ങളില്ലാത്തതും മിഥ്യയുടെ പുകമറക്കുള്ളിലെ വിരുദ്ധോക്തികളിൽ നിന്ന് മുക്തവുമായിരുന്നു. ക്രിസ്തുമതത്തിലെ ഏകദൈവ വാദത്തിന്റെ (Uniterian) ചരിത്രം പഠിക്കുമ്പോൾ ത്രിത്വത്തിന്റെ മുദ്രാവാക്യത്തിൽ സങ്കീർണമാവാത്ത യേശുവിന്റെ സംശുദ്ധമായ യഥാർഥ സഭയുടെ ഏറ്റവും ആധികാരിക സിദ്ധാന്തം ഏകദൈവ തത്വമാണെന്ന് യാതൊരു സംശയത്തിന്നും ഇടയില്ലാത്ത വിധം സ്ഥാപിക്കപെടുന്നതാണ്.

ഈ ലഘു പ്രബന്ധം ക്രിസ്തു പ്രബോധിക്കാത്ത മറ്റെന്തെങ്കിലും വിശ്വാസത്തിലേക്ക് ക്രിസ്ത്യാനികളെ പരിവർത്തിപ്പിക്കാനുള്ള ശ്രമമല്ല. എന്ന് ദയവ് ചെയ്ത് മനസ്സിലാക്കുക.. ക്രിസ്തു തന്നെ പ്രബോധനം ചെയ്ത പരിപാവനവും സ്വച്ഛവുമായ വിശ്വാസത്തിലേക്കും കർമത്തിലേക്കും മടങ്ങിവരാൻ ക്രിസ്ത്യാനി

കളോടുള്ള സത്യസന്ധവും എളിയതുമായ ഒരു നിവേദനം മാത്രമാണിത്. കെട്ടുകഥകളിൽ നിന്നും ക്രിസ്തുമതത്തിന്റെ യാഥാർഥ്യങ്ങളിലേക്ക് മടങ്ങി വരാനുള്ള ആത്മാർഥമായ ഒരു ശ്രമം മാത്രം. യാഥാർഥ്യങ്ങളാകട്ടെ കെട്ടുകഥയേക്കൾ അതീവമനോ ഹരവും സത്യസന്ധവുമാണ്. അത് ഹൃദയത്തേയും മസ്തിഷ്ക്കത്തേ യും ഒരു പോലെ തൃപ്തിപ്പെടുത്തു ന്നു.

യുക്തി ബോധത്തെയും ശാസ്ത്രീയ പുരോഗതിയിൽ നിന്നും ഉത്ഭൂതമാകുന്ന പ്രബുദ്ധതയേയും വെല്ലുവിളിച്ചുകൊണ്ട് കഴിഞ്ഞ രണ്ടായിരം വർഷമായി ക്രിസ്തു മതത്തെ നിലനിർത്താൻ സഹായിച്ച ത് യേശുവിന്റെ യാഥാർഥ്യത്തിന് ചുറ്റും നെയ്തെടുത്ത ഇതിഹാസ ങ്ങളോ ത്രിത്വത്തിന്റെ മിഥ്യാ സങ്കൽപ്പങ്ങളോ ആയിരുന്നില്ല. യേശുവിന്റെ ആളത്വത്തിന്റെ സൗന്ദര്യവും അദ്ധ്യാപനങ്ങളുടെ ചാരുതയുമാണ് ക്രിസ്തുമതത്തി ന്റെ സത്യത്തേയും സാരത്തേയും നിലനിർത്തുന്നത്. ആളുകളെ ക്രിസ്തുമതത്തിൽ ചേർത്തു നിർത്തിയത് യേശുവിന്റെ ദൈവിക വ്യക്തിത്വമായിരുന്നില്ല. മറിച്ച് ഹൃദയഹാരിയായ അദ്ദേഹത്തിന്റെ പാവനമായ സ്വഭാവശീലങ്ങളാണ്. തന്റെ വിശ്വാസാദർശങ്ങൾ മാറ്റാൻ വേണ്ടി അതിഭയാനകമായ സകല പീഡനങ്ങൾ നടത്തപ്പെട്ടിട്ടും അതിനെയെല്ലാം തൃണവൽഗണിച്ച് ഉദാത്ത മൂല്യങ്ങൾക്ക് വേണ്ടിയുള്ള യേശുവിന്റെ ഉജ്ജ്വലങ്ങളായ ത്യാഗവും സഹനവും സ്ഥൈര്യവു മായിരുന്നു യഥാർഥത്തിൽ ക്രിസ്തുമതത്തിന്റെ നട്ടെല്ലായി വർത്തിച്ചത്. ഇന്നും അത് വശ്യ മനോഹരവും സ്നേഹാർദ്രവു മാണ്. എക്കാലത്തും അത് അങ്ങനെയായിരുന്നു. അത് ക്രിസ്ത്യാനികളുടെ മനസ്സിനേയും ഹൃദയത്തേയും വമ്പിച്ചതോതിൽ സ്വാധീനിച്ചു. ആയതിനാൽ അവർ വഴിപിരിഞ്ഞു പോവാതെ ക്രിസ്തു മതത്തിന്റെ യുക്തി ഭംഗങ്ങൾക്ക് നേരെ കണ്ണടച്ചു കൊണ്ട് ക്രിസ്തു മതവുമായി കൂടിച്ചേർന്നു നിന്നു.

കേവലം ദുർബലനായ ഒരു മനുഷ്യൻ മാത്രമായിരുന്നു യേശു. അതിൽ കവിഞ്ഞ് അദ്ദേഹം ഒന്നുമല്ലായിരുന്നു. തന്നെ പരായജ യപ്പെടുത്തുവാൻ ഗൂഢാലോചന നടത്തിയ ഇരുട്ടിന്റെ ശക്തികളെ യേശു അതിജയിക്കുകയും പരാജയപ്പെടുത്തുകയും ചെയ്തു എന്നതിലാണ് യേശുവിന്റെ മഹത്വം കുടികൊള്ളുന്നത്. യേശുവിന്റെ വിജയം ആദം സന്തതികൾക്കാ കമാനം അഭിമാനപൂർവം പങ്കിടാ വുന്ന ഒന്നാണ്. അതിഘോരമായ അഗ്നി പരീക്ഷകൾക്കും തീവ്രവേദ നകൾക്കും മുമ്പിൽ അചഞ്ചല ചിത്തനായി സഹനപൂർവം നിന്ന് കൊണ്ട് മനുഷ്യത്വം പഠിപ്പിച്ച യേശു ആദമിന്റെ മഹാന്മാരായ സന്താനങ്ങളിൽ ഒരാളായിരുന്നു എന്ന വസ്തുത മുസ്‌ലിം വീക്ഷണ കോണിലൂടെ നാം കണ്ടുകഴിഞ്ഞു. അങ്ങേയറ്റം പരീക്ഷണങ്ങളുടെ തീക്ഷ്ണമായ ദ്രംഷ്ടങ്ങൾക്കിടയി ലും അദ്ദേഹം കീഴടങ്ങാതെ സ്ഥൈര്യപൂർവം നിലകൊണ്ടു. അതായിരുന്നു യേശുവിന്റെ പാവനമായ നേട്ടം. യേശു സഹിച്ച യാതനകളും വേദനകളുമാണ് മനുഷ്യത്വത്തെ വീണ്ടെടുക്കാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയത്. അതു പോലെ മരണത്തിൽ നിന്ന് രക്ഷപ്പെടാൻ അദ്ദേഹത്തിന് കഴിഞ്ഞതും അതുകൊണ്ടാണ്. അദ്ദേഹം സ്വേച്ഛരായാൽ മരണം തിരഞ്ഞെടുത്തുവെങ്കിൽ അദ്ദേഹത്തിന്റെ യാതനാപൂർണ മായ അവസ്ഥയിൽ നിന്നുള്ള ഒളിച്ചോട്ടത്തിന് സമാനമായി അത് തീരുമായിരുന്നു. എങ്ങനെയാണ് അതിനെ ഒരാൾക്ക് ഒരു ധീര കൃത്യമായി കണക്കാക്കുവാൻ സാധിക്കുക? സാഹചര്യങ്ങളുടെ സമ്മർദത്താൽപോലും ഒരാൾ ആത്മഹത്യ ചെയ്യുകയാണെങ്കിൽ അതൊരു ഭീരുവിന്റെ കൃത്യമായി മാത്രമേ കണക്കാക്കാനാവു. പരീക്ഷണങ്ങൾക്ക് മുമ്പിൽ മരണത്തിലൂടെ രക്ഷപ്പെടുക എന്നതിനേക്കാൾ യാതനകൾ അഭിമുഖീകരിച്ചുകൊണ്ട് ജീവിക്ക ലാണ് ഏറ്റവും ഉത്തമമായിട്ടുള്ളത്. മനുഷ്യവംശത്തിന് വേണ്ടി മരണം സ്വയം സ്വീകരിച്ച യേശുവിന്റെ പരമോന്നത ത്യാഗം എന്നത് വെറും പൊള്ളയായ ഒരു വൈകാരികത മാത്രമാണ്. അന്തസ്സാര ശൂന്യമാണ് ആ സങ്കൽപ്പം

യേശുവിന്റെ മഹത്വം അദ്ദേ ഹത്തിന്റെ ജീവിതകാലത്തുള്ള പരമമായ ത്യാഗത്തിലാണ് നിലകൊള്ളുന്നത് എന്ന കാര്യം നാം വീണ്ടും ഊന്നി പറയുന്നു. സുഖത്തിനും എളുപ്പത്തിനും പകരമായി ജീവിതത്തിലുടനീളം കടുത്ത യാതനകൾ ഏറ്റുവാങ്ങി അദ്ദേഹം പ്രലോഭനങ്ങളെ അതിജീ വിച്ചു. ദിനേന അദ്ദേഹം മരണവു മായി ഏറ്റുമുട്ടി. പക്ഷേ അദ്ദേഹം മരണത്തിന് മുമ്പിൽ നിന്നു കൊടുത്തില്ല. പാപികളെ പരിശുദ്ധ ജീവിതത്തിലേക്ക് ആനയിക്കാൻ വേണ്ടി അദ്ദേഹം ജീവിച്ചു. മരണത്തിന് മുമ്പിൽ സ്വയം അടിയറവ് പറഞ്ഞ് കൊണ്ടല്ല അദ്ദേഹം മരണത്തെ കീഴടക്കിയത്. മറിച്ച് മരണത്തിന്റെ മുമ്പിൽ തലകുനിക്കാൻ വിസമ്മതിച്ച് കൊണ്ടാണ് അദ്ദേഹം മരണത്തെ കീഴടക്കിയത്. ഒരു സാധാരണ മനുഷ്യൻ തകർന്നു പോകു മായിരുന്ന മരണത്തിന്റെ കരാള വക്ത്രത്തിൽ നിന്നും അദ്ദേഹം ജീവിതത്തിലേക്ക് വന്നു. മരണത്തെ അദ്ദേഹം വ്യക്തമായും തോൽപ്പി ച്ചു. അങ്ങനെ യേശു തന്റെ സത്യം സ്ഥാപിച്ചു. സന്ദേഹത്തിന്റെ ഒരു നിഴൽപോലുമില്ലാത്ത വിധത്തിൽ അദ്ദേഹത്തിന്റെ വചനങ്ങളും സത്യമാണെന്ന് തെളിയിച്ചു. ഇങ്ങനെയാണ് നാം യേശുവിനെ കാണുന്നത്. അതുകൊണ്ടാണ് നാം യേശുവിനെ സ്നേഹിക്കുന്നത്. അദ്ദേഹത്തിന്റെ വചനം ദൈവത്തി ന്റെ വചനമായിരുന്നു. ആ വചന ങ്ങൾ അദ്ദേഹത്തിന്റെ ദേഹേച്ഛ

യുടെ വചനമായിരുന്നില്ല. ദൈവം അദ്ദേഹത്തോട് പറയാൻ കൽപ്പിച്ചതെന്തോ അത് മാത്രമാണ് അദ്ദേഹം പറഞ്ഞത്. അതിൽ കൂടിയോ കുറച്ചോ അദ്ദേഹം പഞ്ഞില്ല. ജീവിതത്തിലുടനീളം അദ്ദേഹം ദൈവത്തെ ആരാധിച്ചു. ഒരു മനുഷ്യനോടും തനിക്ക് മുമ്പിലോ തന്റെ മാതാവിന് മുമ്പിലോ പരിശുദ്ധാത്മാവിന്റെ മുന്നിലോ തലകു നിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടിട്ടില്ല. ഇതാണ് യേശുവിനെ പറ്റിയുള്ള യാഥാർഥ്യം. ഈ യഥാർഥ്യത്തി ലേക്ക് എല്ലാ വിഭാഗത്തിലും പെട്ട കിസ്ത്യാനികളെ ഞങ്ങൾ ക്ഷണി ക്കുന്നു.

........ക്രിസ്തീയ ലോകത്തോ ട് അത്യന്തം ഹൃദയ സ്പൃക്കായി ഞങ്ങൾക്ക് അഭ്യർഥിക്കാനുള്ളത് നിങ്ങളുടെ വിശ്വാസം ഞങ്ങൾ തീർത്ത ദന്തഗോപുരങ്ങളിൽ നിന്ന് ജീവിതത്തിന്റെ തിക്ത യാഥാർഥ്യ ങ്ങളിലേക്ക് ഇറങ്ങി വരണമെന്നാണ്.

യേശുക്രിസ്തു അദ്ദേഹത്തി ന്റെ കാലഘട്ടത്തിലെ പരിപൂർണ മനുഷ്യനാണ്. മനുഷ്യനിൽ കവി ഞ്ഞ് അദ്ദേഹം ആരുമല്ല. മസീഹ് എന്ന അഭിധാനമുള്ള ദൈവത്തിന്റെ വിശിഷ്ടനായ ഒരു പ്രവാചകൻ എന്ന സ്ഥാനത്ത് അദ്ദേഹം എത്തിച്ചേർന്നു. മോസസ്സിന്റെ കാലം മുതൽ അദ്ദേഹത്തിന്റെ ആഗമനംവരെയുള്ള പ്രവാചക പരമ്പരകളിൽ ഈ സ്ഥാനം അദ്ദേഹത്തെ അതുല്യനാക്കി.

എല്ലാ പ്രവാചകന്മാരും തീർച്ചയായും പ്രയാസകരമായ ദൗത്യമാണ് നിർവഹിച്ചത്. തിന്മയിൽ മുഴുകിയ ജനസമൂഹങ്ങൾക്കിട യിൽ അവർ പരിഷ്ക്കരണങ്ങൾ കൊണ്ടുവന്നു. യേശുവിന്റെ കാര്യ ത്തിൽ ഈ ദൗത്യം പ്രയാസകര മായിരുന്നു. കാരണം അദ്ദേഹം സമൂഹത്തിന്റെ പൊതുവായ തിന്മകൾക്കെതിരായി മാത്രമല്ല പോരാടിയത്. അദ്ദേഹത്തിന് യഹൂദന്മാരുടെ പെരു മാറ്റത്തിൽ വിസ്മയകരവും വിപ്ലവകരവുമായ ഒരു പരിവർത്തനം കൊണ്ടുവരേണ്ട തുണ്ടായിരുന്നു.

എല്ലാ മതാനുയായികളും കാലഘട്ടങ്ങൾ കഴിയുമ്പോൾ സത്യപാതയിൽ നിന്ന് ക്രമേണ വ്യതിചലിക്കുകയും തിന്മയുടെ ഊഷരഭൂമിയിൽ അലയുകയും ചെയ്യുന്നു. ഇത് തന്നെയാണ് ജൂതസമൂഹത്തിലും സംഭവിച്ചത്. യേശുവിന്റെ ആഗമന കാലത്ത് അവർ യഥാർഥത്തിൽ ആത്മീയ മായി മൃതിയടഞ്ഞിരുന്നു. ദിവ്യ ജീവിതത്തിന്റെ ജീവജലം വറ്റി വരണ്ടു. കല്ലിന് സമാനമായ ഹൃദയം ബാക്കിയായി. അവരെ ജീവനുള്ളവരാക്കി മാറ്റിടുവാനും അവരുടെ ഹൃദയങ്ങളെ സ്പന്ദിപ്പി ക്കാനും മനുഷ്യകാരുണ്യത്തിന്റെ നീരുറവ നിർഗമിപ്പിക്കാനുമുള്ള ദിവ്യദൗത്യം യേശു ക്രിസ്തുവിൽ അർപ്പിതമായി. ഇതായിരുന്നു യേശു ക്രിസ്തു ചെയ്ത അത്ഭു തകൃത്യം, അതിലായിരുന്നു അദ്ദേഹത്തിന്റെ മഹത്വം.

ഇപ്പോൾ മുസ്ലിം ലോകവും ക്രൈസ്തവ ലോകവും ഒരുപോലെ ക്രിസ്തുവിന്റെ വരവും പ്രതീക്ഷി ച്ചിരിക്കുകയാണ്. വരാനിരിക്കുന്ന യേശുവിന് സ്വഭാവത്തിലും ദൗത്യനിർവഹണത്തിലും മാത്രമാ ണ് സാമ്യതയുള്ളതെന്ന കാര്യം അവർ തീർച്ചയായും മറക്കരുത്. ഏത് വിധത്തിലായാലും ഇസ്ലാം മത സ്ഥാപകനായ മുഹമ്മദ് നബി(സ) യുടെ പ്രവചനങ്ങളുടെ അടിസ്ഥാനത്തിൽ ഈ രണ്ടാം വരവിൽ അവസാനകാലത്തെ മുസ്‌ലിംകളുടെ ഹൃദയമായിരുന്നു അദ്ദേഹത്തിന് മാറ്റിയെടുക്കേണ്ടത്. അദ്ദേഹത്തിന്റെ രണ്ടാം വരവിനെ പറ്റിയുള്ള പാഠങ്ങളെ തിരുനബി (സ)യുടെ മറ്റു പ്രവചനങ്ങൾ പൂർണമായും പിന്തുണക്കുന്നു. മുസ്‌ലിംകളുടെ അവസാനകാല ത്തുള്ള അവസ്ഥ യഹൂദരുടെ ജീർണനകാലത്തുള്ള അവസ്ഥക്ക് തുല്യമായിരിക്കുമെന്ന് തിരുനബി (സ) ദീർഘദർശനം ചെയ്തിട്ടുണ്ട്. എങ്ങനെയെന്നാൽ ഒരു ജോഡി പാദുകങ്ങൾ പരസ്പരം തുല്യ മായിരിക്കുന്നത് പോലെ അവർ തമ്മിൽ സാമ്യമുണ്ടായിരിക്കുമെന്നാ ണ് പ്രവചനം.

രോഗം തുല്യമായതിനാൽ ചികിത്സയും അത്പോലെ തുല്യമായിരിക്കണം. മസീഹ് അതേ എളിമയിൽ ലോകത്ത് വീണ്ടും അവതരിക്കുകയുണ്ടായി. അതേ വ്യക്തിയായിക്കൊണ്ടല്ല. മറിച്ച് ചൈതന്യത്തിലും സ്വഭാവത്തിലും സദൃശ്യനായിക്കൊണ്ട് അത്തരം ആത്മീയ വിപ്ലവകാരികൾ അങ്ങേ യറ്റം എളിമത്വത്തിലും അവഗണിതാ വസ്ഥയിലും ജന്മം കൊള്ളുകയും താഴ്മയോട് കൂടിയ ജീവിതം നയിക്കുകയും ചെയ്യുന്നു. അദ്ധ്യാ ത്മികമായ അവരുടെ പുനരവതര ണം ആദ്യത്തേത് പോലെ അതേ അവസ്ഥയിലായിരിക്കും. അത്പോ ലെ അവരോട് അതേ നിഷ്ഠൂരത യോടും മുൻവിധിയോടും ഭ്രാന്ത മായ വിദ്വേഷത്തോടെയും പെരു മാറപ്പെടുകയും ചെയ്യുന്നു. വീണ്ടും വരുമെന്ന് വാഗ്ദാനം ചെയ്യപ്പെട്ടവർ എന്ന നിലക്ക് ഈ യഥാർഥ പ്രതിനി ധികളേയും ലോകം എളുപ്പത്തിൽ തിരിച്ചറിയുന്നില്ല.

ക്രിസ്തുവിന്റെ അവതരണ കാലത്ത് യഹൂദികളുടെ കരങ്ങളാ ൽ അദ്ദേഹത്തിന് എന്തെല്ലാം സഹിക്കേണ്ടിവന്നിരുന്നുവോ അതെല്ലാം രണ്ടാമത്തെ മസീഹിന്റെ വരവിലും ആവർത്തിക്കപ്പെട്ടു. പക്ഷേ ഇത്തവണ അദ്ദേഹത്തെ പ്രതീക്ഷിച്ചിരുന്ന മുസ്‌ലിംകളുടേ യും ക്രിസ്ത്യാനികളുടെയും കൈകൾ കൊണ്ടാണ് അദ്ദേഹം പീഡിപ്പിക്കപ്പെട്ടത്. ഇത്തവണ അയക്കപ്പെട്ടപ്പോൾ വികലവും അയഥാർഥവുമായ അതേ പ്രതീക്ഷ കളായിരുന്നു അദ്ദേഹം അയക്ക പ്പെട്ട ആ ജനതയും വെച്ചുപുലർ ത്തിയിരുന്നത്. അതേ സാങ്കൽപ്പിക ലക്ഷ്യങ്ങൾ അദ്ദേഹം നേടുമെന്നാ യിരുന്നു അവർ കരുതിയിരുന്നത്. അതേ രീതിയിലുള്ള ദൗത്യ നിർവഹണവും നേട്ടങ്ങളും ഭൂമി യിൽ കൈവരിക്കുമെന്നായിരുന്നു

രണ്ടാം വരവ് കാലത്ത് യഹൂദരെപ്പോലെ മുസ്‌ലിംകളും പ്രതീക്ഷ വെച്ചു പുലർത്തിയിരുന്നത്. ഈ രീതിയിൽ ചരിത്രം പുനരാവർത്തിക്കപ്പെടുകയായിരുന്നു.

ഈ ചരിത്രം അവലോകനം ചെയ്യുമ്പോൾ യഹുദർക്ക് അവരുടെ ആ മസീഹിനെ തിരിച്ചറിയുന്നതിൽ വന്ന പിഴവുകൾ എളുപ്പത്തിൽ ഗ്രഹിക്കാനും ആ ദുരന്തത്തിൽ നിന്നും പാഠങ്ങൾ ഉൾക്കൊള്ളാനും നമുക്ക് സാധിക്കുന്നു. വിശുദ്ധ പുസ്തകത്തിലെ പ്രതിപാദനങ്ങൾ അക്ഷരാർഥത്തിൽ പുലരണമെന്ന ശാഠ്യമാണ് അവരെ വഴിപിഴപ്പിച്ചത്. ഇതെല്ലാം നാം ചർച്ചചെയ്ത് കഴിഞ്ഞു. ഈ സുപ്രധാന കാര്യം ഊന്നിപ്പറയാൻ നാം വീണ്ടും അത് സൂചിപ്പിക്കുകയാണ്. ജനങ്ങൾ പ്രതീക്ഷിക്കുന്ന മതപുരുഷന്മാരുടെ കാലത്ത് എപ്പോഴും സംഭവിച്ചിട്ടുള്ളത് അതാണ്. അവരെ തിരിച്ചറിയേണ്ടുന്ന അടയാളങ്ങളെ തെറ്റായി പാരായണം ചെയ്യുകയും തെറ്റിദ്ധരിക്കുകയും ചെയ്യുന്നത്കൊണ്ടാണ് ഇത് സംഭവിക്കുന്നത്. യാഥാർഥ്യങ്ങളെ അത് മിഥ്യയാക്കി മാറ്റുന്നു. അലങ്കാരോക്തികൾ എല്ലാം അക്ഷരാർഥത്തിൽ എടുക്കുകയും ചെയ്യുന്നു.

മസീഹിന്റെ രണ്ടാം വരവ് ഹദ്റത്ത് മീർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)യിൽ പൂർത്തിയായപ്പോൾ ഏറെക്കുറെ യേശുവിന്റെ കാലത്ത് അരങ്ങേറിയ അതേ ചരിത്രം തന്നെയാണ് ആവർത്തിക്കപ്പെട്ടത്. യഹൂദികൾ കാത്തിരുന്ന ഏലിയാ പ്രവാചകൻ ആകാശത്ത് നിന്ന് ഇറങ്ങി വരുമെന്ന് ഇക്കൂട്ടരും കാത്തിരിക്കുന്നു.

യഹൂദരെ സംബന്ധിച്ചിടത്തോളം മസീഹ് പൂർണമഹത്വം കൊണ്ടുവരുമെന്ന് അവർ പ്രതീക്ഷിച്ചിരുന്നു. അന്നത്തെ അവരുടെ റോമൻ മേധാവികൾക്ക് മീതെ മസീഹ് അവരെ അധിപരാക്കുമെന്ന് അവർ കരുതി. ഈ പ്രതീക്ഷകളെല്ലാം നസ്റേത്തുകാരനായ യേശു തകർത്തെറിഞ്ഞു. ഒടുവിൽ അദ്ദേഹം പ്രത്യക്ഷനായപ്പോൾ നൂറ്റാണ്ടുകളായി യഹൂദ ജനത നെഞ്ചിലേറ്റി നടക്കുകയും പ്രതീക്ഷാപൂർവം അഹ്ലാദിക്കുകയും ചെയ്ത മസീഹിനെക്കുറിച്ചുള്ള സങ്കൽപ്പങ്ങൾ യാഥാർഥ്യവുമായി യാതൊരു ബന്ധവുമില്ലാത്തതായി കലാശിച്ചു.

യേശു ക്രിസ്തുവിന്റെ ആഗമനവും മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)യുടെ ആഗമനവുമായി ബന്ധപ്പെട്ട സംഗതികളിൽ അനിഷേധ്യമായ സാമ്യതയാണുള്ളത്. ഇരുവരുടേയും ശത്രുക്കളുടെ സമീപനവും ഒരുപോലെയായിരുന്നു. പേരു മാത്രമേ വ്യത്യസ്തമായിരുന്നുള്ളു. മുസ്‌ലിംകളുടേയും ക്രിസ്ത്യാനികളുടേയും മുഖ്യധാരാ സമൂഹം യേശുവിന്റെ കാലത്തെ യഹൂദികളുടേതിന് തുല്യമായിരുന്നു. അവരുടെ എതിർപ്പുകൾക്ക് സാമ്യതയുണ്ട്. അവരുടെ നിഷേധന്യായങ്ങൾക്ക് സാമ്യതയുണ്ട്. എങ്കിലും ഈ എളിയവനായ മനുഷ്യന് ദൈവം യേശുവിന് നൽകിയതിനേക്കാൾ മഹത്തായ ദൃഷ്ടാന്തങ്ങൾ നൽകി സഹായിക്കുകയും അദ്ദേഹത്തിന്റെ സന്ദേശം എല്ലാ ഭൂഖണ്ഡങ്ങളിലും ദ്രുതഗതിയിൽ വ്യാപിക്കുകയും എല്ലാ ദേശങ്ങളിലും പ്രചരിക്കുകയും ചെയ്തു. വസ്തുതകളെല്ലാം സ്വയം സംസാരിക്കുന്നതാണ്. പക്ഷേ ഇതെല്ലാം ചിന്തിക്കുന്നവർക്ക് മാത്രമേ ഗ്രഹിക്കാൻ സാധിക്കുകയുള്ളൂ. കാലം കഴിയു ന്തോറും ഈ വസ്തുതകൾ കൂടുതൽ കൂടുതൽ വ്യക്തമായി വരുന്നു. പക്ഷേ ബുദ്ധിപൂർവം നിരീക്ഷിക്കുന്നവർക്കേ കാര്യങ്ങൾ മനസ്സിലാകുകയുള്ളൂ. അതിലുപരിയായി സമകാലിക ലോകത്തെ മുസ്‌ലിംകളുടെയും ക്രിസ്ത്യാനികളുടേയും യഹൂദ സമാനമായ ഇത്തരം സമീപനത്തിന്റെ പരിപ്രേക്ഷ്യത്തിൽ അവർക്കുള്ള മസീഹീ സന്ദേശത്തിലും മാറ്റമില്ല. പക്ഷേ കണ്ണുകൾ അതിനുനേരെ അടച്ചിടാത്തവർക്ക് മാത്രമാണ് കാര്യങ്ങൾ ഗ്രഹിക്കുക. നമുക്ക് അവസാനിപ്പിക്കാം. നൂറ്റാണ്ടുകളായി മസീഹിന്റെ രണ്ടാം വരവ് കാത്തിരിക്കുന്ന ക്രിസ്ത്യാനികളും മുസ്‌ലിംകളുമായവരെ ഉണർത്തിക്കൊണ്ട് ദൈവനിയുക്തനായ മസീഹ് ഹദ്റത്ത് മീർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) പറഞ്ഞ പ്രവചനാത്മകമായ ഒരു പ്രഖ്യാപനം കേൾക്കുക.

***'വാഗ്ദത്ത മസീഹിന്റെ ഇറക്കം വെറും ഒരു വ്യാമോഹം മാത്രമാണ്. ആകാശത്ത് നിന്ന് ആരും തന്നെ ഇറങ്ങി വരില്ലെന്ന് നല്ലവണ്ണം ധരിച്ചുകൊൾക. ഇന്ന് ജീവിച്ചിരിക്കുന്ന എന്റെ എല്ലാ എതിരാളികളും മരിച്ചൊടുങ്ങും. എന്നാലും അവർക്ക് ആകാശത്ത് നിന്ന് മറിയമിന്റെ മകൻ യേശു (ഇബ്നു മറിയം) ഇറങ്ങി വരുന്നതായി കാണാൻ സാധിക്കുന്നതല്ല. അതിന് ശേഷം അവരുടെ സന്താനങ്ങളും മറിയമിന്റെ മകൻ ഈസാ ഇറങ്ങുന്നതായി കാണാതെ മരണമടയുകയും പിന്നെ ആ സന്തതികളുടെ സന്താനങ്ങളും ഈസാ നബിയെ കാണാതെ നിരാശരായി മരണമടയുന്നതുമാണ്. അപ്പോൾ അല്ലാഹു അവരുടെ ഹൃദയത്തിൽ ഭയവും പരി ഭ്രമവും ഇറക്കും. കാരണം അന്നു കുരിശിന്റെ മേധാവിത്വ കാലം കഴിഞ്ഞുപോകുകയും ലോകം ഒരു നവീന ഘട്ടത്തിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ടായിരിക്കും. എന്നാലും മറിയമിന്റെ പുത്രൻ ഈസാ അതുവരെയും ഇറങ്ങിവന്നിരിക്കുകയില്ല. തദവസരത്തിൽ ചിന്താശീലർ ഇത്തരം വിശ്വാസത്തെ പാടെ വെറുത്തു തുടങ്ങും. അങ്ങനെ ഇന്ന് മുതൽ മൂന്നു നൂറ്റാണ്ടു പൂർണമാവുന്നതിന് മുമ്പായി ഈസായെ കാത്തിരിക്കുന്നവർ മുസ്‌ലിംകളാകട്ടെ ക്രിസ്ത്യാനികളാകട്ടെ എല്ലാവരും അദ്ദേഹത്തിന്റെ വരവിനെക്കുറിച്ച് നിരാശപ്പെടുകയും മനം മടുത്ത് ഈ വിശ്വാസം പരിത്യജിക്കുകയും ചെയ്യും.' (തദ്കിറത്തുശ്ശഹാദത്തൈൻ )***

# ക്രിസ്തു: ഒരു വിദ്യാർഥിയുടെ ചോദ്യങ്ങൾക്ക് ഹദ്റത്ത് അഹ്മദ് (അ) ന്റെ മറുപടി

ഇസ്ലാം മതത്തിൽ നിന്ന് ക്രിസ്തുമതം സ്വീകരിച്ച മുൻഷി അബ്ദുൽ ഹഖ് എന്ന ബിരുദ പഠനത്തിലേർപ്പെട്ട ഒരു വിദ്യാർഥി 1901 ഡിസംബർ 22 ന് സംശയനിവാരണത്തിനായി വാഗ്ദത്ത മസീഹിനെ തേടി ഖാദിയാനിലെത്തി. ഹദ്റത്ത് മഹ്ദി മസീഹുമായി നടത്തിയ ഒന്നാമത്തെ കൂടിക്കാഴ്ച്ചയിൽ, താൻ ക്രിസ്തു മതം സ്വീകരിച്ച് മൂന്നു വർഷക്കാലമായെന്നും തന്റെ ചില ക്രിസ്തീയ സ്നേഹിതന്മാരോടുകൂടിയ സഹവാസവും സംഭാഷണങ്ങളും ഫിറോസ്പൂരിലെ പാതിരി ന്യൂട്ടനുമായുള്ള തന്റെ കൂടിക്കാഴ്ച്ചകളുമാണ് തന്നെ ഒരു ക്രിസ്ത്യാനിയാകാൻ പ്രേരിപ്പിച്ചതെന്നും പറയുകയുണ്ടായി. ആ വിദ്യാർഥിയുടെ ചോദ്യങ്ങൾക്ക് വാഗ്ദത്ത മസീഹ് (അ) നൽകിയ ഉത്തരമാണ് താഴെക്കൊടുത്തിരിക്കുന്നത്.

അബ്ദുൾ ഹഖ് സാഹിബിന്റെ ചോദ്യം ശ്രവിച്ചതിന് ശേഷം വാഗ്ദത്ത മസീഹ് ഇപ്രകാരം അരുൾ ചെയ്തു. 'താങ്കൾക്ക് ഇസ്ലാമിനെ സംബന്ധിച്ച് എന്ത് തന്നെ ആക്ഷേപങ്ങൾ ഉണ്ടെങ്കിലും അത് ഒന്നൊന്നായിട്ടെഴുതി എനിക്ക് തരിക. ഞാൻ ഇൻശാ അല്ലാഹ് ഒരോന്നിനും മറുപടി തരുന്നതാണ്. ഏതെങ്കിലും മറുപടിയിൽ നിങ്ങൾക്ക് തൃപ്തി തോന്നിയില്ലെങ്കിൽ തൃപ്തി തോന്നുന്നത് വരെ ആവർത്തിച്ച് ചോദിച്ചു കൊണ്ടിരിക്കാവുന്നതാണ്. താങ്കളുടെ ആക്ഷേപങ്ങൾക്ക് തൃപ്തികരമായ ഉത്തരം ലഭിച്ചതിന് ശേഷം ഞാൻ താങ്കൾക്ക് ഇസ്ലാമിന്റെ സവിശേഷ ഗുണങ്ങളും അതിന്റെ മാഹാത്മ്യവും വിവരിച്ചു തരുന്നതാണ്.'

ഇതിന് ശേഷം നടന്ന സംഭാഷണങ്ങളുടെ ചില ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

'ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ)ഇപ്രകാരം അരുൾ ചെയ്തു: മതകാര്യം വളരെ സുപ്രധാനമായതും സൂക്ഷ്മമായതും ആയ ഒന്നാണ്. അതിന് വളരെ അഗാധമായ പരിചിന്തനവും അതീവ ശ്രദ്ധയും ആവശ്യമാണ്. അതിനായി സമുദായത്തിലെ ഏകോപിച്ച അഭിപ്രായങ്ങളും സ്വായത്തമാക്കേണ്ടതുണ്ട്. പൊതുവായി സാദൃശ്യതയും തുല്യതയുംകാണപ്പെടാത്ത ഒരു കാര്യം വിശ്വസനീയമല്ല എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ഒരാൾ സുരക്ഷിതമായ ഒരു പെട്ടിയിൽ ആയിരം ഉറുപ്പിക വെച്ചിരുന്നുവെന്നും എന്നാൽ അത് മായയായി മറഞ്ഞ്പോയി എന്ന് ആരെങ്കിലും പറയുന്നുവെങ്കിൽ അത് വിശ്വസനീയമല്ല. ഇത്പോലെ തന്നെയാണ് ക്രിസ്ത്യാനികളുടെ വിശ്വാസത്തിന്റെയും അവസ്ഥ. നിങ്ങൾ നിങ്ങളുടെ ആക്ഷേപങ്ങൾ ക്രോഡീകരിച്ച് അറിയിക്കുക. ഇൻശാ അല്ലാഹ് ഞാൻ മറുപടി പറയുന്നതാണ്.

**മുൻഷി അബ്ദുൾ ഹഖ്:** താങ്കൾ ത്രിയേകത്വം, പാപപരിഹാര സിദ്ധാന്തം എന്നീ വിശ്വാസങ്ങളെ ഖണ്ഡിച്ച് തരികയാണെങ്കിൽ പിന്നെ ഒരു പക്ഷേ ഞാനൊന്നും ചോദിക്കുന്നതല്ല.

**ഹദ്റത്ത് വാഗ്ദത്ത മസീഹ്:** ത്രിയേകത്വം, പാപപരിഹാരം എന്നീ അന്ധവിശ്വസങ്ങളുടെ ഖണ്ഡനത്തിന് ധാരാളം തെളിവുകൾ ഇൻശാ അല്ലാഹ് നാം തരുന്നതാണ്. എന്നാൽ എന്റെ അഭിപ്രായത്തിൽ

നാം സൂചിപ്പിച്ച രീതിയിലുള്ള ക്രമം താങ്കൾ സ്വീകരിക്കുകയാണെങ്കിൽ അത്കൊണ്ട് വളരെ പ്രയോജനമുണ്ടാകും. ഞാനിപ്പോൾ അതിനെ വിഘ്നപ്പെപെടുത്തുവാൻ ആഗ്രഹിക്കുന്നില്ലെങ്കിലും സംക്ഷിപ്തമായി ചില കാര്യങ്ങൾ പറയാനാഗ്രഹിക്കുന്നു. ഇപ്പോൾ യഹൂദികൾ, മുസ്‌ലിംകൾ, ക്രിസ്ത്യാനികൾ എന്നീ മൂന്ന് സമുദായങ്ങളാണുള്ളത്. അതിൽ യഹൂദരും മുസ്‌ലിംകളും ഏകദൈവ വിശ്വാസത്തിൽ അധിഷ്ഠിതരാണ്. എന്നാൽ ക്രിസ്ത്യാനികളാകട്ടെ ത്രിയേക വിശ്വാസക്കാരാണ്.

ഞങ്ങൾക്ക് ക്രിസ്ത്യാനികളോട് ചോദിക്കാനുള്ളത് ത്രിയേക സിദ്ധാന്തത്തിന് വല്ല യാഥാർഥ്യവുമുണ്ടെങ്കിൽ മോക്ഷപ്രാപ്തിക്കും പാപപരിഹാരത്തിനും ഈയൊരു മാർഗമേയുള്ളുവെങ്കിൽ ഈ വിശ്വാസങ്ങളെക്കുറിച്ച് തൗറാത്തിൽ എന്തുകൊണ്ട് ഒരു സൂചനയും കാണപ്പെടുന്നില്ല. ഇത് സംബന്ധിച്ച് യഹൂദരുടെ പക്കൽ വല്ല തെളിവുമുണ്ടോ എന്ന് അവരോട് ചോദിച്ചുനോക്കുക. യഹൂദരിൽ തന്നെ അനേകം അവാന്തര വിഭാഗങ്ങളുണ്ട്. അവക്കുള്ളിൽ ഉപവിഭാഗങ്ങളുമുണ്ട്. അവർക്കിടയിൽ പല അഭിപ്രായ വ്യത്യാസങ്ങളും കാണപ്പെടുന്നു. എന്നാൽ ഏക ദൈവത്തിന്റെ കാര്യത്തിൽ അവർക്കിടയിൽ ഏകോപിച്ച അഭിപ്രായവും യോജിപ്പുമാണുള്ളത്. ത്രിയേകത്വത്തിൽ വിശ്വസിക്കുന്നതാണ് മോക്ഷപ്രാപ്തിക്കും പാപപരിഹാരത്തിനുമുള്ള മാർഗമെങ്കിൽ യഹൂദരുടെ എല്ലാ വിഭാഗങ്ങളിലും അതിനെ പാടെ വിസ്മരിക്കുകയാണ് ചെയ്തിരിക്കുന്നത്? ഒരു വിഭാഗവും ഈ സിദ്ധാന്തത്തിൽ വിശ്വസിക്കുന്നതായി കാണപ്പെടുന്നില്ല.

ഓരോ കാലത്തും ആയിരക്കണക്കിന് മതപണ്ഡിതന്മാർ ഉണ്ടായിരിക്കുകയും ഹദ്റത്ത് മസീഹിന്റെ കാലംവരെ ധാരാളം പ്രവാചകന്മാർ അവതരിക്കുകയും ചെയ്ത വലിയൊരു സമുദായത്തിന് ഹദ്റത്ത് മൂസാ നബി (അ) മുഖേന ലഭിച്ച ഒരു വിശ്വാസ പ്രമാണത്തിൽ മനുഷ്യന്റെ മോക്ഷത്തിനും പാപപരിഹാരത്തിനും കാരണമാകുന്ന ഒരു അടിസ്ഥാന വിശ്വാസത്തെക്കുറിച്ച് ഒരറിവും ഇല്ല എന്ന് പറയുന്നത് എത്രമാത്രം വിസ്മയകരമായ കാര്യമാണ്.

ഇത് ബുദ്ധിക്കും അനുമാനത്തിനും എതിരായ ഒരു വിശ്വാസമാണ്. ഇതിൽ നിന്ന് ത്രിയേക വിശ്വാസം മനുഷ്യനിർമിതമായ ഒരു വിശ്വാസമാണെന്ന് മനസ്സിലാക്കാം. പ്രവാചകന്മാർക്ക് ലഭിച്ച (വേദ) ഗ്രന്ഥങ്ങളിൽ ഇതിനെക്കുറിച്ച് ഒരു പ്രതിപാദനവുമില്ല തന്നെ. ഉണ്ടായിരിക്കാനും നിവർത്തിയില്ല. കാരണം സത്യവിരുദ്ധമായ ഒരു സിദ്ധാന്തമാണിത്. ചുരുക്കത്തിൽ യഹൂദർക്കിടയിൽ ഏകദൈവ വിശ്വാസത്തിൽ കാണപ്പെടുന്ന യോജിപ്പും ത്രിയേകത്വത്തിലുള്ള വിശ്വാസമില്ലായ്മയും ഈ വിശ്വാസം അന്ധവും അബദ്ധവുമാണെന്നതിനുള്ള തെളിവാണ്. മാത്രമല്ല ക്രിസ്ത്യാനികൾക്കിടയിലുള്ള വിവിധ വിഭാഗങ്ങളിൽപ്പെട്ടവരിൽ തന്നെ ത്രിയേക സിദ്ധാന്തത്തെപറ്റി എപ്പോഴും എതിർപ്പും വിഭിന്നതയും കാണപ്പെടുന്നു. ഇപ്പോഴും യൂണിറ്റേറിയൻ വിഭാഗം നിലനിൽക്കുന്നുണ്ട്.

ഞാൻ ഒരു യഹൂദനോട് തൗറാത്തിൽ എവിടെയെങ്കിലും ത്രിയേകത്വത്തെക്കുറിച്ച് വല്ല അദ്ധ്യാപനങ്ങളും ഉണ്ടോ എന്നും നിങ്ങളുടെ അനുഷ്ഠാന കർമങ്ങളിൽ അതിന് വല്ല സ്ഥാനവുമുണ്ടോ എന്നും ചോദിച്ചതിന് ഒരിക്കലും ഇല്ല എന്നാണദ്ദേഹം മറുപടി പറഞ്ഞത്. ദൈവത്തിന്റെ ഏകത്വത്തെക്കുറിച്ച് വിശുദ്ധ ഖുർആൻ നൽകുന്ന അദ്ധ്യാപനമാണ് ഞങ്ങളുടേതെന്നും ഞങ്ങളിൽ പെട്ട ഒരു വിഭാഗവും ത്രിയേകത്വത്തിൽ വിശ്വസിക്കുന്നില്ല എന്നും ത്രിയേകത്വ വിശ്വാസത്തിലാണ് മനുഷ്യന്റെ മോക്ഷം അധിഷ്ഠിതമായിട്ടുള്ളതെങ്കിൽ തൗറാത്തിലെ കൽപ്പനകൾ തങ്ങളുടെ വീട്ടുപടിക്കലും കുപ്പായകൈയ്യിലും ഉല്ലേഖനം ചെയ്യപ്പെടണമെന്ന കൽപ്പനയനുസരിച്ച് ത്രിയേകത്വ സിദ്ധാന്തം എഴുതപ്പെടണമെന്ന് നിർദേശിക്കപ്പെടുമായിരുന്നു എന്നും അദ്ദേഹം പറയുകയുണ്ടായി.

ത്രിയേകത്വ സിദ്ധാന്തത്തിന്റെ പൊള്ളത്തരം എടുത്ത് കാണിക്കുന്ന മറ്റൊരു തെളിവ് മനുഷ്യന്റെ ആന്തരിക മതസംഹിതയിൽ (പ്രകൃതി നിയമത്തിൽ) അങ്ങനെയുള്ള ഒരു ഉദാഹരണവും മാതൃകയും ഇല്ല എന്നുള്ളതാണ്. പ്രകൃതി നിയമം സ്വയം ഏകത്വത്തെ ആവശ്യപ്പെടുന്നു. ഏതെങ്കിലും ഒരു വ്യക്തി ത്രിയേകത്വ വിശ്വാസം എത്തിച്ചേർന്നിട്ടില്ലാത്ത ഒരു ദ്വീപിൽ അജ്ഞാതവാസം നടത്തുകയാണെങ്കിൽ അയാളോട് തൗഹീദിനെ (ഏകത്വം) ക്കുറിച്ചായിരിക്കും ചോദിക്കപ്പെടുക. എന്ന് പാതിരി ഹണ്ട് തന്റെ ഗ്രന്ഥത്തിൽ ഏറ്റു പറയുന്നുണ്ട്. ഇതിൽ നിന്ന് മനുഷ്യന്റെ ആന്തരിക ശരീഅത്ത് അഥവാ പ്രകൃതി നിയമം തൗഹീദി

ഞങ്ങൾക്ക് ക്രിസ്ത്യാനികളോട് ചോദിക്കാനുള്ളത് ത്രിയേക സിദ്ധാന്തത്തിന് വല്ല യാഥാർഥ്യവുമുണ്ടെങ്കിൽ മോക്ഷപ്രാപ്തിക്കും പാപപരിഹാരത്തിനും ഈയൊരു മാർഗമേയുള്ളുവെങ്കിൽ ഈ വിശ്വാസങ്ങളെക്കുറിച്ച് തൗറാത്തിൽ എന്തുകൊണ്ട് ഒരു സൂചനയും കാണപ്പെടുന്നില്ല. ഇത് സംബന്ധിച്ച് യഹൂദരുടെ പക്കൽ വല്ല തെളിവുമുണ്ടോ എന്ന് അവരോട് ചോദിച്ചുനോക്കുക.

നെയാണ് ഇഷ്ടപ്പെടുന്നത്, ത്രിയേകത്വത്തെയല്ല എന്ന് മനസ്സിലാവുന്നതാണ്. കാരണം ത്രിയേകം മനുഷ്യന്റെ പ്രകൃതിക്ക് അനുയോജ്യമാകുന്നതാണെങ്കിൽ അതിനെ കുറിച്ചായിരിക്കുമല്ലോ ചോദിക്കപ്പെടുന്നത്.

ത്രിയേക സിദ്ധാന്തത്തിന്റെ വ്യാജത്തെ തെളിയിക്കുന്ന മറ്റൊരു തെളിവ് അല്ലാഹു സൃഷ്ടിക്കുന്ന എല്ലാ അടിസ്ഥാന വസ്തുക്കളും ഗോളാകൃതിയുള്ളവയാണ്. വെള്ളത്തുള്ളികൾ ആകാശ ഗോളങ്ങൾ, ഭൂമി എന്നിവയെ നിരീക്ഷിക്കുക. ഈ ഗോളാകൃതി ഏകത്വത്തെ വിളംബരപ്പെടുത്തുന്നു. ദൈവത്തിന്റെ ഏകത്വത്തിൽ ത്രിയേകത്വം എന്നൊന്നുണ്ടെങ്കിൽ മേൽ പറഞ്ഞ വസ്തുക്കളെല്ലാം തന്നെ ത്രികോണാകൃതിയിലാണ് ഉണ്ടാകേണ്ടത്. ഈ കാര്യങ്ങൾ കൂടാതെ ത്രിയേക വിശ്വാസികൾക്കാണ് തങ്ങളുടെ വിശ്വാസം തെളിയിക്കാനുള്ള ബാദ്ധ്യതയുള്ളത്. തങ്ങളുടെ വിശ്വാസത്തിനുള്ള തെളിവ് ഉദ്ധരിക്കേണ്ടത് അവരുടെ കടമയാണ്. വിവിധ കക്ഷികളും വിഭാഗങ്ങളും ഉണ്ടായിട്ടും യഹൂദർ ഒന്നടങ്കം ഏകദൈവ വിശ്വാസികളാണ്. ആന്തരിക ശരീഅത്തിൽ കാണപ്പെടുന്ന സ്വാധീനം, പ്രകൃതി നിയമത്തിൽ ദൃശ്യമാകുന്ന ഏകത്വ സങ്കൽപ്പം എന്നിവ ഈ യാഥാർഥ്യം മനസ്സിലാക്കിത്തരുന്നു. ഇവയെക്കുറിച്ച് ഭക്തി മാർഗത്തിൽ അവഗാഢം ചിന്തിക്കുകയാണെങ്കിൽ ത്രിയേക സിദ്ധാന്തം ന്യായരഹിതവും സത്യവിരുദ്ധവും ആണെന്ന് മനസ്സിലാക്കാവുന്നതാണ്.

ഒരു മനുഷ്യൻ തനിക്ക് സംതൃപ്തി നൽകാത്ത വഴി ഒരിക്കലും സ്വായത്തമാക്കുന്നില്ല എന്ന കാര്യം മനുഷ്യ സ്വഭാവത്തിലും അവന്റെ പ്രകൃതിയിലും പെട്ടതാണ്. നടവരമ്പുകളിൽ നടക്കുന്നവനേക്കാൾ രാജ വീഥികളിൽ കൂടി ചരിക്കുന്നവരാണധികവും. കാരണം അതിൽ കൂടി സഞ്ചരിക്കുന്നവർക്ക് ഒരു വിധത്തിലുള്ള ഭീതിയും ഭയാശങ്കകളും അപകട ഭീതിയും ഉണ്ടാകുന്നില്ല. കാരണം ഈ വഴിയിലുള്ള സാക്ഷ്യം വളരെ ശക്തിയുറ്റതാണെന്നവർ മനസ്സിലാക്കുന്നു. ഈ ലോകത്ത് നമ്മുടെ കാഴ്ച്ചപ്പാടിൽ ഈ സത്യം നമുക്ക് തുടർന്ന് കാണുവാൻ സാധിക്കുന്നുവെന്നിരിക്കെ പരലോകത്തേക്കുള്ള വഴി സ്വായത്തമാക്കുന്നതിൽ വിശ്വാസയോഗ്യവും സർവോപരി സജീവമായതുമായ സാക്ഷ്യം ഇല്ലാത്തതും അവന് മനസ്സംതൃപ്തി നൽകാത്തതുമായ വഴികളെ എങ്ങനെ അവന് സ്വീകരിക്കാൻ കഴിയും?

ഇപ്പോൾ ലോകത്ത് ആയിരക്കണക്കിന് മാർഗങ്ങൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. എന്നാൽ അനുഗൃഹീതവും സുഗമവുമായ വഴി ഭൗതികമായ എല്ലാ അത്യാർത്തികളേയും സുഖഭോഗങ്ങളേയും ത്യജിച്ചുകൊണ്ട് ദൈവ സംപ്രാപ്തിക്കായി വിശപ്പും ദാഹവും സഹിച്ച് ദൈവപാതയിൽ ചരിക്കുന്നതിനായി അന്വേഷിച്ചിറങ്ങുക എന്നതാണ്. ആത്മാർഥമായി അന്വേഷിക്കുന്നവർക്ക് ആ വഴി കണ്ടെത്തുവാൻ സാധിക്കുന്നതാണ്.

ക്രിസ്തുമതത്തിന്റെ അടിത്തറ തകർക്കാൻ നമ്മുടെ പക്കൽ ഒഴുക്കേറിയ ഒരു നദി തന്നെയുണ്ട്. ആ ഇന്ദ്രജാലം പൊട്ടി ചിതറുന്ന സമയമിതാ സമാഗതമായിരിക്കുന്നു. കുരിശിനാൽ പ്രതിഷ്ഠിതമായ വിഗ്രഹം ഇതാ ഭഞ്ജിക്കപ്പെടാൻ പോകുന്നു. വാസ്തവത്തിൽ അല്ലാഹു എന്നെ നിയോഗിച്ചയച്ചില്ലെങ്കിൽ തന്നെ ക്രിസ്തുമതത്തിന്റെ പൊള്ളത്തരം വെളിച്ചത്ത് വരുവാൻ കാലം തന്നെ അതിനുള്ള ഏർപ്പാട് ചെയ്യുന്നതായിരിക്കും. കാരണം ഒരു സ്ത്രീയുടെ ഉദരത്തിൽ പിറന്ന മനുഷ്യനെ മനുഷ്യ സഹജമായ ആവശ്യങ്ങൾ പൂർത്തിയാക്കുന്നതിൽ നിന്ന് അതീതനല്ലാത്ത എല്ലാ വിധ പരിമിതികളും പരിധികളും ഉൾപ്പെട്ട ഒരു ദുർബല മനുഷ്യനെ ദൈവമായി പൂജിക്കുന്നതിൽ അല്ലാഹുവിന്റെ അഭിമാനത്തിനും മഹത്വത്തിനും നിരക്കാത്തതാണല്ലോ.

യേശു കുരിശിൽ വെച്ച് മരണമടഞ്ഞുവെന്ന വിശ്വാസം തികച്ചും വ്യാജവും അബദ്ധവുമാണെന്ന് ഞാനെന്റെ ഒരു ഗ്രന്ഥ

ക്രിസ്തുമതത്തിന്റെ അടിത്തറ തകർക്കാൻ നമ്മുടെ പക്കൽ ഒഴുക്കേറിയ ഒരു നദി തന്നെയുണ്ട്. ആ ഇന്ദ്രജാലം പൊട്ടി ചിതറുന്ന സമയമിതാ സമാഗതമായിരിക്കുന്നു. കുരിശിനാൽ പ്രതിഷ്ഠിതമായ വിഗ്രഹം ഇതാ ഭഞ്ജിക്കപ്പെടാൻ പോകുന്നു. വാസ്തവത്തിൽ അല്ലാഹു എന്നെ നിയോഗിച്ചയച്ചില്ലെങ്കിൽ തന്നെ ക്രിസ്തുമതത്തി ന്റെ പൊള്ളത്തരം വെളിച്ചത്ത് വരുവാൻ കാലം തന്നെ അതിനുള്ള ഏർപ്പാട് ചെയ്യുന്നതായിരിക്കും. കാരണം ഒരു സ്ത്രീയുടെ ഉദരത്തിൽ പിറന്ന മനുഷ്യനെ മനുഷ്യ സഹജമായ ആവശ്യങ്ങൾ പൂർത്തിയാക്കുന്നതിൽ നിന്ന് അതീതനല്ലാത്ത എല്ലാ വിധ പരിമിതികളും പരിധികളും ഉൾപ്പെട്ട ഒരു ദുർബല മനുഷ്യനെ ദൈവമായി പൂജിക്കു ന്നതിൽ അല്ലാഹുവിന്റെ അഭിമാനത്തിനും മഹത്വത്തിനും നിരക്കാത്തതാണല്ലോ.

ത്തിൽ പല ഗവേഷണങ്ങളുടേയും അടിസ്ഥാനത്തിൽ സ്ഥാപിച്ചിരിക്കുന്നു. വാസ്തവത്തിൽ അദ്ദേഹം കുരിശിൽ നിന്ന് ജീവനോടെ ഇറക്കപ്പെടുകയും അവിടുന്ന് രക്ഷപ്പെട്ട് കശ്മീരിൽ എത്തിച്ചേരുകയും തന്റെ 120-ാമത്തെ വയസ്സിൽ അവിടെ വെച്ചു തന്നെ മരണപ്പെടുകയും ചെയ്തിരിക്കുന്നു. ഇന്ന്വരെ യൂസ ആസഫിന്റെ അല്ലെങ്കിൽ രാജകുമാരന്റേതെന്ന പേരിൽ അദ്ദേഹത്തിന്റെ കബർ കശ്മീരിലെ ഖാൻയാർ തെരുവിൽ സുപ്രസിദ്ധമാണ്.

സുശക്തവും സുദൃഢവും ആയ ദൃഷ്ടാന്തങ്ങളിലും തെളിവുകളിലും അധിഷ്ഠിതമായി സ്ഥാപിതമാകാത്ത ഒരു കാര്യമല്ല ഇത്. മറിച്ച് സുവിശേഷങ്ങളിൽ വിവരിക്കപ്പെട്ടതും കുരിശുമായി ബന്ധപ്പെട്ടതുമായ സംഭവങ്ങളിൽ നിന്നും യേശു കുരിശിൽ മരിച്ചിട്ടില്ല എന്ന് മനസ്സിലാക്കാം.

ഒന്നാമതായി മസീഹ് സ്വയം തന്നെ യോനാ പ്രവാചകനുമായി ഉപമിച്ച് പറയുകയുണ്ടായി. യോനാ പ്രവാചകൻ മത്സ്യത്തിന്റെ വയറ്റിൽ ജീവനോടെയാണോ പ്രവേശിച്ചത് ? അതല്ല മരണപ്പെട്ടിട്ടാണോ? കൂടാതെ പീലാത്തോസിന്റെ ഭാര്യ ഭയാനകമായ ഒരു സ്വപ്നം കാണുകയുണ്ടായി. അതിനെക്കുറിച്ച് വിവരം ലഭിച്ച പീലാത്തോസ് യേശുവിനെ എങ്ങനെയെങ്കിലും രക്ഷിക്കണമെന്ന കാര്യത്തിൽ ചിന്താധീനനായിരുന്നു. അതുകൊണ്ടാണ് പീലാത്തോസ് മസീഹിനെ രക്ഷിക്കാൻ പല വിധത്തിലും പ്രയത്നിച്ചത്. അവസാനം തന്റെ കൈ കഴുകി തനിക്ക് ഈ സംഭവത്തിൽ ഒരു പങ്കുമില്ലെന്ന് പ്രസ്താവിച്ചു. അവസാനം യഹൂദർ ഒരു പ്രകാരത്തിലും വഴങ്ങുന്നില്ലെന്ന് കണ്ട അദ്ദേഹം വെള്ളിയാഴ്ച്ച വൈകുന്നേരം യേശുവിനെ കുരിശിൽ തറക്കാൻ വിധിക്കുകയുണ്ടായി. കുരിശിൽ വിശപ്പ്, ദാഹം, അസഹ്യമായ വെയിൽ എന്നീ കാഠിന്യങ്ങൾ സഹിച്ച് പല ദിവസങ്ങൾക്ക് ശേഷമാണ് ക്രൂശിക്കപ്പെടുന്ന ആൾ മരണമടയുന്നത്. വെള്ളിയാഴ്ച്ച അസ്തമയത്തിന് മുമ്പ് അദ്ദേഹത്തെ കുരിശിൽ നിന്ന് ഇറക്കിയത് കൊണ്ട് ഇയൊരവസ്ഥ അദ്ദേഹത്തിനുണ്ടായിരുന്നില്ല. കാരണം ശബ്ബത്ത് നാളിലോ അതിന് തുടർന്നുള്ള രാത്രിയിലോ ആരെയെങ്കിലും കുരിശിൽ തറച്ച നിലയിൽ വെക്കുന്നത് യഹൂദ ശരീഅത്തനുസരിച്ച് അതികഠിനമായ പാപമാണ്. യേശു വെള്ളിയാഴ്ച്ച അവസാന നേരത്തിൽ കുരിശിലേറ്റപ്പെടുകയും അതോടനുബന്ധിച്ചുണ്ടായ കൊടുങ്കാറ്റു കാരണം ഉടനെ ഇറക്കപ്പെടുകയും ചെയ്തു. കൂടാതെ മസീഹിനോടൊപ്പം കുരിശിൽ തറക്കപ്പെട്ടിരുന്ന രണ്ടുകള്ളന്മാരുടെ കാലുകളും ഒടിച്ചിട്ടുണ്ടായിരുന്നെങ്കിലും മസീഹിന്റെ കാലുകൾ ഒടിച്ചിട്ടുണ്ടായിരുന്നില്ല. മാത്രമല്ല മസീഹിന്റെ ശരീരം അദ്ദേഹത്തിന്റെ ഒരു ശിഷ്യനെയാണ് ഏൽപ്പിച്ചത്. വാസ്തവത്തിൽ പീലാത്തോസും അദ്ദേഹത്തിന്റെ ഭാര്യയും യേശുവിന്റെ മുരീദന്മാരാ(ശിഷ്യന്മാർ) യിരുന്നു. പീലാത്തോസിനെ ക്രിസ്തീയ രക്തസാക്ഷികളിൽപ്പെട്ട ആളായിട്ടും അദ്ദേഹത്തിന്റെ ഭാര്യയെ ഒരു വലിയ്യ്(ദൈവസാമീപ്യം പ്രാപിച്ച ആൾ) ആയിട്ടുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഇതിനെക്കാളുപരി മർഹം ഈസാ എന്ന ലേപനവും ഒരു തെളിവാണ്. മുസ്‌ലിംകളും ജൂതന്മാരും റോമക്കാരും ക്രിസ്ത്യാനികളും മജൂസികളും ആയ വൈദ്യന്മാർ പ്രസ്തുത ലേപനം മസീഹിന്റെ ശരീരത്തിലുണ്ടാക്കിയ പരിക്കുകൾ സുഖപ്പെടുത്തുന്നതിനായി നിർമിക്കപ്പെട്ടവയായിരുന്നുവെന്ന് ഏകോപിച്ച രീതിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഈ ലേപനം മർഹം ഈസാ, മർഹം ഹവാരിയിൻ, മർഹം റസൂൽ മർഹം ശൈഖാലാ എന്നീ പേരുകളിൽ അറിയപ്പെടുന്നു. ചുരുങ്ങിയ പക്ഷം ആയിരം ഗ്രന്ഥങ്ങളിലെങ്കിലും ഈ മരുന്നിന്റെ കുറിപ്പ് കാണപ്പെടുന്നുണ്ട്. കുരിശു സംഭവവുമായി ബന്ധപ്പെട്ടല്ലാതെ മറ്റൊരു പരിക്ക് ഈസാ മസീഹിനുണ്ടായിരുന്നിവെന്ന് ഒരു ക്രിസ്ത്യാനിക്കും സ്ഥാപിക്കാൻ സാധിക്കുന്നതല്ല.

ആ അവസരത്തിൽ ഹവാരിങ്ങളുടെ സാന്നിദ്ധ്യവുമുണ്ടായിരുന്നു. പ്രസ്തുത എല്ലാ കാരണവും വസ്തുതകളും ഏകോപിച്ചിച്ച് നോക്കിയാൽ, മസീഹ് കുരിശിൽ നിന്ന് ജീവനോട് ഇറക്കപ്പെട്ടിരുന്നു എന്ന സാക്ഷ്യം സത്യമായി പുലരുന്നില്ലേ?

ഇപ്പോൾ നമുക്ക് സുദീർഘമായ വിവാദങ്ങളും ചർച്ചകളും ചെയ്യേണ്ടുന്ന ആവശ്യമില്ല തന്നെ.

അഫ്ഘാനിസ്ഥാനിലും കശ്മീരിലും ചിന്നിച്ചിതറിക്കിടക്കുന്ന യഹൂദരുടെ വിവിധ സംഘങ്ങളെ അന്വേഷിച്ചു കൊണ്ട് യേശു അവിടെ എത്തുകയും അവസാനം കശ്മീരിൽ ചരമമടയുകയുമുണ്ടായി. കശ്മീരികൾ വാസ്തവത്തിൽ ഇസ്രയേൽ സന്തതികൾ തന്നെയെന്ന് ആംഗലേയ ഗവേഷകർതന്നെ സമ്മതിച്ചിട്ടുള്ള യാഥാർഥ്യമാണ്. ബെർണിയർ തന്റെ യാത്രവിവരണത്തിൽ ഈ കാര്യം എഴുതിയിരിക്കുന്നു. പ്രസ്തുത യഥാർഥ സംഭവങ്ങളുടെ അടിസ്ഥാനത്തിൽ അദ്ദേഹം കുരിശിൽ വെച്ച് മരണപ്പെട്ടിട്ടില്ലെങ്കിൽ മറിച്ച് ജീവനോടെയാണ് ഇറക്കപ്പെട്ടതെന്നും സ്ഥാപിതമായിരിക്കെ പിന്നെ പാപപരിഹാര സിദ്ധാന്തം എവിടെയാണ് അവശേഷിക്കുന്നത്?

***(അൽഹക്കം വാല്യം 6 നമ്പർ 3 പേജ് 3,4 24-1-1902— മൽഫൂസാത്ത് വാല്യം 3 പേജ് 97,104, 108)***

www.alislam.org

# ക്രിസ്ത്യാനികളുമായുള്ള സംവാദം: റസുൽ തിരുമേനി(സ) ഉന്നയിച്ച വാദം

എ. എം

നജ്റാനിലെ ക്രിസ്ത്യാനികളുമായി റസൂൽ തിരുമേനി(സ) ഹിജ്റ 9ാം വർഷത്തിൽ മദീനയിൽ വെച്ച് നടത്തിയ സുപ്രസിദ്ധമായ സംവാദം ചരിത്രത്തിൽ തങ്കലിപികളാൽ രേഖപ്പെടുത്തിയതാണ്. ഈ സംഭാഷണ വേളയിലാണ് റസൂൽ തിരുമേനി(സ) ക്രിസ്ത്യാനികൾക്ക് പ്രാർഥിക്കാനായി സ്വന്തം മസ്ജിദ് ഒഴിഞ്ഞുകൊടുത്ത് കൊണ്ട് മതസൗഹാർദ്ദത്തിന്റെ അനശ്വര സന്ദേശം വിളംബരം ചെയ്തത്. സൂറ: ആലു ഇമ്രാൻ ഇറങ്ങിയതിന്റെ അവതരണ പശ്ചാത്തലവും ക്രിസ്ത്യാനികളുമായി നടത്തിയ ഈ സംവാദമാണ്. സംവാദ ശേഷം സത്യാസത്യവിവേചനത്തിന് ക്രിസ്ത്യാനികളുമായി മുബാഹല നടത്താൻ റസൂൽ തിരുമേനി (സ) ആവശ്യപ്പെട്ടെങ്കിലും അവർ അതിന് തയ്യാറായില്ല.

റസൂൽ തിരുമേനി (സ) ക്രിസ്ത്യൻ പുരോഹിതന്മാരുമായി നടത്തിയ ഈ ഒരേയൊരു സംവാദത്തിൽ ഈസാ നബി (അ) മരിച്ചു പോയി എന്ന അനിഷേധ്യ സത്യമാണ് അവിടുന്ന് ഉന്നയിച്ചത്. ഈസാ നബി(അ)യെ ദൈവമായി ആരാധിക്കുന്ന ക്രിസ്ത്യാനികളുമായി മുസ്ലിം ബഹുഭൂരിപക്ഷം നടത്തുന്ന സംവാദത്തിൽ ഈസാ നബി (അ) യുടെ മരണം എന്ന ഉഗ്രപ്രഹരശേഷിയുള്ള ഈ വാദം എന്തുകൊണ്ട് ഉന്നയിക്കുന്നില്ല.? ക്രിസ്ത്യാനികളുടെ ശിർക്കൻ വിശ്വാസത്തെയും കഠിന വിമർശനത്തെയും എതിർക്കാനും പ്രതിരോധിക്കാനും അവരെ അതിജയിക്കാനും റസൂൽ തിരുമേനി(സ)യും വാഗ്ദത്ത മസീഹും(അ) ഉയർത്തിയ ഈയൊരു വാദം പോലെ മറ്റെന്ത് ആയുധമാണ് മുസ്ലിംകൾക്കുള്ളത്? റസൂൽ തിരുമേനി(സ) നജ്റാനിലെ ക്രിസ്ത്യാനികളുമായി നടത്തിയ സംഭാഷണത്തിന്റെ പൂർണരൂപം താഴെ ചേർക്കുന്നു.

**നബിതിരുമേനി (സ) അവരോട് ചോദിച്ചു:** ഒരു പുത്രനും അവന്റെ പിതാവിനോട് സദൃശനാകാതിരിക്കില്ല എന്ന് നിങ്ങൾക്കറിയില്ലേ? അവർ പറഞ്ഞു: ഞങ്ങൾക്കറിയാം

**നബി:** നമ്മുടെ റബ്ബ് ഒരിക്കലും മരണമില്ലാത്ത നിത്യജീവനാണെന്നും ഈസാ (അ)ക്ക് നാശം സംഭവിച്ചു എന്നും നിങ്ങൾക്കറിയില്ലേ ?

**അവർ** : അറിയാം

**നബി(സ)** :ഇപ്പറഞ്ഞതെന്തെങ്കിലും ഈസാ(അ)ക്ക് കഴിയുമായിരുന്നോ?

**അവർ:** ഇല്ല.

**നബി:** നമ്മുടെ റബ്ബ് ഗർഭാശയങ്ങളെ അവനിച്ഛരിക്കും വിധം രൂപപ്പെടുത്തുന്നു. നമ്മുടെ റബ്ബ് തിന്നുന്നില്ല. കുടിക്കുന്നില്ല. മാറ്റത്തിന് വിധേയനാകുന്നില്ല. ശരിയല്ലേ?

**അവർ:** ശരിയാണ്.

**നബി(സ):** നിങ്ങൾക്കറിയില്ലേ, ഈസായെ അദ്ദേഹത്തിന്റെ മാതാവ് മറ്റേതൊരു സ്ത്രീയേയും ഗർഭം ധരിക്കുന്നത് പോലെ ഗർഭം ധരിക്കുകയും പിന്നെ മറ്റേതൊരു സ്ത്രീയും പ്രസവിക്കുന്നത് പോലെ പ്രസവിക്കുകയും പിന്നെ മറ്റേതൊരു സ്ത്രീയും കുഞ്ഞിന് ആഹാരം കൊടുക്കുന്നത് പോലെ ആഹാരം കൊടുക്കുകയും പിന്നീട് അദ്ദേഹം സ്വയം ഭക്ഷണം കഴിക്കുകയും വെള്ളം കുടിക്കുകയും വളർച്ചയുടെ മാറ്റങ്ങൾക്ക് വിധേയനാവുകയും ചെയ്തുവെന്ന്?

**അവർ** : അറിയാം.

**നബി(സ):** ഇങ്ങനെയുള്ള ഒരാൾ എങ്ങനെയാണ് നിങ്ങൾ വാദിക്കുന്നത് പോലെ ദൈവമാകുക.?

സംഘം മറുപടി പറഞ്ഞില്ല.

ഈ സന്ദർഭത്തിലാണ് സൂറ: ആലു ഇമ്രാനിലെ ആദ്യത്തെ എൺപതോളം സൂക്തങ്ങൾ അവതരിച്ചത്. (തഫ്സീറുൽ മുനീർ, രണ്ടാം വാല്യം, പേജ്, 145, 146)

# ഒരു പത്രപ്രവർത്തകന്റെ തീർഥാടന സ്മൃതി

ഇസ്‌ലാമിലെ തീർഥാടന കേന്ദ്രമായ പുണ്യമക്കയിലേക്ക് സീനിയർ പത്രപ്രവർത്തകനും എഴുത്തുകാരനുമായ ലേഖകൻ നടത്തിയ തീർഥാടനത്തിന്റെ വിവരണം

പി. വി. അഹമ്മദ്കോയ

തീർഥാടനം എന്നതിന് നിരവധി അർഥതലങ്ങൾ ഉണ്ട്. ഭക്തിയാണ് അടിസ്ഥാനം. മറ്റു മതങ്ങളിലെപോലെ തന്നെ ഇസ്‌ലാമിലും തീർഥാടനത്തിന് അടിസ്ഥാനം ഭക്തിയാണ്. പ്രപഞ്ചനാഥന്റെ പ്രതിഫലം പ്രതീക്ഷിച്ചുകൊണ്ടുള്ള യാത്രയാണ് ഇസ്‌ലാമിൽ തീർഥാടനം. ഒരഹ്മദിയായ എനിക്ക് മക്കയിലേക്കുള്ള തീർഥാടനം നൽകുന്ന ആത്മീയാനുഭൂതി അവാച്യവും അനർഘവുമാണ്. എല്ലാ നിബന്ധനകളും പൂർത്തിയാക്കിയാൽ ഹജ്ജ് ഒരു മുസൽമാന് നിർബന്ധമായ കാര്യമാണ്. റസൂൽ തിരുമേനി(സ) യുമായി ബന്ധപ്പെട്ട മക്കയിലെ മസ്ജിദുൽ ഹറം മദീനയിലെ മസ്ജിദുനബവി, ജറുസലേമിലെ ബൈത്തുൽ മുഖദ്ദിസ്, എന്നിവിടങ്ങളിലേക്കുള്ള തീർഥാടനം വളരെ പുണ്യകരമാണ്. ഇസ്‌ലാമിന്റെ മഹാപ്രവാചകൻ (സ)യുടെ വസതിയിലേക്കും അദ്ദേഹത്തിന്റെ അന്ത്യവിശ്രമ സ്ഥലത്തേക്ക് പോലും പ്രതിഫലം പ്രതീക്ഷിച്ചുള്ള തീർഥയാത്ര അനുവദനീയമല്ല. ഇതിന് ആധാരം ഈ വിശുദ്ധഖുർആൻ വചനങ്ങളാണ്: ***"നിങ്ങൾക്ക് തിരുനബി നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക, ഏതൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക." (ഹശർ 7)*** തിരുനബിക്ക് ദൈവസന്ദേശത്തിന്റെ സമാരംഭം ഉണ്ടായത് ഹീറാ ഗുഹയിൽ വെച്ചായിരുന്നു. പിന്നീട് തിരുനബി(സ) ഒരിക്കലും ഈ ഗുഹ സന്ദർശിച്ചിട്ടില്ല.

അരനൂറ്റാണ്ടിലേറെ കാലത്തെ ഉള്ളുരുകിയ പ്രാർഥനയുടെ ഫലമായാണ് ഈ വിനീതന് ഭാര്യ റാബിയയോടൊപ്പം അല്ലാഹുവിന്റെ അതിഥികളിൽ ഒരാളായി 2015 ഡിസംബർ 5-ാം തീയതി സൗദി അറേബ്യയിലെത്തി പരിശുദ്ധ മക്കയിൽ ഉംറയും ശേഷം മദീനയും മറ്റ് പുണ്യസ്ഥലങ്ങളും സന്ദർശിച്ച് പത്താം തീയതി നാട്ടിൽ മടങ്ങിയെത്താൻ ഭാഗ്യം ലഭിച്ചത്.

നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ നിന്ന് സൗദി അറേബ്യയിലേക്കുള്ള യാത്ര എന്റെ ആദ്യത്തെ വിമാനയാത്രയായിരുന്നു. ആയിരക്കണക്കിന് കിലോമീറ്ററുകൾ ഏതാനും മണിക്കൂറുകൾക്കൊണ്ട് സഞ്ചരിച്ചെത്തുന്ന മനുഷ്യന്റെ ഗതാഗത മുന്നേറ്റത്തിന്റെ സൗഭാഗ്യങ്ങളനുഭവിച്ച് കൊണ്ട് ഗതകാല ഹജ്ജ്‌യാത്രകളെ പറ്റി ഓർത്തുപോയി. അതിവിസ്തൃതമായി കിടക്കുന്ന മഹാ സമുദ്രങ്ങൾ പായക്കപ്പലിൽ താണ്ടി ഹജ്ജ് തീർഥാടനം നിർവഹിച്ച ആ പഴയ കാലം എന്റെ സ്മരണയിലേക്ക് വന്നു. അവർക്ക് വേണ്ട സുരക്ഷയോ സൗകര്യങ്ങളോ ഇല്ലായിരുന്നു. ആയിരംകാതം അകലെയുള്ള കഅബയെ ലക്ഷ്യം വെച്ചുള്ള അവരുടെ തീർഥയാത്രകൾ നാം നടത്തുന്ന ഹൈടെക് ഹജ്ജ് യാത്രകളെക്കാളും സാഹസികമായിരുന്നു. ഞാൻ ജനലിലൂടെ പുറത്തേക്ക് നോക്കി. വെള്ളചിറക് കാഴ്ചയെ മറക്കുന്നു. ഹരിതാഭമായ കേരളം വിട്ട് കടൽ പരപ്പും താണ്ടി വിമാനം മരുഭൂമിയുടെ മണൽ പരപ്പിലെ വ്യോമ മണ്ഡലത്തിലേക്ക് പ്രവേശിച്ചു. താഴെ വെയിലുകൊണ്ട് കരിവാളിച്ച മരുഭൂമിയുടെ ദൃശ്യം.

സൗദി അറേബ്യയിലേക്കുള്ള ആ യാത്രയിൽ വിമാനം ഇറങ്ങിയത് ജിദ്ദയിലാണ്. വിമാനത്താവളത്തിന് പുറത്തേക്കുള്ള വഴിയിൽ കോണിപടികൾ കയറിയത് എനിക്ക് ഓർമയുണ്ട്. സിയോപിഡി രോഗിയായ ഞാൻ ബോധരഹിതനായി. എന്നെ വഹിച്ച ആംബുലൻസിന്റെ സൈറൺവിളികേട്ടാണ് ഞാൻ ഉണർന്നത്. ലോകപ്രസിദ്ധമായ കിങ്ങ് ഫഹദ് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട ഞാൻ മണിക്കൂറുകൾക്കകം സുഖം പ്രാപിച്ചു. അവിടെ നിന്ന് നേരെ മക്കയിലേക്ക്. ഞങ്ങൾ മലയാളികൾക്ക് താമസമൊരുക്കിയ അജിയാദിലെത്തി.

അജിയാദ് മസ്ജിദുൽ ഹറമിന് സമീപമാണ്. നടന്നെത്താവുന്ന ദൂരമേയുള്ളൂ പരിശുദ്ധ ഹറമിലേക്ക്. ഞാൻ ശാന്തി മന്ത്രങ്ങൾ ഉരുവിട്ട് ഹറമിലെത്തി. അവിടെ പ്രാർഥനാനിരതനായി വിശ്രമിക്കാനിരുന്നപ്പോൾ ജീവിതത്തെ വിഴുങ്ങുന്ന കാലസങ്കൽപ്പം എത്രയോ അകലെയാണെന്ന തോന്നലുണ്ടായി. ഭൂതവും ഭാവിയും ഒന്നിച്ച് വർത്തമാനത്തോട് ചേരുന്നു. അവിടെ കാലത്തിന്റെയും ദേശത്തിന്റെയും അതിർത്തികൾ അനുഭവപ്പെടുകയില്ല. ആ മഹാപ്രഭാവത്തിൽ നമ്മുടെ ആത്മാവ് കാലത്തിന്റെയും ദേശത്തിന്റെയും മറകീറി എല്ലാകാലത്തേക്കും എല്ലാ ദേശത്തേക്കും പ്രവിശാലമാകുന്നു. ഇഹലോകജീവിതത്തിൽ ഭൗതികത്തിനപ്പുറം ആത്മാവ് പറന്നുയരുന്നു. ഇതുപോലെ ആത്മാവിന് ഉന്നതങ്ങളിൽ വിഹരിക്കാൻ അവസരം നൽകുന്ന മറ്റൊരു സ്ഥലവുമില്ല. സന്ദർഭവുമില്ല. എന്താണ് ഇതിന് കാരണം.? ആ ദേവാലയം നിർമിക്കപ്പെട്ട കല്ലിന്റെ പ്രത്യേകതയാണോ? ഒരിക്കലുമല്ല കല്ല് വെറും ഭൗതികവസ്തു. ഭൗതിക വസ്തു തകരുകയും പുനർ നിർമിക്കപ്പെടുകയും ചെയ്യും. കഅബ പലതവണ തകർക്കപ്പെടുകയും പുനർ നിർമിക്കപെടുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഉയരങ്ങളിൽ വിഹരിക്കാൻ ആത്മാവിന് ചിറകുകൾ നൽകിയത് തൗഹീദ് എന്ന ദർശനമാണ്. ആ ഏകദൈവ ദർശനത്തിന്റെ പ്രതീകമായി ഈ പരിശുദ്ധഭവനം ഇന്നും നിലകൊള്ളുന്നു. ഇബ്രാഹിം നബിയും ഇസ്മായിൽ നബിയും കഅബ പണിതുയർത്തിയത് മുതൽ അത് അങ്ങനെ തന്നെ നിലകൊള്ളുന്നു. ദൈവമാണ് ഹജ്ജിന്റെ ആതിഥേയൻ. അവിടേക്ക് വിളിക്കാൻ ലോകരക്ഷിതാവ് ഇബ്രാഹിം നബിയോട് കൽപ്പിച്ചു. നിങ്ങളെ സൃഷ്ടിച്ച അതേ ഈശ്വരന്റെ സൃഷ്ടിയായ മണ്ണായ നീ അവന്റെ ക്ഷണം സ്വീകരിച്ചു മനുഷ്യനാകുക എന്നായിരുന്നു ആഹ്വാനം. ഈ തീർഥാടനം മനുഷ്യന്റെ മൗലിക പ്രകൃതിയിലേക്കുള്ള ഒരു മടക്കമാണ്. ഹജ്ജിനോടനുബന്ധിച്ച് അവർ മനുഷ്യരാകുന്നു. വസ്ത്രങ്ങൾ മാറുന്നു. ഒരേ വസ്ത്രം. മനുഷ്യന്റെ എല്ലാ ആകുലതകളും കഫൻ പുടവയിട്ട് മൂടിയതുപോലെയുള്ള, രണ്ട് വെള്ളത്തുണികൾ. എല്ലാവർക്കും ഒരേ വസ്ത്രം അവിടെ എല്ലാ വിവേചനങ്ങളും ഉച്ചനീചത്വങ്ങളും രണ്ട് കഷ്ണം വെള്ളതുണിയിൽ ഒതുങ്ങുന്നു. അതേ ഋജുമാനസനായ ഇബ്രാഹിംനബി "ഞാൻ അല്ലാതായി വംശവും ഗോത്രവും മറന്ന് മനുഷ്യനാകാൻ തയ്യാറുണ്ടോ എന്നാണ് ചോദിച്ചത്. എല്ലാ ആത്മാക്കളും ആ ദൈവവിളി കേട്ടു. എന്നാൽ ആ വിളിക്ക് ഉത്തരം നൽകിയ ആത്മാക്കളാണ് മിക്കാത്തിൽ വെച്ച് ഹജ്ജിനും ഉംറയ്ക്കും ഇഹ്റാൻ കെട്ടി മൃഗീയ സ്വഭാവ വിശേഷങ്ങൾ എല്ലാം വെടിഞ്ഞ് മനുഷ്യരായത്.

## ഒരു ലോകദൃശ്യാൽഭുതം

കഅ്ബക്ക് ചുറ്റും ചിതറിക്കിടക്കുന്ന പത്ത് ലക്ഷത്തിന്റെ മനുഷ്യ സഞ്ചയത്തിന്റെ ഉപഗ്രഹ ചിത്രം കാണിച്ച് ഒരാൾ അമേരിക്കൻ പട്ടാള കമാന്ററോട് ചോദിച്ചുവത്രെ ഹജ്ജിന് സമ്മതിച്ച ഈ മനുഷ്യരൊക്കെ നിങ്ങളുടെ പട്ടാളക്കാരാണെന്ന് കരുതുക എങ്കിൽ എത്രസമയം വേണ്ടിവരും ഇവരെ വരിയൊത്ത് നിർത്താൻ? ദിവസങ്ങൾ വേണ്ടി വരും എന്നായിരുന്നു മറുപടി. കഅബയിൽ നമസ്കാരത്തിന് ബാങ്ക് മുഴങ്ങി നിമിഷങ്ങൾക്കകം നമസ്കാരത്തിന് വരിയൊത്ത് ക്രമീകരിക്കപ്പെട്ട മനുഷ്യ സഞ്ചയത്തിന്റെ ചിത്രം കാണിച്ചപ്പോൾ കമാന്റന്റ് അദ്ഭുതപ്പെട്ടുപോയി. ഇത് അനുസരണത്തിന്റെ ഫലം. ഈ അനുസരണം നിത്യജീവിതത്തിലേക്കും മുസ്‌ലിം സമൂഹം പ്രാവർത്തികമാക്കുകയാണെങ്കിൽ ലോകം സ്വർഗരാജ്യമാകും. നമസ്കാരവേളയിലൊഴിച്ച് ജനങ്ങൾ 24 മണിക്കൂറും വലംവെച്ചുകൊണ്ടിരിക്കുന്ന ഈ കഅ്ബാലയം ഒരു ലോകാത്ഭുതമാണ്. ഇവിടെ പ്രാർഥനകൾ അറബിയിൽ ആകുന്നത് നല്ലത്. ഞാൻ ഏറെ അറബിയിലും ബാക്കി പച്ചമലയാളത്തിലും പറഞ്ഞു. ഭാഷയുടെ മാതാവ് അറബിയാണെങ്കിലും കരുണാനിധിയായ ഈശ്വരന് എല്ലാ ഭാഷകളും അറിയാമല്ലോ. തവാഫിനും സെയ്യിനും രോഗികളല്ലാത്തവർക്ക് നടത്തം അത്യാവശ്യമാണ്. എന്നാൽ ജിദ്ദ

കഅ്ബക്ക് ചുറ്റും ചിതറിക്കിടക്കുന്ന പത്ത് ലക്ഷത്തിന്റെ മനുഷ്യ സഞ്ചയത്തിന്റെ ഉപഗ്രഹ ചിത്രം കാണിച്ച് ഒരാൾ അമേരിക്കൻ പട്ടാള കമാന്ററോട് ചോദിച്ചുവത്രെ ഹജ്ജിന് സമ്മതിച്ച ഈ മനുഷ്യരൊക്കെ നിങ്ങളുടെ പട്ടാളക്കാരാണെന്ന് കരുതുക എങ്കിൽ എത്രസമയം വേണ്ടിവരും ഇവരെ വരിയൊത്ത് നിർത്താൻ? ദിവസങ്ങൾ വേണ്ടി വരും എന്നായിരുന്നു മറുപടി. കഅബയിൽ നമസ്കാരത്തിന് ബാങ്ക് മുഴങ്ങി നിമിഷങ്ങൾക്കകം നമസ്കാരത്തിന് വരിയൊത്ത് ക്രമീകരിക്കപ്പെട്ട മനുഷ്യ സഞ്ചയത്തിന്റെ ചിത്രം കാണിച്ചപ്പോൾ കമാന്റന്റ് അദ്ഭുതപ്പെട്ടുപോയി. ഇത് അനുസരണത്തിന്റെ ഫലം. ഈ അനുസരണം നിത്യജീവിതത്തിലേക്കും മുസ്‌ലിം സമൂഹം പ്രാവർത്തികമാക്കുകയാണെങ്കിൽ ലോകം സ്വർഗരാജ്യമാകും.

വിമാനത്താവളത്തിൽ വെച്ചുണ്ടായ വീഴ്ചയെ തുടർന്ന് ഞാൻ എല്ലാ കർമങ്ങളും വീൽചെയറിലാണ് നിർവഹിച്ചത്. ഇതിനാവശ്യമായ ആയിരക്കണക്കിന് വീൽചെയറുകൾ അവിടെ സജ്ജീകരിച്ചതായി കണ്ടു. സഫ മർവ കുന്നുകളും അവിടെ കണ്ടില്ല; സംസം കിണറും. കുന്നുകൾ രണ്ടും നിരത്തി മാർബിൾ പതിച്ച വഴികളാക്കിയിരിക്കുന്നു. സംസം കിണർ സ്ലാബിട്ട് മൂടിയിരിക്കുകയാണ്. ഒരിക്കലും വറ്റാത്ത ഇന്നും ജനലക്ഷങ്ങൾക്ക് ശുദ്ധജലം നൽകുന്ന സംസം അരുവി ഒരു ലോക മഹാത്ഭുതമാണ്.

### മദീനയിൽ

മദീനയിലെ താമസം മസ്ജിദുൽ നബവിക്കടുത്തായിരുന്നു. ആ വിശ്വപ്രവാചകൻ മുഹമ്മദ് നബി (സ)യുടെ അന്ത്യവിശ്രമ സ്ഥലമായ "റൗളാ" ശരീഫിന്റെ മുമ്പിൽ നിന്നപ്പോൾ ആ പ്രവാചക സ്മൃതികൾ മൊഴിമുത്തുകളായി എന്റെ മനോമുകുരത്തിൽ നിറഞ്ഞു. മതത്തേയും മനുഷ്യനേയും അധികരിച്ച് പറഞ്ഞ അനർഘമായ പ്രവാചക വചനങ്ങൾ: ***"മതകാര്യത്തിൽ തീവ്രത സൂക്ഷിക്കുക. നിങ്ങൾക്ക് മുമ്പിലുള്ളവർ നശിച്ചത് മതകാര്യങ്ങളിലെ തീവ്രത നിമിത്തമാണ് "*** മുസ്നദ് അഹ്മദ്. മനുഷ്യ സ്വാതന്ത്ര്യത്തെ പറ്റി പ്രവാചകൻ പറഞ്ഞത് അഭിപ്രായവ്യത്യാസം അനുഗ്രഹമാണെന്നാണ്. ആ പ്രവാചകന്റെ അനുയായികൾ തമ്മിൽ ഇന്ന് അഭിപ്രായ വ്യത്യാസമില്ലാത്ത ഏക കാര്യം അഭിപ്രായ വ്യത്യാസമുള്ളവരെയെല്ലാം ഉന്മൂലം ചെയ്യുന്ന കാര്യത്തിൽ മാത്രമാണെന്ന അപചയം ഓർത്ത് കണ്ണീർ വാർത്ത് പ്രവാചക സവിധത്തിൽ പ്രാർഥിച്ചു. ആരാധനയേയും ജ്ഞാനികളെയും അധികരിച്ച മറ്റൊരു വചനം അവിടെ തീർഥാടകരായി എത്തിയ നീളമുള്ള താടികളോടും തലപ്പാവുകളോടും കൂടിയവരെ കണ്ടപ്പോൾ ഞാൻ ഓർത്തുപോയി. പ്രവാചകൻ ജ്ഞാനികളെപറ്റി പറഞ്ഞത് ഇങ്ങനെ റിപ്പോർട്ട് ചെയ്യപ്പെടുന്നു: ***'കുറഞ്ഞപക്ഷം ഞാൻ നിങ്ങളിൽ ഉയർന്നവനായിരിക്കുന്നതുപോലെ ജ്ഞാനി ആരാധകനേക്കാൾ ഉയർന്ന് നിൽക്കുന്നു. അല്ലാഹുവാണ സത്യം അല്ലാഹുവിന്റെ മലാഖമാരും ആകാശത്തുള്ളവരും ഭൂമിയിലുള്ളവരും ഭൂമിയിലെ പുറ്റുകൾക്കുള്ളിലെ ഉറുമ്പുകളും ജലത്തിൽ വസിക്കുന്ന മത്സ്യങ്ങളും ജനങ്ങളിൽ വിജ്ഞാനം ചൊരിയുന്നവന് അനുഗ്രഹത്തിനായി പ്രാർഥിക്കും.'*** യുക്തിചിന്ത മനുഷ്യന് ഈശ്വരൻ നൽകിയ വിളക്കാണ്. നിരവധി സംശയങ്ങളിൽ നിന്നും സന്ദേഹങ്ങളിൽ നിന്നും അത് മനുഷ്യനെ മുക്തനാക്കി സത്യത്തിലേക്ക് നയിക്കുന്നു. എങ്കിലും യുക്തിചിന്ത പൂർണ ജ്ഞാനം നൽകുന്നില്ല. അവ്യക്തമായ ആശയങ്ങളും നിഗമനാത്മകമായ ജ്ഞാനവുമാണ് അത് മനുഷ്യന് സമ്മാനിക്കുന്നത്.

ഹജ്ജിന് അനുഷ്ഠാനങ്ങൾ അഞ്ചും ഉംറയ്ക്ക് നാലും മാത്രമാണ് – ഇഹ്റാം തവാഫ് സഈ ഖസർ ഹജ്ജിന്റെ അനുഷ്ടാനങ്ങൾ പൂർത്തിയാക്കാൻ 5 ദിവസമെങ്കിൽ ഉംറയുടെത് ഒരു ദിവസം മാത്രമാണ്. ഉംറയ്ക്ക് ഇഹ്റാം മക്കയിൽ പ്രവേശിക്കുന്നതിന് മുമ്പ് എവിടെ വെച്ചുമാകാം. ഞാൻ ഇഹ്റാമിലായത് ജിദ്ദയിൽ വെച്ച് ക്ഷൗരം ചെയ്ത് കുളിച്ച് ശുഭ്രവസ്തധാരിയായതിന് ശേഷ മാണ്. ഇഹ്റാം ഉടുക്കാൻ ഒരുവെളളതുണി. പുതയ്ക്കാൻ മറ്റൊന്ന്. മൃതശരീരത്തെ കഫൻ പുടവയിട്ട് മൂടുംപോലെ ഒരേ ഒരു വസ്ത്രം. ഇവിടെ മനുഷ്യരാശി വസ്ത്രം മാറുന്നു. എല്ലാ വിവേചനങ്ങളും രണ്ട് കഷ്ണം തുണിയിൽ അവസാനിക്കുന്നു. അതോടെ ഞാൻ അല്ലാതായി. എല്ലാ വിവേചനങ്ങളും മറന്ന് ഋജുമാനസരായ മനുഷ്യരാകുന്നു. എല്ലാവരും ഒന്നാകുന്ന അനഘ അവസരം അനുഭവിക്കാൻ ജീവിതത്തിൽ ആദ്യമായി ആ പുണ്യഭൂമിയിൽ എനിക്ക് സാധ്യമായി. അൽഹംദുല്ലില്ലാഹ് ദൈവത്തിന് സ്തുതി. അല്ലാഹുവിന്റെ കല്പന പ്രകാരമുള്ള ഇബ്രാഹിം നബി(അ)യുടെ വിളി എല്ലാ ആത്മാക്കളും കേട്ടു. എന്നാൽ ആ വിളിക്ക് ഉത്തരം നൽകിയ ആത്മാക്കളാണ് ഹജ്ജിനും ഉംറയ്ക്കും ഇഹ്റാം കെട്ടി മൃഗീയത വെടിഞ്ഞ് മനുഷ്യരാകുന്നത്.

### മക്ക മഹാനഗരം

ഒരിക്കലും ഉറങ്ങാത്ത മക്ക മഹാനഗരം എന്നെ അത്ഭുതപ്പെടുത്തി. ഹറമിൽ ഹജ്ജും ഉംറയും നിർവഹിക്കാൻ ലക്ഷങ്ങളാണ് ദിനംപ്രതി വന്നും പോയും കൊണ്ടിരി

ആരാധനയേയും ജ്ഞാനികളെയും അധികരിച്ച മറ്റൊരു വചനം അവിടെ തീർഥാടകരായി എത്തിയ നീളമുള്ള താടികളോടും തലപ്പാവുകളോടും കൂടിയവരെ കണ്ടപ്പോൾ ഞാൻ ഓർത്തുപോയി. പ്രവാചകൻ ജ്ഞാനികളെപ്പറ്റി പറഞ്ഞത് ഇങ്ങനെ റിപ്പോർട്ട് ചെയ്യപ്പെടുന്നു: ***'കുറഞ്ഞപക്ഷം ഞാൻ നിങ്ങളിൽ ഉയർന്നവനായിരിക്കുന്നതുപോലെ ജ്ഞാനി ആരാധകനേക്കാൾ ഉയർന്ന് നിൽക്കുന്നു. അല്ലാഹുവാണെ സത്യം അല്ലാഹുവിന്റെ മലാഖമാരും ആകാശത്തുള്ളവരും ഭൂമിയിലുള്ളവരും ഭൂമിയിലെ പുറ്റുകൾക്കുള്ളിലെ ഉറുമ്പുകളും ജലത്തിൽ വസിക്കുന്ന മത്സ്യങ്ങളും ജനങ്ങളിൽ വിജ്ഞാനം ചൊരിയുന്നവന് അനുഗ്രഹത്തിനായി പ്രാർഥിക്കും.'***

ക്കുന്നത്. രാവും പകലും അവിടെ ഒരുപോലെയാണ്. എത്ര വാഹനങ്ങളാണ് അർധരാത്രിയിലും ആ പുണ്യഭൂമിയിലേക്ക് തീർഥാടകരുമായി ഓടികൊണ്ടിരിക്കുന്നത് എന്നിട്ടും തിക്കും തിരക്കും ഒച്ചപ്പാടും നന്നെ കുറവ്. എയർപോർട്ടിൽ ഒരുകൂട്ടം ആൾക്കാർ ക്ഷമാപൂർവം വന്നിറങ്ങുമ്പോൾ മറ്റൊരു വിഭാഗം ആത്മനിർവൃതിയോടെ മടക്കയാത്രയുടെ തയ്യാറെടുപ്പിലാകും. ആരാണ് ഇവരെയൊക്കെ നിയന്ത്രിക്കുന്നത് സർവശക്തനായ ഈശ്വരൻ മാത്രം. സർക്കാർ മെച്ചപ്പെട്ട പാശ്ചാത്തല സൗകര്യം ഒരുക്കുന്നതിൽ മുൻപന്തിയിലാണ്. അവിടെ എത്തുന്നവരാരും ഹജ്ജും ഉംറയും നിർവഹിക്കാൻ സാധിച്ചിട്ടില്ലെന്ന് പരാതിപ്പെടാറില്ല. എത്ര തിരക്കുണ്ടായായും അവിടെ എല്ലാ കർമവും നിർവഹിക്കപ്പെട്ടിരിക്കും. കാരണം അവർ ദൈവത്തിന്റെ അതിഥികളായാണ് അവിടെ എത്തുന്നത്. മക്കയിലെ മസ്ജിദുൽ ഹറമും മദീനയിലെ മസ്ജിദു നബവിയുമാണ് ആ പുണ്യഭൂമിയിലെ പ്രധാന ആരാധനാ കേന്ദ്രങ്ങൾ. മസ്ജുദുൽ ഹറാമിൽ തവാഫിന് ശേഷം മക്കാമു ഇബ്രാമിന്റെ പിറകിൽ നമസ്കാരം. ഇബ്രാഹിംനബി(അ)യുടെ കാൽപ്പാടുകൾ പിൻപറ്റി താൻ ജീവിക്കുമെന്ന പ്രതിജ്ഞ പുതുക്കൽ കൂടിയാണത്. ജൂദാ ക്രൈസ്തവ ഇസ്ലാം കുലപതിയായ ഇബ്രാഹിംനബി(അ) യുടെ അധ്യാപനം എന്തായിരുന്നു. മനുഷ്യന്റെയും ദൈവത്തിന്റെയും ഏകത്വം. ഇത് ജീവിതത്തിൽ പ്രാവർത്തികമാക്കാൻ തീരുമാനിച്ചാൽ ***"ആരോടും വിരോധമില്ല എല്ലാവരോടും സ്നേഹം"*** എന്ന അഹ്മദികളുടെ ശാന്തിമന്ത്രം പ്രാവർത്തികമാകും. ശത്രുതയും, അസൂയയും വിദ്വേഷവും വെടിഞ്ഞ് സ്നേഹം പങ്ക് വെക്കപ്പെടുന്ന സുന്ദരലോകം ഈ ഭൂമിയിൽ യാഥാർഥ്യമാകും. താൻ ഇഷ്ടപ്പെടുന്നത് തന്റെ സഹോദരന് വേണ്ടി ഇഷ്ടപ്പെടുന്നവരുടെ സമാധാനം പൂത്തുലയുന്ന ഒരു സ്വർഗരാജ്യം ഈ ഭൂമിയിൽ യാഥാർഥ്യമാകും. ആ ലോകത്തിന്റെ കൊച്ചുമാതൃകയാണ് മസ്ജിദുൽ ഹറം. അതിനാലാണ് അല്ലാഹു ഹറമിനെ പരമ പരിശുദ്ധവും നിർഭയ നിവേദനവുമാക്കിയത്. ഹറമിലേക്ക് ആദ്യമായി പ്രവേശിച്ചപ്പോൾ ഞാൻ ഈ പ്രാർഥന ഉരുവിട്ടു: ***"നാഥാ നിന്നിൽ നിന്നാണ് സമാധാനം. നിന്നിലേക്കാണ് സമാധാനം. സമാധാനത്തിൽ നീ ഞങ്ങളെ ജീവിപ്പിക്കണമേ."*** മനോഹരമായ ശാന്തിമന്ത്രം. ആഴമേറിയ ആശയം.

## മദീനയിലെ പുണ്യസ്ഥല സന്ദർശനം

എന്റെ മദീനാ സന്ദർശനം പ്രവാചക പ്രഭു മുഹമ്മദ് നബി(സ) യുടെ അന്ത്യവിശ്രമ സ്ഥലമായ റൗളാ ശരീഫ് സ്ഥിതിചെയ്യുന്ന മസ്ജിദു നബവിയിൽ പ്രാർഥനയോടെ ആരംഭിച്ചു. മദീനയിൽ മസ്ജിദുൽ നബവി(നബിയുടെ പള്ളി) എന്ന പേരിൽ പ്രസിദ്ധമായ വെള്ളതൂണുകൾ കൊണ്ട് അതിരിട്ട തിരുനബിയുടെ അന്ത്യവിശ്രമ സ്ഥലമായ റൗളാ ശരിഫ് സന്ദർശിക്കാനും ഈ അതിർത്തി രേഖയ്ക്കുള്ളിലെ നബി(സ)യുടെ മിഹ്റാബിൽ വെച്ച് നമസ്കരിക്കാനും കഴിഞ്ഞതിൽ അല്ലാഹുവിന് അപാരസ്തുതി. തിരുനബി(സ)യുടെ പാദസ്പർശം ഏറ്റുവാങ്ങിയിടത്ത് നിൽക്കുവാനും തിരുനബി സുജൂദ് ചെയ്തിടത്ത് സുജൂദ് ചെയ്യാനും സാധിച്ചത് എന്റെ ജീവിതത്തിലെ മറ്റൊരു അവിസ്മരണീയ അനുഭവമായി. മദീനയിൽ ബദർ സന്ദർശിച്ച് രക്തസാക്ഷികൾക്കായി പ്രാർഥിച്ചു. ഉഹദും സന്ദർശിച്ചു. മഹാത്യാഗിയായ ഹംസ(റ)യും മറ്റ് അനേകം കർമധീരരും അന്ത്യവിശ്രമം കൊള്ളുന്നത് ഇവിടെയാണ്. ഉഹദിലെ രക്തസാക്ഷികൾക്കായി പ്രാർഥിച്ചു സലാം പറഞ്ഞു. ഈ പുണ്യസ്ഥലങ്ങളിൽ വെച്ച് വ്യക്തിപരമായും ബന്ധുക്കൾക്കായും ജാതിമത ഭേദമില്ലാതെ സുഹൃത്തുക്കൾക്കായും അയൽവാസികൾക്കായും ഗുരുവര്യൻമാർക്കുമായി പ്രാർഥിച്ചു.

## ജന്നത്തുൽ ബക്കിഅയിൽ

ശേഷം റൗളാ ഷെരീഫിന്റെ കിഴക്കുഭാഗത്തെ ജന്നത്തുൽ ബക്കിയ സന്ദർശിച്ചു. ഇവിടെ പതിനായിരത്തോളം സഹാബികളാണ് അന്ത്യവിശ്രമം കൊള്ളുന്നത്. ഇവിടെ അന്ത്യവിശ്രമം കൊള്ളുന്നവരിൽ മൂന്നാം ഖലീഫ ഉസ്മാൻ (റ), തിരുനബി(സ)യുടെ പിതൃവ്യനായ അബ്ബാസ് (റ), തിരുനബിയുടെ വളർത്തമ്മയായ അലിമാബീവി, തിരുനബിയുടെ പത്നിമാർ, തിരുനബിയുടെ വാത്സല്യപുത്രി ഫാത്തിമ (റ) തുടങ്ങിയവർ ഉൾപ്പെടുന്നു. മസ്ജിദുൽ ഖുബയും സന്ദർശിച്ചു. തിരുനബി മദീനയിൽ പണിയിച്ച ആദ്യത്തെ പള്ളിയാണ്. ഈ മസ്ജിദിന്റെ കിണറ്റിൽ ഒരിക്കൽ പ്രവാചകന്റെ മോതിരം വീണിരുന്നു. അതിനാൽ ഈ കിണർ ബിഅർകാത്തം എന്ന പേരിൽ അറിയപ്പെടുന്നു. ഇന്ന് ആ കിണർ മൂടപ്പെട്ടിരിക്കുകയാണ്. അനുയായികളിൽ ചിലരുടെ നിരർഥകമായ പ്രവർത്തികൾ കാരണമാണത്രെ ഈ കിണർ മൂടപ്പെട്ടത്.

## കിടങ്ങ് യുദ്ധവും അത്ഭുതകരമായ പ്രവചന സാക്ഷാത്കാരവും

ഞാൻ മദീനയിൽ സന്ദർശിച്ച മറ്റൊരു സ്ഥലം ഇസ്ലാമിന്റെ ശത്രുക്കളുമായി നടന്ന യുദ്ധങ്ങളിൽ സൂക്ഷ്മമായി പ്രവചിക്കപ്പെട്ടതിൽ അസാധാരണമായ പ്രാധാന്യമുള്ള കിടങ്ങുയുദ്ധം നടന്ന സ്ഥലമായിരുന്നു. അവിടെ കിടങ്ങുകളൊന്നും കണ്ടില്ല. മാമലകൾ അതിരായ ആ ഭാഗത്ത് കിടങ്ങുകൾ നികത്തി വിശാലമായ റോഡുകളും കെട്ടിട സമുച്ചയങ്ങളും ഉയർന്നിരിക്കുകയാണ്. ഈ യുദ്ധ അവസരങ്ങളിലായിരുന്നു ഇസ്ലാമിന്റെ ചില മഹത്തായ ചരിത്ര വിജയങ്ങളെ അധികരിച്ച പ്രവചനങ്ങളുണ്ടായത്. ഈ യുദ്ധം കിടങ്ങുയുദ്ധം എന്ന പേരിലാണ് അറിയപ്പെടുന്നത്. എല്ലാ അറബ്

ഗോത്രങ്ങളും ഇസ്‌ലാമിനെ എന്നന്നേക്കുമായി നശിപ്പിക്കാൻ മദീനക്കെതിരെ ഒരു അവസാന യുദ്ധത്തിന് ഗൂഢാലോചന നടത്തുന്നതായി മുഹമ്മദ്നബി(സ) അറിഞ്ഞപ്പോൾ റസൂൽ തിരുമേനി(സ)യുടെ പേർസ്യൻ അനുചരനായ ഹദ്റത്ത് സൽമാനുൽ ഫാരിസിയുടെ അഭിപ്രായ പ്രകാരം മദീനയുടെ തുറസ്സായ ഈ സ്ഥലത്ത് കിടങ്ങു കുഴിക്കാൻ നിർബന്ധിതനായി. മദീനയിൽ അപ്പോൾ മുസ്ലീംകൾ വളരെ കുറച്ചുപേർ മാത്രമായിരുന്നതിനാൽ ഒരു തുറന്ന യുദ്ധം അസാധ്യമായതുകൊണ്ടാണ് കിടങ്ങു കുഴിക്കാൻ തീരുമാനിച്ചത്. കിടങ്ങു കുഴിക്കുന്ന ജോലി വളരെ കഠിനവും സൂക്ഷ്മവുമായിരുന്നു. മൊത്തത്തിലുള്ള ദാരിദ്ര്യവും നിസ്വതയും പ്രശ്നങ്ങൾ കൂടുതൽ ദുരിതപൂർണമാക്കി. ആഹരിക്കാതെ ഒട്ടിയ വയറുമായി ദിവസങ്ങളോളം അവർ ജോലിയെടുത്തു. ഏറ്റവും നിസ്സഹായമായ ഈ സന്ദർഭത്തിൽ കിടങ്ങു കുഴിക്കുന്ന അനുചരന്മാർക്ക് പൊട്ടിക്കാനാകാത്ത ഒരു പാറ പ്രശ്നമായി. വിവരം അറിഞ്ഞ് അവിടെയെത്തിയ തിരുനബി(സ) കൈയ്യിൽ പിക്കാസെടുത്ത് ആ പാറയിൽ മൂന്ന് തവണ ആഞ്ഞുവെട്ടി. പാറ കഷ്ണങ്ങളായി ചിതറി. അപ്പോൾ തിരുനബി വിസ്മയത്തോടെ അല്ലാഹു അക്ബർ (അല്ലാഹു വലിയവൻ) എന്ന് വിളിച്ചു പറയുന്നുണ്ടായിരുന്നു. ഒടുവിൽ അനുചരന്മാർ അദ്ദേഹത്തോട് ചോദിച്ചു. അങ്ങ് എന്തു കൊണ്ടാണ് ഒരു വിജയിയെപ്പോലെ തക്ബീർ ധ്വനി മുഴക്കിയത്? അപ്പോൾ തിരുനബി(സ) പ്രതിവചിച്ചു: "ഒന്നാമത്തെ വെട്ടിൽ പാറയിൽ നിന്ന് തീ പാറുമ്പോൾ ബൈസാന്റിയൻ സാമ്രാജ്യത്തിന്റെ സിറിയൻ കൊട്ടാരങ്ങളും അതിന്റെ താക്കോലുകളും എനിക്ക് നൽകപ്പെട്ടതായി കണ്ടു, രണ്ടാമത്തെ തവണ എനിക്ക് ദർശിക്കാൻ കഴിഞ്ഞത് മദീനയിലെ പ്രകാശം പൊഴിക്കുന്ന പേർഷ്യൻ കൊട്ടാരങ്ങളാണ്, അതിന്റെ താക്കോൽ എനിക്ക് നൽകപ്പെട്ടതായും കണ്ടു. മൂന്നാം തവണ ഞാൻ പാറയിൽ വെട്ടിയപ്പോൾ സനായുടെ കൊട്ടാരങ്ങളുടെ താക്കോൽ എനിക്ക് നൽകപ്പെട്ടതായും കണ്ടു. ഇതെല്ലാം അക്ഷരം പ്രതി പുലർന്നതായി പിൻകാല ചരിത്രം. എന്നാൽ അതിന്റെ പൂർത്തീകരണത്തിൽ മാത്രമല്ല അത്ഭുതം. ഈ പ്രവചനങ്ങൾ നടത്തിയ പ്രതികൂല സാഹചര്യമാണ് ഇതിനെ ഒരു ദിവ്യാത്ഭുതമാക്കി മാറ്റുന്നത്.

ബലഹീനരും വ്രണിതചിത്തരുമായി ദിവസങ്ങളോളം പട്ടിണിയും പരിവട്ടവുമായി കിടങ്ങു കുഴിക്കലിൽ ഏർപ്പെട്ട മുസ്‌ലിംകളെ പോലെ അത്യന്തം നിസ്സഹായവസ്ഥയിലുള്ളവരുടെ പ്രതിരോധ സംരംഭങ്ങൾ വളരെ അപൂർവമായി മാത്രമേ ചരിത്രത്തിൽ കാണാനാവൂ. അങ്ങേയറ്റം പ്രതികൂലമായ സാഹചര്യത്തിലായിരുന്നു മുഹമ്മദ് നബി (സ) ഈ ചരിത്രം കുറിച്ച വാക്കുകൾ ഉരുവിട്ടത്. ചരിത്രത്തിന് അത് സൃഷ്ടിക്കാൻ സാധ്യമല്ലായിരുന്നു; അവർ ചരിത്രം സൃഷ്ടിക്കുകയായിരുന്നു. ഇത്തരത്തിൽ അങ്ങേയറ്റം ദുരിത പൂർണമായ നിസ്സഹാവസ്ഥയിൽ വൻ വിജയങ്ങളെ സംബന്ധിച്ച് പ്രവചിക്കുക എന്നത് ഒന്നുകിൽ ഒരു ഭ്രാന്തന്റെ പുലമ്പൽ ആയിരിക്കും അല്ലെങ്കിൽ മഹാനായ ഒരു പ്രവാചകനിലൂടെയുള്ള ദൈവത്തിന്റെ പ്രഖ്യാപനമായിരിക്കും. തിരുനബി(സ) എക്കാലത്തേയും ജീവിച്ചിരിക്കുന്ന ജ്ഞാനികളിൽ വെച്ച് വലിയ ജ്ഞാനിയായിരുന്നു. ഒരിക്കലും അദ്ദേഹം ഭ്രാന്തനായിരുന്നില്ല. ഏതെങ്കിലും ഒരു പ്രവാചകൻ ദൈവത്തിന്റെ വചനമായിരിക്കാൻ വേണ്ടി അനുഗൃഹീതനായിട്ടുണ്ടെങ്കിൽ അത് അദ്ദേഹമായിരുന്നു. അദ്ദേഹത്തിന്റെ വദനവും, അധരവുമായിരുന്നു മനുഷ്യ ഭാഗധേയങ്ങൾ നിർണയിച്ചിരുന്നത്. ദൈവം അദ്ദേഹത്തോട് കൽപ്പിച്ചതെന്തോ അതുപ്രകാരം അദ്ദേഹം വിധികൾ പ്രഖ്യാപിച്ചു, അദ്ദേഹം ദൈവത്തിന് വേണ്ടി സംസാരിച്ചു.

### അടിക്കുറിപ്പ്

(1) രോഗിയായ എന്റെ ഈ തീർഥാടന നിർവഹണത്തിന് റിയാദിൽ നിന്ന് വന്ന എന്റെ അനുജൻ പി.വി. അബുവിന്റെ മകൻ നാസിറിന്റെയും മദീനയിൽ നിന്ന് വന്ന എന്റെ സുഹൃത്ത് മൊയ്തീൻകോയയുടെ മകൻ ഇർഷാദിന്റെയും സഹായം എനിക്ക് ഏറെ സഹായകരമായി. ഇർഷാദിന്റെ കാറിലാണ് ഞാൻ മദീനയിലെ പുണ്യസ്മാരകങ്ങളെല്ലാം സന്ദർശിച്ചത്.

(2) ബൈസാന്റിയം: ക്രി.മു 27ൽ ആരംഭിച്ച റോമാസാമ്രാജ്യം കിഴക്കും പടിഞ്ഞാറുമായി വിഭജിക്കപ്പെട്ടിരുന്നു. റോമാസാമ്രാജ്യത്തിന്റെ കിഴക്കൻ ഭാഗത്തെയാണ് ബൈസാന്റിയം എന്ന് വിളിക്കുന്നത്. റോം ആസ്ഥാനമായുള്ള ബൈസാന്റിയം അഥവാ കിഴക്കൻ റോമാസാമ്രാജ്യമാണ് പിന്നെയും ആയിരം കൊല്ലം നിലനിന്നിരുന്നത്. ക്രിസ്തുമതം സ്വീകരിച്ച കോൺസ്റ്റന്റയിൻ ചക്രവർത്തിയാണ് (ക്രി.വ.272-337) റോമാസാമ്രാജ്യ തലസ്ഥാനം റോമിൽ നിന്ന് കിഴക്കുഭാഗത്തുള്ള കോൺസ്റ്റാന്റിനോപ്പിളിലേക്ക് (ഇന്നത്തെ തുർക്കിയിലെ ഇസ്താമ്പുൾ) മാറ്റിയത്. ബൈസാന്റിയം എന്ന പുരാതന ഗ്രീക്ക് പട്ടണത്തിൽ ഒരു കോട്ട പണിയുകയും തന്റെ പേര് അനശ്വരമാക്കാൻ കോൺസ്റ്റാന്റിനോപ്പിൾ എന്ന പേര് നാമകരണം ചെയ്യപ്പെടുകയും ചെയ്തു. ഇസ്‌ലാം അവതരിക്കുമ്പോൾ അറേബ്യയുടെ പടിഞ്ഞാറൻ ഭാഗത്ത് കോൺസ്റ്റാന്റിനോപ്പിൾ ആസ്ഥാനമായുള്ള ബൈസാന്റിയം സാമ്രാജ്യവും കിഴക്ക് ഭാഗത്ത് ഇറാൻ കേന്ദ്രമായുള്ള പേർഷ്യൻ സാമ്രാജ്യവുമായിരുന്നു. ഇസ്‌ലാം ആവിർഭവിച്ച് എട്ടര നൂറ്റാണ്ടിന് ശേഷം, ക്രിസ്തുവർഷം 1453 ലാണ് ബൈസാന്റിയം സാമ്രാജ്യം തുർക്കി സുൽത്താൻ മുഹമ്മദ് അൽ ഫാത്തിഹ് പൂർണമായും കീഴടക്കിയത്.

# ദജ്ജാലിന്റെ കളവും ഇബ്നുമറിയമിന്റെ വിശദീകരണവും

ആദ്യ മനുഷ്യൻ മുതൽ ഖിയാമം വരെ സംഭവിക്കുന്ന കാര്യങ്ങളിൽ ഏറ്റവും വലിയ കുഴപ്പം യുഗാന്ത്യത്തിൽ സംഭവിക്കുന്ന ദജ്ജാലിന്റെ പുറപ്പാടായിരിക്കും എന്ന് ഹദീസുകളിൽ പറയപ്പെട്ടിരിക്കുന്നു. പ്രവചന ഭാഷയിൽ അലങ്കാരോക്തികൾ ഉപയോഗിച്ച് റസൂൽ തിരുമേനി (സ) പറഞ്ഞ ദജ്ജാലിനെ പറ്റിയും ദജ്ജാലിന്റെ സംഹാരകനായി വരുന്ന ഹദ്റത്ത് ഈസബ്നു മറിയമിനെക്കുറിച്ചും നിരവധി നിറം പിടിപ്പിച്ച സങ്കൽപ്പങ്ങളും ഭാവനകളുമാണ് മുസ്‌ലിം പണ്ഡിതന്മാരും പൊതു ജനങ്ങളും വെച്ച് പുലർത്തുന്നത്. ദജ്ജാലിന്റെ പുറപ്പാട് ഈ ലോകത്ത് വെച്ചാണ് സംഭവിക്കുക. ആ ദജ്ജാലിനെ സംഹരിക്കാനായിട്ടാണ് മസീഹിന്റെ അവതരണമുണ്ടാകുക. ലോകരെ മുഴുവനും ബാധിക്കുന്ന ദജ്ജാലിന്റെ വിഷയത്തിൽ മുസ്‌ലിം പണ്ഡിതന്മാർ അനുവർത്തിക്കുന്ന മൗനം അർഥഗർഭമാണ്. യുഗാന്ത്യത്തിൽ സം ഭവിക്കുന്ന ഇസ് ലാമിന്റെ ആഗോള വിജയവുമായി ബന്ധപ്പെട്ട താണ് ഈ ഹദീസ്. റസൂൽ തിരുമേനി(സ)യുടെ ഈ ഹദീസുകളിൽ പ്രതിപാദിക്കപ്പെട്ട പ്രവചനങ്ങൾ അക്ഷരാർഥത്തിൽ വ്യാഖ്യാനിച്ച് പുരാണേതിഹാസങ്ങളും യക്ഷിക്കഥകളും പോലെ ഉലമാക്കന്മാർ പരിഹാസ്യമായ വിശ്വാസമാക്കി മാറ്റിയിരിക്കുന്നു.

എം കെ, പാലക്കാട്

*ഒറ്റക്കണ്ണനായ പെരും നുണയനെ പറ്റി തന്റെ ജനത്തിനോട് ഭയപ്പെടുത്തി പറഞ്ഞിട്ടില്ലാത്ത ഒരു നബിയും കഴിഞ്ഞുപോയിട്ടില്ല. അറിഞ്ഞുകൊണ്ടാലും, അവൻ ഒറ്റക്കണ്ണനായിരിക്കും. എന്നാൽ നിങ്ങളുടെ ദൈവം ഒറ്റക്കണ്ണനല്ല. ആ ഒറ്റക്കണ്ണനായ ദജ്ജാലിന്റെ കണ്ണുകൾക്കിടയിൽ ക. ഫ. റ. എന്ന് എഴുതിയിരിക്കും. അവനോടുകൂടി സ്വർഗ നരകങ്ങളുടെ സാദൃശ്യങ്ങൾ കൊണ്ടുവരും എന്ന് മറ്റൊരു പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നു. എന്നാൽ അവൻ ഏതൊന്നിനെ പറ്റി സ്വർഗമെന്ന് പറയുന്നുവോ അത് യഥാർഥത്തിൽ നരകമായിരിക്കും. മറ്റൊരു റിപ്പോർട്ടിൽ പറയുന്നു. ദജ്ജാൽ പുറപ്പെടുമ്പോൾ അവനോടൊന്നിച്ച് വെള്ളവും തീയും ഉണ്ടാകും. എന്നാൽ ജനങ്ങൾ വെള്ളമായി കാണുന്നത് യഥാർഥത്തിൽ, ദഹിപ്പിക്കുന്ന തീയായിരിക്കും. ജനങ്ങൾ തീയായി കാണുന്നത് യഥാർഥത്തിൽ തണുപ്പും സ്വാദുമുള്ള വെള്ളമായിരിക്കും. ദജ്ജാലിന്റെ ഒരു കണ്ണ് കാഴ്ചയില്ലാത്തതായിരിക്കും. അവന്റെ കണ്ണുകൾക്കിടയിൽ കാഫിർ എന്ന് എഴുതപ്പെട്ടിട്ടുണ്ടാകും. അക്ഷരജ്ഞാനമുള്ളവരും അല്ലാത്തവരുമായ എല്ലാ സത്യവിശ്വാസികൾക്കും അത് വായിക്കാൻ കഴിയും. മറ്റൊരു രിവായത്തിൽ പറഞ്ഞിരിക്കുന്നു. ദജ്ജാൽ മഴപെയ്യാൻ ആകാശത്തോട് കൽപ്പിക്കുമ്പോൾ ആകാശം വെള്ളം ചൊരിയുകയും മുളപ്പിക്കു*

*ക എന്ന് ഭൂമിയോട് കൽപ്പിക്കുമ്പോൾ ഭൂമി മുളപ്പിക്കുകയും ചെയ്യും. അവൻ പാഴ്ഭൂമിയിലൂടെ നടക്കുമ്പോൾ നിന്റെ നിക്ഷേപങ്ങൾ പുറത്തേക്ക് കൊണ്ടു വരിക എന്ന് അതിനോട് പറയുകയും നിക്ഷേപങ്ങൾ പുറത്ത് വന്ന് അവനെ പിന്തുടരുകയും ചെയ്യും. മറ്റൊരു രിവായത്തിൽ പറയുന്നു ഞാൻ ഇവനെ കൊല്ലുകയും പിന്നീട് ജീവിപ്പിക്കുകയും ചെയ്യുകയാണെങ്കിൽ നിങ്ങൾ എന്റെ കാര്യത്തിൽ സംശയിക്കുമോ? എന്ന് ദജ്ജാൽ ജനങ്ങളോട് ചോദിക്കും. ഇല്ലെന്ന് അവൻ മറുപടി പറയും. അനന്തരം ദജ്ജാൽ അവനെ കൊല്ലുകയും പിന്നെ ജീവിപ്പിക്കുകയും ചെയ്യും. മറ്റൊരു രിവായത്തിൽ പറയുകയാണ് ദജ്ജാൽ ഒരു വെളുത്ത കഴുതപ്പുറത്ത് പ്രത്യക്ഷപ്പെടും, ആ കഴുതയുടെ ഒരു ചെവി മുതൽ മറ്റെ ചെവിവരെ 70 വാര അകലമുണ്ടാവും. (മിശ്ക്കാത്ത് കിതാബുൽ ഫിതൻ)*

പല രിവായത്തിൽ നിന്ന് സംഗ്രഹിച്ച ഈ ഹദീസിൽ പറഞ്ഞ എല്ലാ കാര്യങ്ങളെ സംബന്ധിച്ചും വിശദീകരിക്കാനും വ്യഖ്യാനിക്കാനും ഉദ്ദേശിക്കുന്നില്ല. പൊതുവേ പറഞ്ഞാൽ ഹദീസിൽ പ്രതിപാദിച്ച കാര്യങ്ങളും മറ്റു അടയാളങ്ങളും വ്യക്തമായും സൂചിപ്പിക്കുന്നത് ദജ്ജാൽ എന്നാൽ ക്രിസ്തുമതം സ്വീകരിച്ച പാശ്ചാത്യ നാഗരികതയാണ് എന്നാണ്. നിരവധി ഹദീസുകളിൽ റസൂൽ തിരുമേനി(സ) ഗൗരവ പൂർവം ഉണർത്തിയ ദജ്ജാൽ എന്ന വിപത്തിനെ പറ്റി മുസ്‌ലിം പണ്ഡിതന്മാർ മൗനം പാലിക്കുകയാണ്. ആരാണ് ദജ്ജാൽ എന്നതിനെ സംബന്ധിച്ച് മുസ്‌ലിം പണ്ഡിതന്മാർ തീർച്ചയായും വ്യക്തമാക്കേണ്ടതാണ്. വാസ്തവത്തിൽ ദജ്ജാൽ എന്ന ദുശ്ശക്തിയുടെ പുറപ്പെടൽ ഹദീസിൽ പറഞ്ഞ പ്രകാരം യഥാകാലം സംഭവിക്കുകയും അതിനെ പ്രതിരോധിക്കാനും കീഴ്പ്പെടുത്താനുമുള്ള ദൈവിക പദ്ധതികൾ അല്ലാഹു ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഈ സത്യമാണ് പണ്ഡിതന്മാർ മറച്ചുവെച്ച് മൗനമവലംബിക്കുന്നത്. സൂര്യന് കീഴിലുള്ള സകല വിഷയങ്ങളും അവർ ചർച്ച ചെയ്യുന്നു. പക്ഷേ ലോകത്ത് അവസാന കാലത്ത് ആഗതനാവുമെന്നും മഹാകുഴപ്പങ്ങൾ സൃഷ്ടിക്കുകയും മുസ്‌ലിംകൾക്കെതിരിൽ ആക്രമണം അഴിച്ചു വിടുകയും അവരെ വഴിതെറ്റിക്കുകയും ചെയ്യുന്ന ശക്തവാനായ ദജ്ജാൽ ആരാണെന്ന് മാത്രം മുസ്‌ലിം പണ്ഡിതന്മാർ വ്യക്തമായി വിശദീകരിക്കുന്നില്ല. പാശ്ചാത്യ ദജ്ജാലിയത്തിന്റെ നിരന്തരമായ ആക്രമണത്തിന് മുസ്‌ലിംകൾ വിധേയമാകുമ്പോഴും ആരാണ് ദജ്ജാൽ എന്ന് മുസ്‌ലിംകൾ അറിയാതെപോവുന്നു. അതിനെ പ്രതിരോധിക്കാൻ അല്ലാഹുവിന്റെ ഭാഗത്ത് നിന്ന് വന്ന ഈസബ്നു മറിയം ആരാണെന്നും മുസ്‌ലിംകൾ അറിയുന്നില്ല. എന്നത് ദൗർഭാഗ്യകരമാണ്. ഈ അവസ്ഥയെ സംബന്ധിച്ചും ഹദീസിൽ വ്യക്തമാക്കുന്നു.

*'ജനങ്ങൾ ദജ്ജാലിനെക്കുറിച്ച് പരാമർശിക്കുന്നതിൽ നിന്ന് വിസ്മരിക്കുന്ന കാലം വരുന്നത് വരെ ദജ്ജാൽ പുറപ്പെടുകയില്ല. ഇമാമുമാർ മിംബറുകളിൽ നിന്ന് ദജ്ജാലിനെ പരാമർശിക്കുന്നത് വരെയും.' (ഇമാം അഹ്മദ് മുസ്നദ്)*

ദജ്ജാൽ എന്ന ജനവിഭാഗത്തിന്റെ മതവിശ്വാസത്തിന്റെയും സംസ്ക്കാരത്തിന്റെയും ഭൗതിക പുരോഗതിയുടെയും പ്രത്യേകതകളാണ് ആലങ്കാരിക ഭാഷയിൽ ഹദീസുകളിൽ വിവരിച്ചിരിക്കുന്നത്. അതിൽ ആദ്യം പറഞ്ഞ പെരും നുണയനാണെന്ന ദജ്ജാലിനെക്കുറിച്ചുള്ള വിശേഷണം എന്താണെന്ന് മാത്രം വിവരിക്കാം. 'ദജല' എന്ന അറബി ധാതുവിന് പെരും നുണയൻ, മൂടുന്നവൻ, വലിയ കുബേരൻ, നിക്ഷേപകൻ, അതിശീഘ്രം ലോകസഞ്ചാരം നടത്തുന്നവൻ എന്നിങ്ങനെ നിരവധി അർഥങ്ങളുണ്ട്. ആ വിശേഷണങ്ങളെല്ലാം പാശ്ചാത്യ നാഗരികതക്ക് യോജിച്ചതാണ്. ദജ്ജാൽ ആരാണ് എന്ന് എളുപ്പത്തിൽ മനസ്സിലാക്കാൻ റസൂൽ തിരുമേനി(സ) പറഞ്ഞ ഒരു ഉപാധിയെകുറിച്ചുള്ള സൂചനകൾ അവർ പറയുന്ന പെരുംകള്ളത്തെയാണ് സൂചിപ്പിക്കുന്നത്.

*'അൽ കഹ്ഫിലെ ആദ്യത്തെ പത്ത് വചനങ്ങൾ ഹൃദിസ്ഥമാക്കുന്നവർക്ക് മസീഹു ദജ്ജാലിന്റെ ഉപദ്രവത്തിൽ നിന്ന് രക്ഷപ്പെടാൻ കഴിയും.' (മുസ്‌ലിം)*

ഖുർആന്റെ ഈ ആദ്യത്തെ പത്ത് വചനങ്ങൾ ദജ്ജാൽ ആരാണ് എന്നതിനെ സംബന്ധിച്ച് വ്യക്തമായ സൂചനകൾ നൽകുന്നു. ആ പത്ത് ആയത്തുകൾ എന്താണെന്ന് നോക്കാം

*'തന്റെ ദാസന് ഈ ഗ്രന്ഥം അവതരിപ്പിച്ചു കൊടുത്ത അല്ലാഹുവിനാണ് എല്ലാ സ്തുതിയും. അവൻ അതിൽ ഒരു വക്രതയും ആക്കിയിട്ടില്ല. സത്യപൂർണനും ഋജുവായ മാർഗ നിർദേശകവും (ആക്കിയിരിക്കുന്നു) അവന്റെ പക്കൽ നിന്നുള്ള കഠിനമായ ശിക്ഷയെക്കുറിച്ച് അത് മുന്നറിയിപ്പ് നൽകുന്നതിനും സൽക്കർമം ചെയ്യുന്ന സത്യ വിശ്വാസികൾക്ക് നല്ല പ്രതിഫലമുണ്ടെന്ന സന്തോഷ വാർത്ത അറിയിക്കുന്നതിന് വേണ്ടി. അവർ അതിൽ ശാശ്വതമായി നിവസിക്കുന്നവരായിരിക്കും. അല്ലാഹു തനിക്കായി ഒരു പുത്രനെ സ്വീകരിക്കുന്നുവെന്ന് പറയുന്നവർക്ക് മുന്നറിയിപ്പ് നൽകുന്നതിന് വേണ്ടിയുമാണ്. അവർക്കോ അവരുടെ പിതാക്കൾക്കോ അത് സംബന്ധിച്ച് യാതൊരറിവുമില്ല. അവരുടെ വായകളിൽ നിന്നും പുറപ്പെടുന്ന വാക്ക് ഗുരുതരമായതാണ്. കള്ളമല്ലാതെ അവർ പറയുന്നില്ല. അവർ ഈ സന്ദേശത്തിൽ വിശ്വസിക്കാത്ത പക്ഷം അവർ ഹേതുവായി ദുഃഖം നിമിത്തം*

***നിന്റെ ജീവനെ നീ നശിപ്പിച്ചേക്കുമോ. തീർച്ചയായും ഭൂതലത്തിലുള്ള എല്ലാ വസ്തുക്കളേയും നാം അതിന് ഒരലങ്കാരമാക്കിവെച്ചിരിക്കുന്നു. ഏറ്റവും നന്നായി പ്രവർത്തിക്കുന്നവർ ആരെന്ന് അവരെ പരീക്ഷിക്കുന്നതിന് വേണ്ടി. ഒരു നാൾ അതിന്മേലുള്ളതെല്ലാം തീർച്ചയായും നാം തരിശുനിലമാക്കി മാറ്റുന്നതാണ്. ഗുഹയുടേയും ശിലാ രേഖയുടെയും ആളുകൾ നമ്മുടെ ദൃഷ്ടാന്തങ്ങളിൽ പെട്ട ഒരു അത്ഭുതമായിരുന്നുവെന്ന് നീ ധരിക്കുന്നുണ്ടോ?' (അൽ കഹ്ഫ് 1-10)***

ദജ്ജാൽ എന്ന വിനാശ ശക്തി പിൽക്കാലത്ത് ക്രിസ്തു മതം സ്വീകരിച്ച പാശ്ചാത്യ ജനവിഭാഗമാണെന്ന് ഖുർആൻ അസന്ദിഗ്ദമായി വ്യക്തമാക്കുന്നു. യേശു ഫലസ്തീനിലും പിന്നീട് കിഴക്കൻ പ്രദേശങ്ങളിലും യഹൂദ ഗോത്രങ്ങൾക്കിടയിൽ പ്രബോധിച്ച യഥാർഥ ക്രിസ്തുമത തത്ത്വങ്ങളെ പറ്റി പാശ്ചാത്യരായ ഈ ജനവിഭാഗങ്ങൾക്കറിയില്ല. അവർ പ്രചരിപ്പിച്ച ഏറ്റവും വലിയ കള്ളം ദൈവത്തിന് ഒരു പുത്രനുണ്ട് എന്നതാണ്. മഹാനായ യേശു പ്രബോധനം ചെയ്ത യഥാർഥ ക്രിസ്തു മതത്തിന് കടക വിരുദ്ധമായി റോമൻ ആചാരങ്ങളും വിശ്വാസങ്ങളും കൂട്ടിക്കലർത്തിയ ശിർക്കിന്റെ ഏറ്റവും മൂർത്തരൂപമായിരുന്നു ദൈവത്തിന് ഒരു പുത്രനുണ്ട് എന്നവാദം. ***'അവരുടെ വായകളിൽ നിന്നും പുറപ്പെടുന്ന വാക്ക് ഗുരുതരമായതാണ്. കള്ളമല്ലാതെ അവർ പറയുന്നില്ല.'*** എന്ന ഖുർആനിക വചനം അവർ പ്രചരിപ്പിക്കുന്ന ശിർക്കൻ വിശ്വാസത്തിന്റെ ഗൗരവം ഉണർത്തുന്നു. ആധുനിക ക്രിസ്തു മതം ആസൂത്രിതമായി പ്രചരിപ്പിക്കുന്നത് ക്രിസ്തു പറയാത്ത ഈ വ്യാജ ദൈവ സങ്കൽപ്പമാണ്. ദൈവത്തിന് പുത്രനുണ്ട് എന്ന ഈ വൻ വ്യാജാരോപണം ആകാശഭൂമികൾ പൊട്ടിത്തകർന്നു പോകുമാറുള്ള ഗുരുതരമായ പാപമാണെന്ന് ഖുർആൻ മറ്റൊരിടത്ത് പറയുന്നു.

***'പരമ കാരുണികനായ അല്ലാഹു ഒരു പുത്രനെ സ്വീകരിച്ചിരിക്കുന്നു എന്ന് അവർ പറയുന്നു. തീർച്ചയായും നിങ്ങൾ ഒരു ഭയങ്കര നിഷിദ്ധ കൃത്യം ചെയ്തിരിക്കുന്നു. അതിനാൽ ആകാശങ്ങൾ പൊട്ടിപിളർന്നു പോകുകയും പർവതങ്ങൾ തകർന്നു വീഴുകയും ചെയ്തേക്കാം. പരമകാരുണികന് പുത്രനുണ്ട് എന്ന് വാദിച്ചത് കാരണത്താൽ.' (സൂറ: മർയം. 19:89-92)***

ആധുനിക കാലത്ത് ഭൗതികമായി ഏറ്റവും ശക്തിശാലികളായ പാശ്ചാത്യ ക്രൈസ്തവ ലോകം യേശു ദൈവത്തിന്റെ പുത്രനാണ് എന്ന തെറ്റായ വിശ്വാസം ലോകവ്യപകമായി പ്രചരിപ്പിക്കുകയാണ്. ദൈവത്തിന്റെ ഏകത്വത്തിന് എതിരായ ഏറ്റവും ഗുരുതരമായ ഈ കളവിനെ പറ്റിയാണ് ദജ്ജാൽ പറയുന്ന പെരുംനുണ എന്ന് ഹദീസുകളിൽ വിവരിക്കപ്പെട്ടിരിക്കുന്നത്. അതിന് ഒറ്റക്കണ്ണ് മാത്രമേ ഉണ്ടാകൂ എന്നത് ഭൗതികതയിൽ മാത്രമാണ് അവരുടെ നോട്ടം. ആ കാഴ്ച്ചക്ക് അതീവ ശക്തിയും ശേഷിയുമുണ്ടാകും. എന്നാൽ ആത്മീയതയുടെ വലത് ദൃഷ്ടി അന്ധമായിരിക്കും, ഇതാണ് ഒറ്റക്കണ്ണൻ എന്നത് കൊണ്ട് സൂചിപ്പിക്കുന്നത്.

ബനീ ഇസ്റായേൽ സമുദായത്തിൽ മസീഹായി വന്ന ഈസാ നബി (അ) തന്റെ ദൗത്യം പൂർത്തിയാക്കി കാലയവനികക്കുള്ളിൽ എല്ലാ പ്രവാചകന്മാരെയും പോലെ വഫാത്താകുകയുണ്ടായി. ഖാത്തമുന്നബിയ്യീനായ മുഹമ്മദ് നബി (സ) പോലും മരണം എന്ന അലംഘനീയ നിയമത്തിന് വിധേയനാണ്. എല്ലാ മനുഷ്യരും മരണപ്പെടുമെന്നും എല്ലാ പ്രവാചകന്മാരും പ്രത്യേകിച്ച് ഈസാനബി (അ)യും മരണപ്പെട്ടുപോയി എന്നും വിശുദ്ധ ഖുർആൻ അസന്ദിഗ്ദമായി പ്രഖ്യാപിക്കുന്നു. ഖുർആൻ പറയുന്നു. ***'എല്ലാ ജീവികൾക്കും മരണം നിശ്ചയിക്കപ്പെട്ടതാണ്.' (വി.ഖുർആൻ 29 58) 'മുഹമ്മദ് അല്ലാഹുവിന്റെ ഒരു റസൂൽ മാത്രമാണ്. അദ്ദേഹത്തിന് മുമ്പുള്ള എല്ലാവരും കാലഗതി പ്രാപിച്ചിരിക്കുന്നു.'(വി. ഖുർആൻ 3: 145)*** ഇനി ഈസാ നബി(അ)യെ പ്രത്യേകമായി അഭിസംബോധന ചെയ്ത് ***'അല്ലയോ ഈസാ ഞാൻ നിന്നെ മരിപ്പിക്കുകയും എന്റെ അടുക്കലേക്ക് ഉയർത്തുകയും അവിശ്വാസികളുടെ ആക്ഷേപത്തിൽ നിന്ന് നിന്നെ പരിശുദ്ധനാക്കുകയും ചെയ്യും.' (വി.ഖുർആൻ 3:56)*** ക്രിസ്ത്യാനികൾ മഹാനായ ഈസാനബിയെ സംബന്ധിച്ച് വെച്ചു പുലർത്തുന്ന അബദ്ധ വിശ്വാസങ്ങളെ സംബന്ധിച്ച് പരലോകത്ത് വെച്ച് അല്ലാഹു ഈസാ നബി(അ)യെ ചോദ്യം ചെയ്യുമ്പോൾ അദ്ദേഹം നൽകുന്ന മറുപടി ഖുർആൻ രേഖപ്പെടുത്തുന്നു. ***'നീ(അല്ലാഹു) എന്നോട് (ഈസാ നബി) കൽപ്പിച്ചതല്ലാതെ ഞാൻ അവരോട് പറഞ്ഞിട്ടില്ല. അതായത് എന്റേയും നിങ്ങളുടെയും നാഥനായ അല്ലാഹുവിനെ നിങ്ങൾ ആരാധിക്കുവീൻ എന്ന്. ഞാൻ അവരിൽ ഉണ്ടായിരുന്നിടത്തോളം ഞാൻ അവരുടെ മേൽ അതിന് സാക്ഷിയായിരുന്നു. എന്നാൽ നീ എന്നെ മരിപ്പിച്ചപ്പോൾ അവരുടെ മേൽ നോട്ടക്കാരൻ നീ തന്നെയായി. നീ എല്ലാ കാര്യങ്ങൾക്കും സാക്ഷിയാകുന്നു.'(വി. ഖുർആൻ 5: 118)***

പിന്നെ ദജ്ജാലിനെ സംഹരിക്കാൻ വരുമെന്ന് മുഹമ്മദ് നബി(സ) ഹദീസുകളിൽ പറഞ്ഞ ഈസബ്നു മറിയം ആരാണ് ? ***'നിങ്ങളിൽ നിന്ന് നിങ്ങൾക്ക് ഇമാമായിക്കൊണ്ട് ഈസബ്നു മറിയം നിങ്ങളിൽ ഇറങ്ങുമ്പോൾ നിങ്ങളുടെ സ്ഥിതി എത്രമേൽ നന്നായിരിക്കുകയില്ല.'(ബുഖരി, മുസ്ലിം)*** ഈസബ്നു മറിയം

ശേഷം പേജ് 41 ൽ

# ഉറക്കം

ഉറക്കം എല്ലാ ജീവജാലങ്ങൾക്കും അനിവാര്യമാണ്. ഉറക്കത്തെ സംബന്ധിച്ച് റസൂൽ തിരുമേനി (സ) യുടെ അദ്ധ്യാപനങ്ങൾ മാതൃകാപരവും ആരോഗ്യദായകവും മനുഷ്യന്റെ ആത്മീയ ജീവിതത്തെ ദൃഢപ്പെടുത്തുന്നതുമാണ്.

**ഡോ. ഷാനവാസ് ഖാൻ**

പ്രവർത്തി എടുത്തതിന് ശേഷം എല്ലാ ജീവജാലങ്ങൾക്കും ഉറക്കം ആവശ്യമാണ്. കാരണം പ്രവർത്തനംമൂലം ശരീര കോശങ്ങൾക്ക് തേയ്മാനം സംഭവിക്കുന്നു. ഉറക്ക സമയത്ത് പരിക്ക് പറ്റിയ കോശങ്ങൾ മാറ്റി വെക്കപ്പെടുകയും അവശിഷ്ടങ്ങളായ പാഴ് വസ്തുക്കൾ പുറന്തള്ളുകയും ചെയ്യുന്നു. മനുഷ്യന് മാത്രമല്ല ജീവിലോകത്തിനെല്ലാം ഉറക്കമാവശ്യമാണ്. ചെടികൾക്ക് പോലും ഉറക്കവും വിശ്രമവും ആവശ്യമാണ്. ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ് സൂര്യകാന്തി പൂവ്. അതിന്റെ ദലങ്ങൾ സൂര്യൻ ഉദിക്കുമ്പേൾ വിടരുകയും അസ്തമിക്കുമ്പോൾ കൂമ്പുകയും ചെയ്യുന്നു.

നാം എത്ര ഉറങ്ങണം എന്നത് സംബന്ധിച്ച് കർശനമായതും സുസ്ഥാപിതവുമായ നിയമങ്ങളൊന്നുമില്ല. അത് ഒരാളുടെ പ്രായം, ജോലി, വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ എന്നിവ ആശ്രയിച്ചായിരിക്കും. ശിശുക്കൾക്കും കുട്ടികൾക്കും മുതിർന്നവരേക്കാൾ ഉറക്കം അധികമാണ്. പ്രായമായവർക്ക് ഉറക്കത്തേക്കാൾ വിശ്രമമാണ് ആവശ്യം. അവർ ഭൂരിപക്ഷ സമയവും വിശ്രമാവസ്ഥയിലായിരിക്കും. ശരീരം കൊണ്ട് ജോലി ചെയ്യുന്നവരേക്കാൾ മസ്തിഷ്ക്കം കൊണ്ട് ജോലി ചെയ്യുന്നവർക്ക് കൂടുതൽ ഉറക്കം ആവശ്യമാണ്. ക്ഷീണിച്ചവർക്കും രോഗികൾക്കും ആരോഗ്യമുള്ളവരേക്കാൾ ഉറക്കം ആവശ്യമാണ്. മസ്തിഷ്ക്ക ജോലികൾ ചെയ്യുന്ന ആളുകൾ 7 മണിക്കൂറെങ്കിലും നിർബന്ധമായും ഉറങ്ങേണ്ടതുണ്ട്.

ഉറക്കത്തിന് ഏറ്റവും പറ്റിയ സമയം രാത്രിയാണ്. രാത്രി ഉറക്കം കേവലം ഒരു ശീലം മാത്രമല്ല. ആളുകളധികവും പകലാണ് ജോലി. അതുകൊണ്ട് കൂടിയാണ് രാത്രി ഉറങ്ങുന്നത്. മാത്രമല്ല പ്രകൃതിയും പകൽ വെളിച്ചം പ്രവർത്തി നിർവഹിക്കാനും രാത്രി ഉറക്കത്തിനുമായാണ് ക്രമീകരിച്ചിട്ടുള്ളത്. പ്രകൃതി ഒരുക്കിയിട്ടുള്ള ഈ ക്രമം വിട്ട് നാം മറ്റൊരു വഴി സ്വീകരിക്കുകയാണെങ്കിൽ അത് കൂടുതൽ ദോഷകരവും രോഗത്തെ ക്ഷണിച്ചു വരുത്തുന്നതുമാണ്. അതിനുള്ള തെളിവ്, നിശാവേളയിൽ ഉറക്കൊഴിഞ്ഞ് ജോലി ചെയ്യുന്ന രാത്രി കാവൽക്കാരും സിനിമാ പ്രവർത്തകരുമാണ്. അവരുടെ ആരോഗ്യത്തിന് അവസാനം വിനയായി തീരുന്നത് ഈ ഉറക്കമൊഴിച്ചിലാണ്. ഉറക്കം ദഹന പ്രക്രിയയെ സ്വാധീനിക്കുകയും പോഷകാംശങ്ങൾ സ്വാംശീകരിക്കുകയും ചെയ്യുന്നു. ദീർഘമായ ഉറക്കം ആരോഗ്യത്തിന് ഹാനികരമാണ്. അത് ദോഷകരമായ ശരീര ബാഷ്പങ്ങളെ കൂടുതലായി സ്വാംശീകരിക്കാൻ കാരണമാകുന്നു. അമിതമായ ഉറക്കം ഒരാളെ ഉന്മേഷവാനും ഊർജസ്വലനുമാക്കുന്നതിന് പകരം ക്ഷീണിതനാക്കുകയാണ് ചെയ്യുന്നത്. ഇടവിട്ട് കൊണ്ടുള്ള ഹ്രസ്വ സമയം പ്രവൃത്തിയും ഹ്രസ്വ സമയം വിശ്രമവുമാണ് നല്ലത്. റസൂൽ തിരുമേനി (സ) യുടെ മാതൃകയാണ് ഏറ്റവും അനുകരണീയം. അവിടുന്ന് നേരത്തെ തന്നെ ഉറങ്ങാൻ കിടക്കുകയും അർധരാത്രി കഴിഞ്ഞ് കുറച്ച് സമയമാവുമ്പോഴേക്കും തഹജ്ജുദ് നമസ്കാരത്തിനായി എഴുന്നേൽക്കുകയും ചെയ്യും. ഉച്ചക്ക് അൽപ്പം ലഘു നിദ്രയിൽ മുഴുകുകയും ചെയ്യും. വൈകി ഉറങ്ങുന്നതും വൈകി എഴുന്നേൽക്കുന്നതും നല്ലതാണെന്ന് ചില ആളുകൾ പറയുന്നു. തീർച്ചയായും ഈ സമ്പ്രദായം പ്രകൃതി വിരുദ്ധവും ആരോഗ്യത്തിന് ഹാനികരവുമാണ്. എല്ലാ ജീവജാലങ്ങളും നേരത്തെ പ്രഭാതത്തിൽ തന്നെ എഴുന്നേൽക്കുന്നതായി നാം കാണുന്നു. ഒരു മുസ്ലിം നേരത്തെ എഴുന്നേൽക്കാൻ ബാദ്ധ്യസ്ഥനാണ്. അയാളുടെ ദിവസത്തിലെ ആദ്യത്തെ നമസ്കാരം പ്രഭാതത്തിലാണ് ആരംഭിക്കുന്നത്. ഈ ശീലം പ്രകൃതിപരവും ആരോഗ്യകരവുമാണ്.

മലർന്ന് കിടന്ന് ഉറങ്ങുന്നത് ആരോഗ്യകരമല്ല. അത് നട്ടെല്ലിന് അമിത സമ്മർദം ഉണ്ടാക്കും. ചിലപ്പോൾ സ്വപ്ന സ്ഖലനം ഉണ്ടാക്കുകയും ചെയ്യും മുഖം കുത്തി കമഴ്ന്ന് കിടന്നുറങ്ങുന്നതും ആരോഗ്യകരമല്ലാത്ത ശീലമാണ്. ഇടത് ഭാഗം ചരിഞ്ഞ് കിടന്നുറങ്ങുന്നതും ആരോഗ്യത്തിന് ഹാനികരമാണ്. അത് ഹൃദയത്തിന് കൂടുതൽ ഭാരമുണ്ടാക്കും. അതിന്റെ ഫലമായി മസ്തിഷ്ക്കത്തിലേക്കുള്ള രക്തപ്രവാഹത്തെ ബാധിക്കുകയും തടസ്സമുണ്ടാക്കുകയും ചെയ്യും. അങ്ങനെ കിടന്നുറങ്ങുന്നത് ദുസ്വപ്നങ്ങൾ കാണാനും സ്വപ്നാടനത്തിനും കാരണമാകും. വലത് ഭാഗം ചരിഞ്ഞ് ഉറങ്ങുന്നതാണ് ശാസ്ത്രീയമായി ഏറ്റവും ഉത്തമം. ഈ വസ്തുത ആധുനിക വൈദ്യശാസ്ത്ര ഗവേഷണം അംഗീകരിച്ചതാണ്. നമ്മുടെ യജമാനനായ റസൂൽതിരു മേനി(സ) യുടെ അധ്യാപനങ്ങളിൽ അവിടുന്ന് വലത് ഭാഗം ചേർന്ന് കിടക്കാനാണ് തന്റെ അനുയായികളെ ഉപദേശിച്ചിട്ടുള്ളത്. അത്പോലെ ഉറങ്ങുമ്പോൾ തല കഴിയുന്നതും വടക്ക് ഭാഗത്തേക്കായിരിക്കണം വെക്കേണ്ടത്. കാരണം ഭൂമിയുടെ കാന്തിക പ്രവാഹം വടക്ക് നിന്നും തെക്കോട്ടേക്കാണ് പ്രവഹിക്കുന്നത്. അത് വളരെ സൂക്ഷ്മവും നിഗൂഢമായും നമ്മുടെ നാഡിവ്യവസ്ഥയുമായി ബന്ധപ്പെട്ടതുമാണ്. നമ്മുടെ ശരീരം ഒരിക്കലും ഈ കാന്തിക പ്രവാഹത്തിന്റെ ഒഴുക്കിന് എതിരായിരിക്കാൻ പാടില്ല. ഉറങ്ങാൻ പോവുമ്പോൾ നാം പ്രധാനമായും ശ്രദ്ധിക്കേണ്ടത് നമ്മുടെ ഉപബോധ മനസ്സിൽ ലീനമായി കിടക്കുന്ന കാര്യങ്ങൾ നമ്മുടെ ചിന്തകളെയും നമ്മുടെ പ്രവർത്തികളേയും ബാധിക്കുന്നു എന്നതാണ്. അതിനുള്ള തെളിവ് ഒരു ശിശു കരഞ്ഞു കൊണ്ടാണ് ഉറങ്ങുന്നതെങ്കിൽ അത് ഉണരുന്നതും കരഞ്ഞു കൊണ്ടായിരിക്കും. അത് മുല കുടിച്ചു കൊണ്ടാണ് ഉറങ്ങുന്നതെങ്കിൽ ഉണരുമ്പോൾ ചുണ്ടു കൊണ്ട് മുല കുടിക്കുന്ന ചലനത്തോടെയായിരിക്കും അത് ഉണരുക. അത് കൊണ്ട് നാം ഉറങ്ങാൻ കിടക്കുമ്പോൾ ധാർമികമായും അദ്ധ്യാത്മികമായുമുള്ള സദ്ചിന്തയോടെയായിരിക്കണം കിടന്നുറങ്ങേണ്ടത്.

നമ്മുടെ യജമാനനായ റസൂൽതിരുമേനി (സ) നമ്മോട് ഉപദേശിച്ചത് ഉറങ്ങാൻ പോവുമ്പോൾ വിശുദ്ധ ഖുർആനിലെ ആയത്തുൽ കുർസിയും അവസാനത്തെ മൂന്ന് സൂറത്തുകളും ഓതണമെന്നാണ്. ഇത് ഒരു മന്ത്രം പോലെ ഉരുവിടുകയല്ല വേണ്ടത്. ഈ ആയത്തുകളിൽ അല്ലാഹുവിന്റെ ഏറ്റവും പാവനമായ ഗുണങ്ങളാണ് വിവരിച്ചിരിക്കുന്നത്. ഒരു വ്യക്തിയുടെ ഹൃദയത്തെ അത് അഗാധമായി സ്വാധീനിക്കുന്നു. നാം ഈ സൂക്തങ്ങളെക്കുറിച്ച് ആഴത്തിൽ ചിന്തിച്ചു കൊണ്ടിരുന്നാൽ അത് നമ്മുടെ ആത്മാവിനെ ശുദ്ധീകരിക്കുകയും നമ്മുടെ ആത്മീയ സ്ഥാനത്തെ ഉയർത്തുകയും ചെയ്യും. തിന്മ നിറഞ്ഞ ചിന്തകളിൽ നിന്നും ദോഷകരമായ കാര്യങ്ങളിൽ നിന്നും ദൈവത്തിൽ നാം അഭയം തേടുകയാണെങ്കിൽ തീർച്ചയായും അത് നമ്മുടെ ആത്മീയ നിലവാരത്തെ ഉയർത്തുന്നതായിരിക്കും. ഈ ശീലം നാം വളർത്തിയെടുക്കുകയാണെങ്കിൽ നമ്മുടെ ധാർമികതയെ അത് ശക്തിപ്പെടുത്തുന്നതായിരിക്കും.

രാത്രി ഭക്ഷണം കഴിച്ചതിന് ശേഷം ഉടനെ ഉറങ്ങാൻ പോവുന്നത് ആശാസ്യകരമല്ല. പ്രായമായവർ രാത്രി ഭക്ഷണം കഴിച്ചതിന് ശേഷം ഒരു മൈൽ നടക്കുന്നത് എപ്പോഴും നല്ലതാണ്. മുസ്‌ലിംകളോട് ഇശാനമസ്ക്കാരം പ്രത്യേകിച്ച് പള്ളിയിൽ പോയി ജമാഅത്തായി നമസ്ക്കരിക്കാൻ പറഞ്ഞ കാര്യം ശ്രദ്ധേയമാണ്. ഈ ഉപദേശം ആത്മാവിന് മാത്രമല്ല ശരീരത്തിനും കൂടി നല്ലതാണ്. നിരന്തരമായി ഉറക്കമൊഴിച്ചാൽ അത് മാനസികമായി ദൗർബല്യമുണ്ടാക്കും. അത് കൊണ്ട് രാത്രി ശരിയായ രീതിയിലുള്ള ഉറക്കം വളരെ പ്രാധാന്യമുള്ളതാണ്. നമ്മുടെ ചിന്ത ഒരു ബിന്ദുവിൽ കേന്ദ്രീകരിക്കുകയാണെങ്കിൽ ഉറക്കമില്ലായ്മ ഇല്ലാതാക്കാനാകും. ഉറങ്ങാൻ പോകുന്നതിന് മുമ്പായി വുളു ചെയ്യലും ചൂടുവെള്ളത്തിൽ കുളിക്കുന്നതും ചൂടുപാനീയങ്ങൾ കുടിക്കലും ഉറക്കമില്ലായ്മ ഇല്ലാതാക്കിയേക്കും.

ഇസ്‌ലാമിന്റെ എല്ലാ അദ്ധ്യാപനങ്ങളും തികച്ചും പ്രകൃതിക്ക് യോജിച്ചതാണ്. ആരോഗ്യദായകവുമാണ്. ആധുനിക ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ ഇസ്‌ലാമികാദ്ധ്യാപനങ്ങൾ പഠിക്കുക എന്നത് ഏറ്റവും ആവേശകരവും വിസ്മയകരവുമാണ്.

വിശ്വസിച്ചവരേ, നീതി പാലിക്കുന്നതിന് വേണ്ടി നിങ്ങൾ കണിശക്കാരായിരിക്കുവിൻ. നിങ്ങൾക്കെതിരായാലും നിങ്ങളുടെ മതാപിതാക്കന്മാർക്കോ ഉറ്റവർക്കോ എതിരായാലും അല്ലാഹുവിന് വേണ്ടി നിങ്ങൾ നീതിയിൽ ഉറച്ചു നിൽക്കുവീൻ, അവൻ ധനവാനായാലും ദരിദ്രനായാലും അല്ലാഹുവാണ് അവരുമായി കൂടുതൽ അടുത്തവൻ. നീതി മാർഗ്ഗത്തിൽ നിന്ന് തെന്നിപ്പോകാതിരിക്കാൻ നിങ്ങൾ സേഛക്ക് അടിമപ്പെടാതെ സൂക്ഷിക്കുവീൻ നിങ്ങൾ സത്യം മറച്ചുവെക്കുകയോ വളച്ചൊടിക്കുകയോ ചെയ്യുന്ന പക്ഷം നിങ്ങൾ പ്രവർത്തിക്കുന്നതെന്താണെന്ന് അല്ലാഹു നല്ലവണ്ണം അറിയുന്നവനത്രെ. (വിശുദ്ധ ഖുർആൻ 4:136)

# ശരീഅത്ത് നിയമവും രാഷ്ട്ര നിയമവും

തെക്കേ അമേരിക്കൻ രാജ്യമായ സൂരിനാമിലെ മതാന്തരീയ ചർച്ചാ വേദി (Inter-relegion consults, Suriname) എന്ന സംഘടനയുടെ ആഭിമുഖ്യത്തിൽ 1991 ജൂൺ 3–ാം തീയതി സംഘടിപ്പിച്ച പ്രഥമ യോഗത്തിൽ പ്രഭാഷകനായിരുന്ന ഖലീഫത്തുൽ മസീഹ്, ശരീഅത്ത് നിയമം ഒരിക്കലും രാഷ്ട്രനിയമമായി പരിവർത്തിപ്പിക്കാൻ സാധ്യമല്ലെന്നും ഒരു മതവും തങ്ങളുടെ മതനിയമങ്ങൾ രാഷ്ട്രനിയമങ്ങളായി മാറ്റുന്നത് ശരിയല്ലെന്നും വ്യക്തമാക്കുന്നു. കേവലനീതിയുടെ അടിസ്ഥാനത്തിലുള്ള സെക്കുലർ ഗവൺമെന്റാണ് ഇസ്‌ലാം വിഭാവനം ചെയ്യുന്നതെന്നും, മതം രാഷ്ട്ര വ്യവഹാരങ്ങളിലും രാഷ്ട്രം മതകാര്യങ്ങളിലും നേരിട്ട് ഇടപെടാൻ പാടില്ല എന്ന സെക്കുലർ തത്വമാണ് അഭികാമ്യമെന്നും അദ്ദേഹം തന്റെ പ്രഭാഷണത്തിലും തുടർന്ന നടന്ന് ചോദ്യോത്തരത്തിലും അഭിപ്രായപ്പെടുന്നു.*

**ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)**

സമാദരണീയ ബിഷപ്പ് അവർകളെ ഈ സമിതിയുടെ ജനറൽ സെക്രട്ടറി മറ്റു ബഹുമാന്യരായ അതിഥികളെ സഹോദരീ സഹോദരന്മാരെ, ഈ സമിതിയുടെ രൂപീകരണത്തിന് ശേഷം ആദ്യമായി ക്ഷണിക്കപ്പെടുന്ന വ്യക്തിയാണ് ഞാൻ. ഇത് മഹിതമായ ഒരു ബഹുമതിയായി ഞാൻ കരുതുന്നു. യാതൊരു തടസ്സവുമില്ലാതെ സ്വതന്ത്രമായി നിങ്ങളുമായി അനുഭവങ്ങൾ പങ്കുവെക്കാം, ഉത്കണ്ഠയോ വികാരാവേശമോ കൂടാതെ പക്വതയാർന്ന സംവാദങ്ങളിലേർപ്പെടാം, മിതസ്വഭാവമുള്ള സാധാരണക്കാരെ പോലെ വാദമുഖങ്ങളെ ഖണ്ഡിച്ചുകൊണ്ട് നമ്മുടെ വീക്ഷണങ്ങൾ സഭ്യമായ രീതിയിൽ അവതരിപ്പിക്കാം. മറ്റുള്ളവർ നമ്മെ എങ്ങനെ മനസ്സിലാക്കുന്നു എന്ന് അറിയാനും മറ്റുള്ളവരെ നമുക്ക് മനസ്സിലാക്കാനും ഇവിടെ സന്ദർഭം ലഭിക്കുന്നു. അതുകൊണ്ടെല്ലാംതന്നെ ഈ തുറന്ന സംവാദം എനിക്ക് അസുലഭമായൊരു ചരിത്രമുഹൂർത്തമാണ്. ഒരു തുറന്ന സംവാദത്തിന്റെ ഉദ്ദേശ്യം ഇതൊക്കെതന്നെയാണ്. ഈ മഹത്തായ പരിപാടി നിങ്ങൾ ഏറ്റെടുത്തു നടത്തുന്നു എന്നതിൽ ഞാൻ അതീവ സന്തുഷ്ടനാണ്. ജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളിലും ഇത്തരം തുറന്ന സംവാദങ്ങൾ ലോകത്ത് അനിവാര്യമാണ്.

ഞാനിവിടെ പറയാനുദ്ദേശിക്കുന്ന വിഷയം സംസാരിക്കുന്നതിന് മുമ്പായി നിങ്ങളോട് എനിക്ക് മാപ്പ് ചോദിക്കേണ്ടിവന്നിരിക്കുകയാണ്. അതായത് ഈ രണ്ട് വിഷയങ്ങളും അതിവിപുലങ്ങളാണ്. പരിമിതമായ ഈ സമയത്തിനുള്ളിൽ അവ രണ്ടും പറഞ്ഞുതീർക്കാൻ സാധ്യമല്ല. ഒരു വിഷയത്തോടു പോലും നീതി പുലർത്തുന്ന രീതിയിൽ സംസാരിക്കാൻ ഈ സമയം പര്യാപ്തമല്ല. അതിനാൽ ഞാൻ ഒരു നിർദേശം വെക്കാം. ഈ വിഷയത്തിന്റെ ആദ്യത്തെ ഭാഗമായ ശരീഅത്തും (ഇസ്‌ലാം മതനിയമം) രാഷ്ട്രീയവും, ശരീഅത്ത് നിയമം ഏതെങ്കിലും ഒരു രാജ്യത്ത് നടപ്പാക്കൽ എന്നീ വിഷയങ്ങൾ സംസാരിച്ചതിന് ശേഷം സമയം ബാക്കിയുണ്ടെങ്കിൽ ഞാൻ വിഷയത്തിന്റെ രണ്ടാം ഭാഗത്തിൽ പ്രവേശിക്കും. സമയമില്ലെങ്കിൽ നമുക്ക് ആ വിവരണം വിടാം. കാരണം നിങ്ങൾക്ക് നിങ്ങളുടെ വീക്ഷണം അവതരിപ്പിക്കാനുള്ള സമയം അപ്പോൾ ലഭിക്കു

ന്നതാണ്. നിങ്ങൾ ഇഷ്ടപ്പെടുന്നുവെങ്കിൽ അപ്പോൾ നിങ്ങൾക്ക് ചോദ്യങ്ങൾ ചോദിക്കാവുന്നതുമാണ്. ഞാൻ ചുരുക്കി പറയാൻ ശ്രമിക്കാം. എങ്കിലും അത് സമഗ്രമായിരിക്കുകയും വേണം. ശരീഅത്ത് നിയമം ഇന്ന് മുസ്‌ലിം രാജ്യങ്ങളിൽ ചൂടോടെ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു വിഷയമാണ്.

## പാകിസ്താനിലെ ശരീഅത്ത് നിയമം

ശരീഅത്ത് നിയമത്തെ പറ്റി പാകിസ്താനിൽ പ്രബുദ്ധവും തീപാറുന്നതുമായ ചർച്ചകളാണ് നടന്നുകൊണ്ടിരിക്കുന്നത്. ഒരു മുസ്‌ലിം ഭൂരിപക്ഷ രാജ്യത്ത് ശരിഅത്ത് നിയമം നടപ്പാക്കാൻ മുസ്‌ലിംകൾക്ക് അവകാശമുണ്ട്. അതിനേക്കാളുപരി അത് മുസ്‌ലിംകളുടെ ഒരു ബാദ്ധ്യതയുമാണെന്നാണ് പൊതുവേ മനസ്സിലാക്കപ്പെടുന്നത്. മുസ്‌ലിംകൾ ഖുർആനിൽ വിശ്വസിക്കുന്നുവെങ്കിൽ ഖുർആൻ മനുഷ്യപ്രവർത്തനത്തിന്റെ സകലമേഖലയേയും സ്പർശിക്കുന്ന ഗ്രന്ഥമാണെന്നും ജീവിതത്തിന്റെ സമസ്ത മേഖലകളിലും മനുഷ്യൻ എങ്ങനെ പെരുമാറണമെന്ന് നിർദേശിക്കുന്ന ഗ്രന്ഥമാണെന്നും വിശ്വസിക്കേണ്ടതുണ്ട് എന്നാണ് വാദം. അല്ലാത്ത പക്ഷം ഈ അവകാശവാദവുമായി വെറുതെയിരിക്കുന്നത് കാപട്യമാണെന്നും വാദിക്കപ്പെടുന്നു. ഖുർആനെ സംബന്ധിച്ച് അങ്ങനെ വിശ്വസിക്കുന്ന മുസ്‌ലിംകൾ അനിവാര്യമായും ശരീഅത്ത് നിയമം നടപ്പിലാക്കുകയും അത് രാജ്യത്ത് അംഗീകാരമുള്ള ഒരേയൊരു നിയമമാക്കി മാറ്റുകയും വേണം.

ഈ പറയപ്പെട്ടത് വിഷയത്തിന്റെ ഒരു വശമാണ്. മറുവശത്താകട്ടെ ശരീഅത്ത് നിയമങ്ങൾ നടപ്പാക്കുന്നത് സംബന്ധിച്ച് നിരവധി തടസ്സങ്ങൾ ചൂണ്ടിക്കാണിക്കപ്പെടുന്നു. അതായത് നിയമ പ്രശ്നങ്ങൾ, ഗുരുതരമായ ഭരണഘടനാ പ്രശ്നങ്ങൾ, ശരീഅത്ത് നിയമം നടപ്പാക്കുന്ന മേഖലകളിലെല്ലാം സംജാതമാവുന്ന ബുദ്ധിമുട്ടുകൾ എന്നിവയാണവ. മുസ്‌ലിംകളുടെ സാധാരണജീവിതത്തെക്കുറിച്ച് പറയുകയാണെങ്കിൽ അവർ മാതൃകാജീവിതം നയിക്കാത്തവർ മാത്രമല്ല അധികവും അതിന് വിപരീതമാർഗത്തിൽ ചരിക്കുന്നവരാണ്. അത്തരം ഒരു സമൂഹത്തിനുമേൽ ശരീഅത്ത് നിയമം പ്രാവർത്തികമാക്കുകയോ അടിച്ചേൽപ്പിക്കുകയോ ചെയ്യാൻ സാധ്യമല്ല എന്ന് പറയുന്നത് എന്ത്കൊണ്ടാണെന്ന് ഞാൻ ചുരുക്കി വിവരിക്കാം. ഇസ്‌ലാം മതം ആചരിക്കാൻ പൂർണസ്വാതന്ത്ര്യമുള്ള ജീവിതമേഖലകളിലെല്ലാം മുസ്‌ലിംകൾ വളരെയധികം വീഴ്ചകൾ വരുത്തുന്നു എന്നിരിക്കെ സ്വയേച്ഛയാൽ ഇസ്‌ലാം മതം ആചരിക്കാൻ വിമുഖരായ ഇക്കൂട്ടരെ നിയമം മുഖേനയോ അധികാരശക്തികൊണ്ടോ എങ്ങനെ ഇസ്‌ലാമിക മാർഗത്തിൽ വഴിനടത്താനാവും? ഇത്പോലെ നിരവധി മേഖലകളിൽ ശരീഅത്ത് നടപ്പാക്കുന്നത് സംബന്ധിച്ച് ചർച്ചകളും തീക്ഷ്ണമായ സംവാദങ്ങളും തുടരുകയാണ്. ഈ വിഷയത്തിന്റെ നാനാവശങ്ങളെ സംബന്ധിച്ച് വളരെ ചുരുക്കത്തിൽ ഞാൻ വിവരിക്കാം.

പാകിസ്താനിൽ നടന്നുകൊണ്ടിരിക്കുന്ന ശരീഅത്ത് സംവാദങ്ങളിലെല്ലാം വ്യക്തിപരമായി പങ്കെടുത്തുകൊണ്ടിരിക്കുന്ന ഒരാളാണ് ഞാൻ. ലണ്ടനിൽ വരുന്ന നിരവധി പണ്ഡിതന്മാരെയും മാർഗനിർദേശങ്ങൾക്ക് വേണ്ടി എനിക്ക് കത്തെഴുതുന്നവരേയും ഈ വിഷയത്തിൽ ഞാൻ സഹായിക്കാറുണ്ട്. എന്നെ സമീപിക്കുന്ന ഇവർക്കെല്ലാം വലിയ കുറിപ്പുകളെഴുതിക്കൊടുത്തുകൊണ്ടല്ല ഞാനത് നിർവ്വഹിച്ചത്. പക്ഷേ വലിയൊരളവോളം കാര്യത്തിന്റെ യാഥാർഥ്യം അവർക്ക് ബോദ്ധ്യപ്പെടുത്തിക്കൊടുക്കാൻ എനിക്ക് സാധിച്ചിട്ടുണ്ട്. പ്രസിദ്ധീകരിക്കപ്പെട്ട നിരവധി ലേഖനങ്ങളിൽ എന്റെ അഭിപ്രായങ്ങൾ പ്രതിഫലിക്കുകയും ചെയ്തിട്ടുണ്ട്.

ശരീഅത്ത് ഒരു നിയമമാണ്. അതിൽ യാതൊരു സംശയവുമില്ല. അത് ഇസ്‌ലാമിക നിയമമാണ്. മുസ്‌ലിംകൾക്കുവേണ്ടിയുള്ളതാണ്. പക്ഷേ ഒരു രാഷ്ട്രീയ ഭരണകൂടത്തിന് ശരീഅത്ത് എത്രത്തോളം നിയമങ്ങളാക്കി പരിവർത്തിപ്പിക്കാനാവും എന്നതാണ് പ്രശ്നം. അതിനുപുറമെ മറ്റു പല പ്രശ്നങ്ങളും ഇതിൽ ഉൾപ്പെടുന്നു. ഉദാഹരണത്തിന് ഒരു മുസ്‌ലിം രാജ്യത്തിന് അവരുടെ മതനിയമങ്ങൾ രാഷ്ട്രനിയമങ്ങളായി മാറ്റാൻ അവകാശമുണ്ടെങ്കിൽ അതേ യുക്തിന്യായമുപയോഗിച്ച് അമുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളിൽ അവരുടെ മതത്തിന്റെ നിയമങ്ങളും ഈ വിധം പ്രാവർത്തികമാക്കാൻ അവർക്കും അവകാശമുണ്ടായിരിക്കുന്നതാണ്.

അങ്ങനെ ലോകം മുഴുവൻ രാഷ്ട്രീയസംഘർഷത്തിന്റെ വേദി മാത്രമല്ല, മതരാഷ്ട്രീയ സംഘർഷങ്ങളുടെ വേദികൂടി ആയിത്തീരുന്നു. അവരെല്ലാംതന്നെ തങ്ങളുടെ നിയമങ്ങൾ ദൈവത്തിൽ ആരോപിക്കുന്നവരാണ്. അതേസമയം അവരുടെ നിയമങ്ങളെല്ലാം പരസ്പരം കടകവിരുദ്ധങ്ങളുമാണ്. ദൈവം ഒരു ജനതയോട് പറയുന്ന കാര്യം മറ്റൊരു ജനതയോട് മറ്റൊരു വിധത്തിൽ പറയുന്നു. അതായത് ഒരു ജനതയിൽ നടപ്പാക്കണമെന്ന് പറഞ്ഞ നിയമം മറ്റൊരു ജനതയോട് നടപ്പാക്കാൻ പാടില്ലാത്ത അസത്യമാണെന്നും പറയുന്നു. ഇത്തരം ആശയക്കുഴപ്പങ്ങൾ ജനങ്ങൾക്ക് ദൈവത്തിലുള്ള വിശ്വാസം തന്നെ ഇല്ലാതാക്കും.

ഉദാഹരണത്തിന് ഇന്ത്യയെ പോലുള്ള ഒരു രാജ്യത്ത് ഭൂരിപക്ഷ ഹിന്ദുക്കളുടെ നിയമം ന്യൂനപക്ഷീയരായ മുസ്‌ലിംകളിൽ പ്രാവർത്തികമാക്കുകയാണെങ്കിൽ എന്തായിരിക്കും സംഭവിക്കുക എന്ന് നിങ്ങൾ ഭാവനയിൽ കണ്ടുനോക്കൂ. ഇസ്‌ലാമിക രാജ്യങ്ങളിൽ നടക്കുന്ന ശരീഅത്ത് വത്ക്കരണ നീക്കങ്ങളുടെ പ്രതികരണം എന്ന നിലക്ക് ഇന്ത്യൻ സമൂഹത്തിലെ വലിയൊരളവോളം തീവ്രവാദികളായ ഹിന്ദു

ക്കൾ ഇത്തരം ആവശ്യങ്ങൾ ഉന്നയിക്കാൻ തുടങ്ങിയിരിക്കുന്നു എന്നത് ഒരു വാസ്തവമാണ്. ഒരു ഇസ്ലാമിക രാജ്യത്ത് ഇങ്ങനെ സംഭവിക്കുമെന്ന് വിചാരിച്ചാൽ ഇന്ത്യയിൽ മുസ്ലിംകൾക്കും അത്പോലെ മറ്റു മതന്യൂനപക്ഷങ്ങൾക്കും എന്താണ് സംഭവിക്കുക എന്ന് ആലോചിച്ചുനോക്കൂ. അതിലുപരിയായി ഇത് ഇന്ത്യയുടെ മാത്രം പ്രശ്നമല്ല. ഇസ്രായേൽ രാജ്യത്ത് ജൂതമതത്തിന്റെ നിയമമായ തൽമൂദ് അവരുടെ രാജ്യത്തെ നിയമമായി പ്രഖ്യാപിച്ചാൽ അവസ്ഥയെന്തായിരിക്കും?

ഞാൻ തൽമൂദ് വായിച്ചതാണ്. ഒരു ജൂതനല്ലാത്ത വ്യക്തിക്ക് ജൂതനിയമത്തിനുകീഴിൽ അന്തസ്സോടെയും സാധാരണ നിലയിലും ജീവിക്കാൻ സാധ്യമല്ല. അപ്രകാരം ക്രിസ്തുമതക്കാർക്കും ബുദ്ധമതക്കാർക്കും ഇതേ അവകാശം വകവെച്ചുകൊടുക്കേണ്ടിവരും.

## നിയമനിർമാണത്തിലെ പങ്കാളിത്തം

അടുത്ത ചർച്ച രാഷ്ട്ര സങ്കൽപത്തെക്കുറിച്ചാണ്. രാഷ്ട്രീയത്തെ സംബന്ധിച്ചും അന്താരാഷ്ട്ര നിയമത്തെക്കുറിച്ചും ചർച്ച ചെയ്യുന്നവരാൽ പരിഹരിക്കപ്പെടേണ്ടതും ചർച്ച ചെയ്യപ്പെടേണ്ടതുമായ ഒരു അടിസ്ഥാന വിഷയമാണിത്. ഒരു രാജ്യത്ത് ജനിച്ചു വീഴുന്ന പൗരന് ആ രാജ്യത്തിന്റെ നിയമനിർമാണത്തിൽ പങ്കെടുക്കാനുള്ള അവകാശമുണ്ടോ എന്നതാണ് ചോദ്യം. സെക്കുലർ സങ്കൽപങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു ഭരണകൂടത്തിന്റെയും നിയമനിർമാണ സഭകളുടേയും തത്വപ്രകാരം ഒരു രാജ്യത്ത് പിറന്നുവീഴുന്ന ഏതൊരു പൗരനും അയാൾ ഏത് മതത്തിൽപ്പെട്ടവനായാലും ഏത് വർഗത്തിലോ വർണത്തിലോ പെട്ടവനായാലും ശരി അയാൾക്ക് മൗലികമായ പൗരാവകാശങ്ങൾ ലഭ്യമായിരിക്കണം. നിയമനിർമാണങ്ങളിൽ പങ്കാളികളാവുക എന്നതാണ് ഒരു പൗരന്റെ ഏറ്റവും പ്രധാനപ്പെട്ട അവകാശം.

തീർച്ചയായും ഒരു രാജ്യത്ത് രാഷ്ട്രീയ കക്ഷികൾ വരുകയും പോകുകയും ചെയ്യും. ഭൂരിപക്ഷ രാഷ്ട്രീയ കക്ഷികൾ ന്യൂനപക്ഷ പാർട്ടികളായി മാറും. എല്ലാവരുടേയും ആഗ്രഹങ്ങൾ സാക്ഷാൽക്കരിക്കുകയോ നിവർത്തിക്കുകയോ ഇല്ല. എങ്കിലും തത്വത്തിൽ എല്ലാവർക്കും ന്യായമായ അവസരങ്ങൾ സമത്വത്തോടെ ലഭ്യമാകുന്നു. ചുരുങ്ങിയത് ഏതൊരാളുടേയും പൊതുകാര്യങ്ങളിലുള്ള പരിദേവനം വിയോജിപ്പോടെയെങ്കിലും കേൾക്കപ്പെടുന്നു. എന്നാൽ ഏതെങ്കിലും ഒരു രാജ്യത്ത് ശരീഅത്ത് നിയമമോ ഒരു മതനിയമമോ അവിടുത്തെ നിയമമായി പ്രഖ്യാപിച്ചാൽ എന്താണ് സംഭവിക്കുക? ഒരു രാജ്യത്ത് മുസ്ലിം നിയമം നടപ്പാക്കുകയാണെങ്കിൽ ആ രാജ്യത്തെ അമുസ്ലിം പൗരന്മാരെല്ലാം രണ്ടാംതരമോ മൂന്നാംതരമോ നാലാംതരമോ പൗരന്മാരായി ഗണിക്കേണ്ടിവരും. ആ രാജ്യത്തെ നിയമനിർമാണങ്ങളിൽ അവർക്ക് യാതൊരു പങ്കാളിത്തവുമുണ്ടായിരിക്കുന്നതല്ല. പ്രശ്നങ്ങളുടെ സങ്കീർണതകൾ ഇസ്ലാമിനുള്ളിൽ വീണ്ടും സങ്കീർണമാവുന്നു. കാരണം ഇസ്ലാം മതത്തിന് ദൈവം വെളിപ്പെടുത്തിയ ഒരു ഗ്രന്ഥവുമുണ്ട്. ആ ഗ്രന്ഥം വ്യാഖ്യാനിക്കാൻ ഇസ്ലാം മതത്തിലെ പണ്ഡിതന്മാർക്ക് മാത്രമാണ് അവകാശമെന്നാണ് അവരുടെ വാദം.

## നിയമ നിർമാണസഭ മതപണ്ഡിതന്മാർക്ക് താഴെ

നിയമനിർമാണ സഭയും മതപണ്ഡിതന്മാരും തമ്മിൽ അഭിപ്രായ വ്യത്യാസം ഉടലെടുത്താൽ വിശുദ്ധ ഖുർആൻ മനസ്സിലാക്കുന്നതിന് വൈദഗ്ദ്യം നേടിയ മതപണ്ഡിതന്മരുടെ അഭിപ്രായത്തിന്, അല്ലെങ്കിൽ അങ്ങനെ അവകാശവാദം ഉന്നയിക്കുന്നവരുടെ അഭിപ്രായത്തിനായിരിക്കും പ്രാമുഖ്യം. നിയമനിർമാണ സഭ അതിനു കീഴെ ആയിരിക്കും. നിയമനിർമാണ സഭയുടേയും മതപണ്ഡിതന്മാരുടെ സഭയും തമ്മിലുള്ള ബന്ധം എങ്ങനെയുള്ളതായിരിക്കും എന്നതാണ് പ്രശ്നം? നിയമനിർമാണത്തിനായിട്ടാണ് ഒരു സഭയെ തിരഞ്ഞെടുക്കുന്നത്. ആ നിയമനിർമാണസഭ നിയമം നിർമിച്ചുകഴിഞ്ഞാൽ നിങ്ങൾക്ക് ചില മതപണ്ഡിതന്മാരിൽ നിന്നും ഇപ്രകാരം കേൾക്കുവാൻ സാധിക്കും. നിങ്ങൾ മുന്നോട്ടുവെച്ച നിയമം ഇസ്ലാമിന്റെ അടിസ്ഥാന പ്രമാണങ്ങൾക്കെതിരാണ്. അത്തരം അസംബന്ധങ്ങൾക്ക് ഇസ്ലാമിൽ യാതൊരിടവുമില്ല എന്ന്.

ആരുടെ വാക്കുകളാണ് നാം കൈക്കൊള്ളേണ്ടത്. ഒരു വശത്ത് സംസാരിക്കുന്നവരുടെ പിന്നിൽ ദൈവം തന്നെയാണുള്ളത്. അതായത് ദൈവത്തിന് വേണ്ടി പ്രത്യക്ഷത്തിൽ സംസാരിക്കുന്നവരാണവർ. മറുവശത്ത് രാജ്യത്തെ ജനങ്ങളുടെ ഭൂരിപക്ഷവും. അതുകൊണ്ട് ഈ പ്രഹേളിക പരിഹരിക്കാൻ പ്രയാസകരമായിത്തീരുന്നു.

## മതങ്ങളിലെ ഭിന്നകക്ഷികൾ

മാത്രമല്ല, എല്ലാമതങ്ങളും തുടക്കത്തിൽ ഏകവും അഭിന്നവുമായിരുന്നു. കാലം കഴിയുംതോറും. അതിൽ ഭിന്നതകൾ രൂപപ്പെടാൻ തുടങ്ങി. ഭിന്നകക്ഷികളായി മാറി. കക്ഷികൾ പെരുകി. അതിന്റെ ആധിക്യം വളരെ അധികമായി. ഉദാഹരണത്തിന് യേശുക്രിസ്തു(അ)ന്റെ കാലത്ത് ക്രിസ്തുമതം ഒന്നായിരുന്നു. അത് നൂറുക്കണക്കിന് ക്രിസ്തുമതങ്ങളായി മാറി. ഓരോ കക്ഷിയുടേയും വീക്ഷണകോണിൽ ക്രിസ്തുമതത്തിന്റെ സ്രോതസ്സിനെ നോക്കുമ്പോൾ വിഭിന്ന വർണങ്ങളിൽ കാണപ്പെടുന്നു. ഓരോ വിഭാഗവും വിവിധ വർണത്തിലുള്ള കണ്ണാടിയിലൂടെ നോക്കുമ്പോഴാണ് വിവിധ നിറങ്ങളിൽ കാണപ്പെടുന്നത്. ഇസ്ലാമിനെ സംബന്ധിച്ചിടത്തോളം ഇത് തന്നെയാണ് അവസ്ഥ. ഇത് സുന്നികളേയും ശിയാ

ക്കളേയും സംബന്ധിച്ച പ്രശ്നമോ അവർ എങ്ങനെ ശരീഅത്തിനെ നോക്കിക്കാണുന്നു എന്ന പ്രശ്ന മോ മാത്രമല്ല.

ശിയാക്കളിൽ തന്നെ 34 വിഭാഗങ്ങളുണ്ട്. ശരീഅത്തിനെ സംബന്ധിച്ച ഓരോരുത്തരുടേയും വ്യാഖ്യാനങ്ങൾ വ്യത്യസ്തങ്ങളാണ്. ഒരു വിഷയത്തിൽ ഏകോപിച്ച് അഭിപ്രായം പറയുന്ന വിഭിന്ന വിഭാഗത്തിലുള്ള രണ്ട് ഉലമാക്കന്മാരെ കാണാൻ സാധ്യമല്ല. ബഹിർഭാഗ സ്ഥമോ ശാഖാപരമായോ ഉള്ള വിഷയങ്ങളിൽ മാത്രമല്ല. ഇസ്‌ലാമിന്റെ മൂലപ്രമാണങ്ങളിൽ പോലും അവർക്ക് ഏകോപിച്ച അഭിപ്രായമില്ല. ഇക്കാര്യം ബോധ്യമാവാൻ നിങ്ങൾ മുനീർ കമ്മീഷന്റെ അന്വേഷണ റിപ്പോർട്ട് മാത്രം വായിച്ചാൽ മതി. 1953 ലെ അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭത്തിന്റെ കാരണവും അതിന് പിന്നിൽ പ്രവർത്തിച്ചവർ ആരാണെന്ന് അന്വേഷിക്കാൻ നിയമിതരായ രണ്ട് ജഡ്ജിമാരിൽ ഒരാളായിരുന്നു പാകിസ്താൻ സുപ്രീം കോടതി ചീഫ് ജസ്റ്റീസായ മുഹമ്മദ് മുനീർ.

## ആരാണ് മുസ്‌ലിം?

അന്വേഷണക്കോടതിയുടെ തെളിവെടുപ്പിൽ ജസ്റ്റിസ് മുഹമ്മദ് മുനീർ അദ്ദേഹത്തിന് മുന്നിൽ ഹാജരായ ഓരോ മുസ്‌ലിം ഉലമാക്കളോടും ഇപ്രകാരം ചോദിച്ചു: മറ്റ് വിഭാഗക്കാർക്ക് കൂടി സ്വീകാര്യയോഗ്യമായതും എല്ലാവർക്കും ഒരുപോലെ ബാധകമായതുമായ നിങ്ങൾക്കറിയാവുന്ന ഒരു നിർവചനം ഇസ്‌ലാമിനെപറ്റി നിങ്ങൾ പറയുകയാണെങ്കിൽ ആ നിർവചനത്തിന്റെ സഹായത്തോടെ ഞങ്ങൾക്ക് മുസ്‌ലിം ആരാണെന്ന് തിരിച്ചറിയാമായിരുന്നു. അതായത് 'അതെ, ഇയാൾ മുസ്‌ലിമാണ് അയാൾ മുസ്‌ലിമല്ല' എന്നിങ്ങനെ. എന്നാൽ റിപ്പോർട്ടിൽ ജസ്റ്റിസ് മുനീർ പറയുന്നത്, ചോദ്യം ചെയ്ത മുസ്‌ലിം ഉലമാക്കന്മാരിൽ രണ്ടുപേർക്ക് ഇസ്‌ലാം എന്താണ് എന്നതിനെസംബന്ധിച്ച് ഏകോപിച്ച ഒരു നിർവചനം നൽകാൻ സാധിച്ചില്ല എന്നാണ്.

ഒരു ഉലമ നിർവചനത്തെപറ്റി ചിന്തിക്കാൻ കുറച്ച് സമയം ആവശ്യപ്പെടുകയുണ്ടായി. അപ്പോൾ ജസ്റ്റിസ് മുനീറിന്റെ പങ്കാളിയും രസികനുമായ ജസ്റ്റിസ് കയാനി പറഞ്ഞു. ഇതിനെപറ്റി ചിന്തിക്കാൻ നിങ്ങൾ 13 നൂറ്റാണ്ടുകളെടുത്തു കഴിഞ്ഞു. ഇത്രയും സമയം ഇതിനു മതിയായതായിരുന്നില്ലേ? ഇസ്‌ലാമിന്റെ ഒരു മൂലപ്രമാണത്തെക്കുറിച്ച് മനസ്സിലാക്കാൻ 13 നൂറ്റാണ്ടും കുറച്ചു വർഷവും കൂടി ലഭിച്ചിട്ടും നിങ്ങൾക്ക് സാധ്യമായില്ല. ഇനി എത്രസമയംകൂടി നിങ്ങൾക്ക് ഇക്കാര്യത്തിനായി വേണ്ടിവരും?

ഇത് വളരെ ഗുരുതരമായ ഒരു പ്രശ്നമാണ്. ഒരു വിഭാഗത്തിന്റെ ശരീഅത്ത് വ്യാഖ്യാനം ഒരു രാജ്യത്ത് നിയമമായി നടപ്പാക്കുകയാണെങ്കിൽ അത് അമുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം നീതിപൂർവമായിരിക്കയില്ല. അമുസ്‌ലിംകൾ രാജ്യത്തെ നിയമനിർമാണത്തിൽ ഭാഗവാക്കാകാനുള്ള മൗലികാവകാശത്തിൽ നിന്ന് ഒഴിച്ചു നിർത്തപ്പെടും. ഇങ്ങനെ ഒഴിച്ചു നിർത്തപ്പെടുന്നത് അമുസ്‌ലിംകൾ മാത്രമായിരിക്കില്ല. മുസ്‌ലിംകളിലെ തന്നെ ഭരിക്കുന്ന ഔദ്യോഗിക കക്ഷി ഒഴികെ മറ്റു പലവിഭാഗങ്ങൾക്കും നിയമനിർമ്മാണത്തിൽ പങ്കെടുക്കാനുള്ള മൗലികാവകാശം നിഷേധിക്കപ്പെടും.

## ഏത് വിഭാഗത്തിന്റെ വ്യാഖ്യാനമാണ് ശരീഅത്ത് നിയമമായി സ്വീകരിക്കുക?

ഇനിയുമുണ്ട് ധാരാളം പ്രശ്നങ്ങൾ. ഉദാഹരണത്തിന് ഒരു കുറ്റത്തിന് ഒരു വിഭാഗം കൽപിക്കുന്ന ശിക്ഷയല്ല മറുവിഭാഗത്തിനുള്ളത്. വളരെയേറെ വ്യത്യാസമുണ്ട്. ഒരേ പ്രശ്നത്തിൽ ഇസ്‌ലാം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധ രീതിയിലാണ് ആചരിക്കപ്പെടുന്നത്. ഇത് അമുസ്‌ലിം ലോകത്തിന് ഇസ്‌ലാമിനെ സംബന്ധിച്ച് ഭീകരമായ ഒരു ചിത്രമായിരിക്കും നൽകുക. ഒരേ കുറ്റത്തിന് വിവിധ ശിക്ഷകൾ നൽകുന്ന മതം എന്ത് വിധത്തിലുള്ള മതമാണ്. മറ്റു ചില സ്ഥലങ്ങളിൽ ചിലത് കുറ്റകരമല്ലതാനും. പകരം നീതിയാണ്. ഇത്തരത്തിലുള്ള നിരവധി പ്രശ്നങ്ങൾ ശരീഅത്ത് പ്രാവർത്തികമാക്കൽ അസാധ്യമാക്കിത്തീർത്തിരിക്കുന്നു.

മാത്രമല്ല മിക്ക അവസരങ്ങളിലും മറ്റു വിഭാഗക്കാരുടെ മൗലികാവകാശങ്ങൾ ചവിട്ടി മെതിക്കപ്പെടുന്നു. ഉദാഹരണത്തിന് മദ്യപാനത്തിന്റെ പ്രശ്നമെടുക്കാം. മദ്യം ഇസ്‌ലാമിൽ നിരോധിക്കപ്പെട്ട വസ്തുവാണ്. ശരിതന്നെ, എന്നാൽ അത് ശിക്ഷിക്കപ്പെടേണ്ട കുറ്റമാണോ? എന്തെങ്കിലും ശിക്ഷയുണ്ടെങ്കിൽ അത് മനുഷ്യന് ഈ ലോകത്ത്‌വെച്ച് നൽകാൻ പാടുണ്ടോ എന്നത് ഒരു തർക്കവിഷയമാണ്. ഈ തർക്കത്തിൽ ഏകകണ്ഠമായ ഒരഭിപ്രായം ഉരുത്തിരിഞ്ഞിട്ടില്ല. ഇസ്‌ലാമിന്റെ മൂലപ്രമാണമായ വിശുദ്ധ ഖുർആൻ മദ്യപാനത്തിന് ഒരു ശിക്ഷയും കൽപിച്ചിട്ടില്ല. നിയമപുസ്തകങ്ങളാകട്ടെ ഹദീസിൽ നിന്നും ചില പണ്ഡിതന്മാർ രൂപപ്പെടുത്തിയതാണ്. അവർ മദ്യപാനം ശിക്ഷാർഹമാണെന്ന് പറയുന്നു. പക്ഷേ ഈ നിയമം വലിച്ചുനീട്ടിയതാണെന്നും ആ ഹദീസ് തന്നെ ആധികാരികമല്ലെന്നും സംശയാസ്പദമാണെന്നും ചില പണ്ഡിതന്മാർ വാദിക്കുന്നു.

മറ്റുള്ളവരുടെ അഭിപ്രായങ്ങൾക്ക് നേരെ തികച്ചും അസഹിഷ്ണുത കാണിക്കുന്നവരാണ് തീവ്രവാദികൾ. സംശയാസ്പദവും അവ്യക്തതയും നിറഞ്ഞ ഇത്തരം വിഷയങ്ങൾ തീവ്രവാദികൾ യാതൊരു സംശയവുമില്ലാത്ത ഖണ്ഡിതമായ കാര്യമായി എടുക്കുന്നു. അവർ പറയും അതെ ഞങ്ങൾക്കിതെല്ലാം അറിയാം ഞങ്ങളുടെ അഭിപ്രായമതാണ്. മദ്ധ്യകാലഘട്ടത്തിലെ ഒരു പണ്ഡിതന്റെ പിന്തുണ ഞങ്ങളുടെ അഭിപ്രായത്തിനുണ്ട്.

അതിനാൽ അതാണ് നിയമം.

## ശരീഅത്ത് നിയമം പ്രാവർത്തികമാക്കാൻ പാകിസ്താൻ ഗവൺമെന്റ് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

പാകിസ്താനിൽ ശരീഅത്ത് നിയമം സംബന്ധിച്ച് ഈയ്യിടെ നടന്ന ഒരു ചർച്ചയിൽ ഈ വ്യത്യാസങ്ങളെല്ലാം പ്രകടമായിരുന്നു. ഒടുവിൽ പ്രധാനമന്ത്രി നവാസ് ശരീഫ് ഒരു വിഭാഗത്തിനുമാത്രം ശരീഅത്തിന്റെ അടിസ്ഥാനമാക്കി നിയമം നിർമിക്കുകയില്ലെന്ന് ഉറപ്പ് നൽകുകയുണ്ടായി.

ഖുർആന്റെ പരമാധികാരം അംഗീകരിച്ചുകൊണ്ടാണ് അവർ നിയമം പാസാക്കിയിരിക്കുന്നത്. ഖുർആന് വിരുദ്ധമായതൊന്നും അവർ അംഗീകരിക്കുകയില്ല. ദൈവത്തിൽ നിന്ന് വരുന്ന നിയമ നിർദേശങ്ങളെപോലെ മറ്റു യാതൊരു നിയമമോ ചട്ടമോ അവർ അംഗീകരിക്കുകയില്ല.

അക്കാര്യം വിടുക. രാജ്യത്തെ ഇസ്‌ലാമികവൽക്കരിക്കാൻ ഖുർആനിൽനിന്ന് ലഭിക്കുന്ന ശരീഅത്തിന്റെ പൊതു തത്ത്വങ്ങളുടെ അടിസ്ഥാനത്തിലുള്ള നിയമങ്ങൾ ബാക്കിയെന്തൊക്കെയാണ്.

പ്രധാനമന്ത്രി സ്വയം തന്നെ നൂലാമാലകളിൽ നിന്ന് രക്ഷപ്പെട്ടിരിക്കയാണ്. അത്രത്തോളം നല്ലതുതന്നെ. പക്ഷേ ആ രക്ഷ ദീർഘകാലത്തേക്കായിരിക്കില്ല. ഉലമാക്കന്മാർ പ്രധാനമന്ത്രിയുടെ കഴുത്തിനു നേരെ വാളോങ്ങി നിൽക്കുന്നുണ്ട്. രാജ്യത്ത് നിലവിലുള്ള ശരീഅത്ത് കോടതി തുടരുക മാത്രമല്ല അതിന്റെ അധികാരം വർധിക്കേണ്ടതുമുണ്ട് എന്നതാണ് അവരുടെ ആവശ്യം. രാജ്യത്തെ നിയമം ഇസ്‌ലാമിന് നിരക്കുന്നതാണോ അല്ലയോ എന്ന് നിർണയിക്കാനുള്ള പരമാധികാരം ശരീഅ:സുപ്രീം കോടതിക്ക് നൽകേണ്ടതാണെന്നും ഉലമാക്കൾ വാദിക്കുന്നു. അപ്പോൾ പിന്നെ അധികാരത്തിന്റെ കേന്ദ്രീകരണം തിരഞ്ഞെടുക്കപ്പെട്ട പാർലമെന്റ് മെമ്പർമാരിൽനിന്ന് തീവ്രവാദികളായ ഉലമാക്കന്മാരിലേക്ക് മാറുകയാണ്. അതായത് അപ്രായോഗികമായ ഒരു കാര്യം നിങ്ങൾ ഒരിക്കൽ സ്വീകരിച്ചുകഴിഞ്ഞാൽ അത് മറ്റ് നിരവധി പ്രശ്നങ്ങളിലേക്ക് നയിക്കുന്നതാണ്. കൂടുതൽ സങ്കീർണതകൾ സൃഷ്ടിച്ചുകൊണ്ടല്ലാതെ അതിനു മുന്നോട്ട് പോകാൻ സാധ്യമല്ല.

## ഇസ്‌ലാമികമല്ലാത്ത ജീവിത ശൈലി

മുമ്പെ പറഞ്ഞത് സങ്കീർണ പ്രശ്നങ്ങളുടെ ഒരു മേഖലയാണ്. എന്നാൽ ഗുരുതരമായ സങ്കീർണതകൾ ഉൾക്കൊള്ളുന്ന ഒരു മേഖലകൂടിയുണ്ട്. അത് മുസ്‌ലിംകളുടെ ജീവിത ശൈലിയാണ്. ഒട്ടുമിക്ക മുസ്‌ലിം രാജ്യങ്ങളുടേയും ജീവിത ശൈലി അടിമുടി ഇസ്‌ലാമികമല്ല എന്ന കാര്യം അവിതർക്കിതമാണ്.

നിങ്ങളോർക്കുക. നിങ്ങളുടെ 5 നേരത്തെ നമസ്ക്കാരം നിർവഹിക്കാൻ ഒരു ശരീഅത്ത് നിയമത്തിന്റെയും ആവശ്യമില്ല. നിങ്ങൾ വിശ്വാസ്യതയോടെ പെരുമാറാൻ ഒരു ശരീഅത്ത് നിയമത്തിന്റെയും ആവശ്യമില്ല. നിങ്ങൾ സത്യം പറയുന്നവരായിരിക്കാൻ യാതൊരു ശരീഅത്ത് നിയമത്തിന്റെയും ആവശ്യമില്ല. കോടതികളിലോ മറ്റെവിടെയെങ്കിലുമോ സത്യമായും വിശ്വസ്തതയോടെയും സാക്ഷിമൊഴി നൽകാനും ശരീഅത്ത് നിയമത്തിന്റെ ആവശ്യമില്ല. എവിടെയാണോ ഒരു സമൂഹത്തിന്റെ കളവ് സാർവത്രികമായി കാണപ്പെടുന്നത് എവിടെയാണോ ക്രമരാഹിത്യവും കുഴപ്പവും അന്യരുടെ അവകാശങ്ങൾ കവർന്നെടുക്കലും കാണപ്പെടുന്നത്, എവിടെയാണോ കോടതികളിൽ സത്യസന്ധമായ ഒരാളുടെ സാക്ഷ്യം അത്യപൂർവമായി കേൾക്കപ്പെടുന്നത് എവിടെയാണോ അസഭ്യംനിറഞ്ഞ ഭാഷ പൊതുസ്ഥലങ്ങളിൽ നിർബാധം ഉപയോഗിക്കപ്പെടുകയും അന്തസ്സാർന്ന പെരുമാറ്റത്തിന്റെ ഒരു കണികപോലും ഇല്ലാത്തത്, അങ്ങനെയുള്ള സ്ഥലത്ത് ശരീഅത്ത് നിയമങ്ങൾക്ക് എന്ത് ചെയ്യാനാണ്. അത്തരത്തിലുള്ള ഒരു രാജ്യത്ത് ശരീഅത്ത് എങ്ങനെ സത്യസന്ധമായി നടപ്പാക്കും. ഇതാണ് പ്രശ്നം.

## ഉചിതമായ അന്തരീക്ഷത്തിന്റെ അനിവാര്യത

ഞാൻ ഈ പ്രശ്നം വ്യത്യസ്തമായ രൂപത്തിലാണ് അവതരിപ്പിക്കുന്നത്. ഇത് ഈ രൂപത്തിൽ ഇത്വരെ ഉന്നയിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. പക്ഷേ ഇന്നേവരെ എനിക്ക് ഇത് സംബന്ധിച്ച പരിഹാരം എന്ന നിലക്ക് ഒരു ഉത്തരവും കേൾക്കാൻ കഴിഞ്ഞിട്ടില്ല.

പ്രശ്നമിതാണ്. എല്ലാ ഓരോ രാജ്യത്തിനും ഓരോ കാലാവസ്ഥയുണ്ട്. ആ കാലാവസ്ഥയിൽ എല്ലാ സസ്യലതാതികളും പുഷ്പിക്കണമെന്നില്ല. ഈത്തപ്പഴം മരുഭൂമിയിലാണ് കായ്ക്കുന്നത് കുളിരുള്ള വടക്കൻ രാജ്യങ്ങളിലല്ല. അത്പോലെ ചെറിപ്പഴം മരുഭൂമിയിൽ വളരില്ല. അതിന് പ്രത്യേക കാലാവസ്ഥ വേണം. അത്പോലെ ശരീഅത്തിന് പ്രാവർത്തികമാകണമെങ്കിൽ പ്രത്യേക കാലാവസ്ഥ വേണം. നിങ്ങൾക്ക് ആ കാലാവസ്ഥ സൃഷ്ടിക്കാൻ സാധ്യമല്ല. അതിനാൽ ശരീഅത്ത് അടിച്ചേൽപ്പിക്കാനും സാധ്യമല്ല.

മുഹമ്മദ് നബി (സ) മാത്രമല്ല എല്ലാ പ്രവാചകന്മാരും ദൈവികനിയമങ്ങൾ പ്രാവർത്തികമാക്കാൻ വേണ്ടി ആരോഗ്യകരമായ ഒരു കാലാവസ്ഥയാണ് ആദ്യമായി അനുനയാത്മകമായി സൃഷ്ടിക്കാൻ ശ്രമിച്ചത്. ഒരിക്കലും ശക്തി ഉപയോഗിച്ചല്ല അവരതിന് ശ്രമിച്ചത്. അങ്ങനെ സമൂഹം അതിന് സജ്ജമായാൽ ആ നിയമം പ്രാവർത്തികമാക്കാം. പിന്നീട് ആ നിയമങ്ങൾ കൂടുതൽ കൂടുതൽ കണിശതയോടെ സ്ഥാപിക്കപ്പെടുകയും

ചെയ്യുന്നു. മുഴുവൻ നിയമങ്ങളും വെളിപ്പെടുത്തുന്നതുവരെ ഇങ്ങനെയായിരുന്നു പ്രവാചകന്മാർ പ്രവർത്തിച്ചിരുന്നത്. അങ്ങനെയാണ് സമൂഹം മതനിയമങ്ങൾ വഹിക്കാനുള്ള പ്രാപ്തി നേടുന്നത്. അതിനെ നിങ്ങൾ ശരീഅത്ത് നിയമമെന്നോ മറ്റെന്ത് നിയമെന്നോ വിളിച്ചാലും ശരി.

കളവ് സാർവത്രികമായ ഒരു സമൂഹത്തിൽ അതായത് കളവ് പറയൽ സാധാരണ ശീലമായ ഒരു സമൂഹത്തിൽ കളവ് നടത്തുന്നവന്റെ കൈ വെട്ടുന്ന ശരീഅത്ത് നിയമം നിങ്ങൾ നടപ്പാക്കുകയാണെങ്കിൽ എന്തായിരിക്കും സംഭവിക്കുക.

### അധികാരം പിടിച്ചെടുക്കാൻ വേണ്ടി ശരീഅത്ത് ഉപയോഗിക്കുന്നു

പാകിസ്താനിലെ ഏതെങ്കിലും ഒരു ചെറിയ പട്ടണം നിങ്ങൾ ആദ്യം സംസ്ക്കരിച്ചെടുക്കുക. എന്നിട്ട് അവിടെ ശരീഅത്ത് നിയമം പാസ്സാക്കുക എന്ന് പാകിസ്താനിലെ മതപണ്ഡിതന്മാരെ ക്ഷണിച്ചു വരുത്തി ആവശ്യപ്പെടാൻ ഞാൻ പാകിസ്താനിലെ രാഷ്ട്രീയ നേതാക്കന്മാരുടെ മുമ്പിൽ ഒരു നിർദേശം വെച്ചിരിക്കുന്നു. ഉദാഹരണത്തിന് കളവിനും ദുഷിപ്പിനും പേർകേട്ട ഫൈസലാബാദ്പോലെയുള്ള വാണിജ്യപ്രധാനമായ ഒരു ചെറിയ പട്ടണം, അല്ലെങ്കിൽ ഒരു വലിയ പട്ടണം ആദ്യം അവർ ഇതിനായി തെരഞ്ഞെടുക്കട്ടെ. പാകിസ്താനിലെ സകല ഉലമാക്കളേയും ആ ഒരൊറ്റ പട്ടണം സംസ്ക്കരിച്ചെടുക്കാൻ ഭരമേൽപ്പിക്കുക എന്ന് ഞാൻ വിനീതമായി നിർദേശിക്കുന്നു. ആ പട്ടണത്തിലെ ജനങ്ങൾക്ക് ശരീഅത്ത് വഹിക്കാനുള്ള ശേഷി സമാഗതമായാൽ ശരീഅത്ത് നിയമം ഭരണനിയമമായി നടപ്പാക്കാൻ ഗവൺമെന്റിനെ ക്ഷണിക്കുക. പക്ഷേ അതൊരിക്കലും സംഭവിക്കുകയില്ല. അത്തരം അഭിപ്രായങ്ങൾ അവരൊരിക്കലും ശ്രദ്ധിക്കാൻ പോകുന്നില്ല. ശരീഅത്ത് നിയമം നടപ്പാക്കാൻ വേണ്ടിയുള്ള ഈ മുറവിളി ഇസ്‌ലാമിനോടുള്ള സ്നേഹം കൊണ്ടൊന്നുമാത്രമല്ല. ശരീഅത്ത് അവർക്ക് അധികാര ശക്തി പിടിച്ചെടുത്ത് ദൈവത്തിന്റെ പേരിൽ ഭരണം നടത്താനുള്ള ഒരു ഉപകരണം മാത്രമാണ്. സമൂഹത്തെ ഇപ്പോൾ ഭരിക്കുന്നത് കളങ്കിതരും ക്രൂരരുമായ വ്യക്തികളാണ് എന്നത് ശരിതന്നെ. പക്ഷേ ആ ഭരണമെല്ലാം നടത്തുന്നത് മനുഷ്യന്റെ പേരിലാണ്. ഒരളവ് വരെ അതെല്ലാം സഹനീയമാണ്. ഈ കളങ്കങ്ങളും അക്രമങ്ങളും ദൈവത്തിന്റെ പേരിൽ നടത്തപ്പെടുക എന്നത് ഏറ്റവും നിന്ദാകരമാണ്. സംഭവിക്കാൻ സാധ്യതയുള്ളതിൽവെച്ച് ഏറ്റവും ജുഗുപ്സാവഹമായ കാര്യമാണിത്.

ലോകത്തെവിടെയെങ്കിലും മതനിയമങ്ങൾ രാഷ്ട്രനിയമങ്ങളായി വരുന്നതിനെ വ്യക്തിപരമായി ഞാൻ സംശയിക്കുന്നു. അതുകൊണ്ട് ആ പ്രശ്നത്തെ സമീപിക്കുന്നതിനുമുമ്പായി ആവർത്തിച്ചാവർത്തിച്ച് അതിനെപ്പറ്റി അഗാധമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

## വഖഫ് സ്വത്ത്

അബ്ദുല്ലാഹ് ബ്നു ഉമറിൽ നിന്നും നിവേദനം: അദ്ദേഹത്തിന്റെ പിതാവിന് കൈബറിൽ നിന്നും ഒരു ഖണ്ഡം ഭൂമി ലഭിക്കുകയുണ്ടായി. അദ്ദേഹം (ഹദ്റത്ത് ഉമർ) പ്രവാചകന്റെ അരികിൽ വന്നു. എനിക്കുള്ളതിൽ വെച്ചേറ്റവും നല്ല സ്വത്താണ് ഇത് എന്ന് പറഞ്ഞു. അതിനെ സംബന്ധിച്ച് താങ്കളുടെ അഭിപ്രായമെന്താണ്? അവിടുന്ന് മറുപടി പറഞ്ഞു. താങ്കൾ ഇഷ്ടപ്പെടുകയാണെങ്കിൽ അതിന്റെ ഒരു ഭാഗം വഖ്ഫ് ചെയ്യാവുന്നതാണ്. എന്നിട്ട് (അതിന്റെ വരുമാനമോ അതിൽ നിന്നുള്ള ആദായമോ) ധർമാവശ്യങ്ങൾക്ക് വേണ്ടി ചിലവാക്കാനുള്ളതായിരിക്കുമെന്നും പ്രഖ്യാപിക്കുക. റസൂൽ തിരുമേനി(സ) ഉപദേശിച്ചത് പ്രകാരം ഹദ്റത്ത് ഉമർ അപ്പോൾ തന്നെ ആ ഭൂമി ദൈവ മാർഗത്തിൽ വഖ്ഫ് ചെയ്തു. അദ്ദേഹം ഇപ്രകാരം വ്യവസ്ഥ പ്രഖ്യാപിക്കുകയും ചെയ്തു, ഈ ഭൂമി ഒരിക്കലും വിൽക്കാൻ പാടുള്ളതല്ല. ഒരു സമ്മാനം എന്ന നിലക്ക് ആർക്കും കൊടുക്കാനും പാടുള്ളതല്ല. പാരമ്പര്യ സ്വത്തായി ആർക്കും അത് ഒരിക്കലും എടുക്കാനും പാടുള്ളതല്ല. അതിലെ വരുമാനം ദൈവമാർഗത്തിലും പാവങ്ങൾക്കും ദരിദ്രർക്കും ബന്ധുക്കൾക്കും അടിമ മോചനത്തിനും ജിഹാദിനും അതിഥി സൽക്കാരത്തിനും വഴിയാത്രക്കാർക്കും അതിന്റെ മേൽനോട്ടക്കാരനും ട്രസ്റ്റിയായിരിക്കുന്നയാൾക്കും വിനിയോഗിക്കാം. അതിന്റെ വരുമാനത്തിൽ നിന്നും ഒരു പരിധിവരെ മാത്രം അയാൾക്ക് തിന്നുകയും മറ്റുള്ളവരെ തീറ്റിക്കുകയും ചെയ്യുന്നതിൽ തെറ്റില്ല. അതിൽ നിന്നുള്ള വരുമാനത്തിൽ നിന്ന് അയാൾ പണം കൂട്ടിവെക്കാനോ സമ്പാദിച്ച് ധനികനായി തീരുകയോ ചെയ്യുന്നത് നിയമപ്രകാരം തെറ്റാണ്. (ബുഖാരി, മുസ്‌ലിം).

കുറിപ്പുകൾ

# തൂക്കുമരത്തിൽ നിന്ന് മോചിതയായ ആസിയാ ബീവി

മുസാഫിർ



സൽമാൻ തഅ്സീറും അദ്ദേഹത്തിന്റെ മകളും ആസിയാ ബീവിയോടൊപ്പം

പാകിസ്താനിൽ മതനിന്ദാ കുറ്റം ചുമത്തി ഹൈക്കോടതി 2010 ൽ വധശിക്ഷക്ക് വിധിച്ച ക്രിസ്തീയ യുവതിയും അഞ്ച് മക്കളുടെ മാതാവുമായ ആസിയാ നൂറീൻ എന്ന ആസിയാ ബീവിയെ മതിയായ തെളിവില്ല എന്ന് പറഞ്ഞ് പാകിസ്താൻ സുപ്രിം കോടതി 2018 ഒക്ടോബർ 31 ന് ഒരു വിധിയിലൂടെ കുറ്റവിമുക്തയാക്കിയിരിക്കുന്നു. ലോകം മുഴുവനും വളരെയേറെ കൗതുകത്തോടെയും അതിലേറെ ആശങ്കയോടെയും ആസിയാ ബീവിയെ സംബന്ധിച്ച പാകിസ്താൻ സുപ്രിം കോടതി വിധി നോക്കി പാർത്തിരിക്കുകയായിരുന്നു. ഇസ്ലാം അസഹിഷ്ണുതയുടെ മതമാണെന്ന അധിക്ഷേപത്തിന് ഒരു മാതൃകയായി ലോകത്തുള്ള മനുഷ്യാവകാശ പ്രവർത്തകരും നീതിയിൽ വിശ്വസിക്കുന്നവരും ഇസ്ലാം മതവിമർശകരും ചൂണ്ടിക്കാട്ടുന്ന ഒരു നിയമമാണ് പാകിസ്താനിലെ മതനിന്ദാ നിയമം. മുല്ലായിസവും മതതീവ്രവാദവും രൂപകൽപ്പന ചെയ്ത് നിർമിച്ച ഈ നിയമം ഇസ്ലാമിന്റെ നീതിസങ്കൽപ്പത്തിനും മതസഹിഷ്ണുതക്കും സർവോപരി സാർവത്രിക വിശ്വനീതിക്കും വിരുദ്ധമാണ്. ഏതായാലും മതനിന്ദാ നിയമം നിലനിൽക്കേ തെളിവുകളുടെ അഭാവം നിമിത്തമാണ് ആസിയാ ബീവിയുടെ വധശിക്ഷ സുപ്രിം കോടതി റദ്ദാക്കിയത്. ക്രിസ്ത്യാനിയായ ആസിയാ ബീവിയെ തൂക്കിക്കൊന്നാൽ അത് പാശ്ചാത്യ ക്രൈസ്തവ ലോകത്തിന്റെ രൂക്ഷമായ എതിർപ്പ് ക്ഷണിച്ചു വരുത്തും എന്ന ഭീതികൊണ്ടാണ് തെളിവുകളുടെ അഭാവം പറഞ്ഞ് സെഷൻസ് കോടതിയും ഹൈക്കോടതിയും വിധിച്ച വധശിക്ഷ സുപ്രീം കോടതി ഒഴിവാക്കിയത് എന്നാണ് പല നിരീക്ഷകരും അഭിപ്രായപ്പെടുന്നത്. മതനിന്ദ ആരോപിച്ചുകൊണ്ടുള്ള ക്രിസ്ത്യാനിയായ ആസിയാ ബീവിക്കെതിരെയുള്ള ഈ വധശിക്ഷാ വിധി റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് 'വോയിസ് ഓഫ് മാർട്യർ' എന്ന ക്രിസ്തീയ സംഘടന 4 ലക്ഷം പേരുടെ ഒപ്പ് ശേഖരിച്ച് പാകിസ്താൻ അധികൃതർക്ക് അയച്ചു കൊടുത്തിട്ടുണ്ടായിരുന്നു. അത്പോലെ പോപ്പ് ഫ്രാൻസിസും മുൻ പോപ്പ് ബനഡിക്റ്റും ആസിയാ ബീവിക്കെതിരെയുള്ള വധശിക്ഷ റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടവരാണ്. ആസിയാബീവിയുടെ ഭർത്താവ് ആശിഖ് മസീഹ് ബ്രിട്ടൻ, കാനഡ, ഇറ്റലി, അമേരിക്ക മുതലായ രാജ്യങ്ങളിൽ അഭയം ആവശ്യപ്പെട്ട് അഭ്യർഥനകൾ നടത്തിയിട്ടുണ്ട്. ആ രാജ്യങ്ങൾ അതിന് തയ്യാറുമാണ്. ആസിയാബീവിക്ക് അഭയം നൽകിയാൽ എംബസ്സി സ്റ്റാഫിന് സുരക്ഷനൽകാൻ നിങ്ങൾക്കാവില്ല എന്ന് മതതീവ്രവാദികൾ പാകിസ്താനിലെ ബ്രിട്ടീഷ് ഹൈക്കമ്മീഷണറെ ഭീഷണിപ്പെടുത്തിയതായി വാർത്തയുണ്ട്. പാകിസ്താനിലെ മതതീവ്രവാദികളും മുല്ലമാരും ആസിയാ ബീവിയെ കുറ്റവിമുക്തമാക്കിയതിനെതിരെ തെരുവുകളിൽ വൻ പ്രക്ഷോഭങ്ങൾ നടത്തിവരികയാണ്. ഈ വിധി പ്രഖ്യാപിച്ച ജഡ്ജിയെ

വധിക്കുമെന്നായിരുന്നു തീവ്രവാദികളുടെ മുദ്രാവാക്യം. സുപ്രിം കോടതി വിധിയെ തുടർന്ന് പ്രക്ഷോഭം നടത്തിയ തീവ്രവാദി സംഘടനയായ തെഹ്രീക്കെ ലബൈക്ക് പാർട്ടി നവംബർ 2-ാം തീയതി പാകിസ്താനിലെ ഗവൺമെന്റുമായി ഒരു കരാറുണ്ടാക്കിയിരിക്കുകയാണ്. ആസിയാ ബീവിയെ പാക്കിസ്താൻ വിട്ടു പോകാൻ അനുവദിക്കില്ല എന്ന അവരുടെ ആവശ്യം അംഗീകരിച്ച് കൊണ്ടാണ് ഗവൺമെന്റ് ഈ തീവ്രവാദികളുമായി ഇപ്പോൾ കരാറുണ്ടാക്കിയിരിക്കുന്നത്. പാക് ജമാഅത്തെ ഇസ്ലാമിയും ആസിയ ബീവിയെ വിട്ടയച്ചതിൽ അമർശം രേഖപ്പെടുത്തിയിട്ടുണ്ട്.

പട്ടാളസ്വേച്ഛാധിപതിയും മത തീവ്രവാദിയുമായിരുന്ന ജനറൽ സിയാഉൽ ഹഖിന്റെ കാലത്താണ് മതനിന്ദാനിയമം വധശിക്ഷ കൂടി ഉൾപ്പെടുത്തി ഭീകരമായി പരിഷ്ക്കരിച്ചത്. പാകിസ്താൻ ഭരണഘടനയിലെ 295-ബി., 295-സി, വകുപ്പുകൾ ഖുർആനെയും റസൂൽ തിരുമേനി (സ)യേയും നിന്ദിക്കുന്നതിനെതിരെയുള്ള നിയമമാണ്. അതിൽ റസൂൽ തിരുമേനി (സ) യുടെ നിന്ദയുമായി ബന്ധപ്പെട്ട 295-സി. യുടെ ക്രിമിനൽ പ്രൊസീജിയർ കോഡ് 298-സി. യിലാണ് വധശിക്ഷ ശുപാർശ ചെയ്തിട്ടുള്ളത്. 1986 ൽ ഈ നിയമം പാകിസ്താനിൽ പ്രാബല്യത്തിൽ വന്നതുമുതൽ ആരെയും വധശിക്ഷക്ക് വിധിച്ചിട്ടില്ല. പക്ഷേ, നാഷണൽ കമ്മീഷൻ ഫോർ ജസ്റ്റിസ് ആന്റ് പീസ് തയ്യാറാക്കിയ ഒരു റിപ്പോർട്ട് പ്രകാരം 62 പേരെ മതനിന്ദ ആരോപിച്ച് തീവ്രവാദികളോ ഭീകരരോ വധിച്ചിട്ടുണ്ട്. അതിൽ മിക്കപേരും മതനിന്ദക്ക് വിചാരണ നേരിടുന്നവരായിരുന്നു. ഇസ്ലാം മതത്തിനും മുഹമ്മദ് നബി(സ)ക്കുമെതിരായ നിന്ദ എങ്ങനെയും വ്യാഖ്യാനിക്കാവുന്നതാണ്. അഹ്മദികൾ റസൂൽ (സ)തിരുമേനിയെ ഖാത്തമുന്നബിയ്യീൻ എന്ന് വിശേഷിപ്പിച്ചാലും



മാലിക്ക് മുംതാസ് ഹുസൈൻ ഖാദിരി

അവിടുത്തെ മേൽ സലാത്ത് ചൊല്ലിയാലും അസ്സലാമു അലൈക്കും എന്ന സമാധാന വചനം ആശംസിച്ചാലും ഖുർആൻ ഓതിയാലും പാകിസ്താനിൽ മുസ്ലിമിന്റെ മതവികാരം വ്രണപ്പെടുന്ന മതനിന്ദകളാണ്!!!. മറ്റു മതസ്ഥരുടെ മതാചാര്യന്മാരെ വിമർശിക്കുന്നതിൽ ഈ വിധത്തിലുള്ള കർശന നിയമ പരിരക്ഷ നൽകിയിട്ടുമില്ല.

കേസിനാസ്പദമായ സംഭവം നടന്നത് 2009 ജൂൺ 14ാം തീയതിയായിരുന്നു. ഗ്രാമീണരായ രണ്ട് സ്ത്രീകൾ തമ്മിലുള്ള വഴക്കാണ് മതനിന്ദാ കുറ്റത്തിൽ കലാശിച്ചത്. ക്രിസ്ത്യാനിയായ ആസിയാ ബീവി പഴവർഗങ്ങൾ പറിച്ചെടുക്കുന്ന കൃഷിപ്പണിചെയ്യുന്ന വളരെ ദരിദ്രയും പിന്നോക്കക്കാരിയുമായ ഒരു ഗ്രാമീണ സ്ത്രീയാണ്. അവർ സ്പർശിച്ച ഗ്ലാസ്സിൽ വെള്ളം കുടിക്കാൻ അവിടെയുണ്ടായിരുന്ന മുസ്ലിം സഹപ്രവർത്തക വിസമ്മതിച്ചതിനെ തുടർന്നാണ് വഴക്ക് ആരംഭിച്ചത്. വഴക്കിനിടയിലാണ് മുഹമ്മദ് നബി (സ) യെ ആക്ഷേപിച്ചു കൊണ്ട് ആസിയാ ബിവി സംസാരിച്ചു എന്ന ആരോപണമുണ്ടായത്. ജൂൺ 19-ാം തീയതി സ്ഥലത്തെ ഒരു പള്ളി ഇമാമാണ് കോടതിയിൽ ഈ കേസ് ഫയൽ ചെയ്തത്. ഇയാൾ ഈ സംഭവത്തിന് നേരിട്ട് സാക്ഷിയല്ല. കോടതിയിൽ ആസിയാ ബീവി മതനിന്ദ നടത്തിയിട്ടില്ല എന്ന് പറഞ്ഞ് കുറ്റം നിഷേധിച്ചു. പക്ഷേ സെഷൻ കോടതി മതനിന്ദാകുറ്റത്തിന് വധശിക്ഷ വിധിച്ചു. അത് ഹൈക്കോടതി ശരിവെക്കുകയായിരുന്നു. പിന്നീടാണ് സുപ്രിം കോടതി വധശിക്ഷ റദ്ദാക്കിക്കൊണ്ട് ഇപ്പോൾ വിധി പ്രസ്താവിച്ചത്. തീവ്രവാദികളുടെ ഭീഷണിയെ തുടർന്ന് അതീവ രഹസ്യമായിട്ടാണ് ആസിയാ ബീവിയെ പാർപ്പിച്ചിരിക്കുന്നത്.

പാകിസ്താനെ മുല്ലായിസവും മതതീവ്രവാദവും എത്രമാത്രം ഗ്രസിച്ചിരിക്കുന്നു എന്നതിന്റെ ഉദാഹരണമാണ് അവരുടെ കുപ്രസിദ്ധമായ മതനിന്ദാ നിയമം. ഈ നിയമം ഇസ്ലാമിക വിരുദ്ധവും മാറ്റപ്പെടേണ്ടതുമാണെന്ന് പറഞ്ഞതിനാണ് പാകിസ്താൻ പഞ്ചാബിലെ ഗവർണറായ സൽമാൻ തഅ്സീറിനെ 2011 ജനുവരി 4ന് തന്റെ സ്വന്തം സുരക്ഷാഭടൻ വെടിവെച്ച് കൊന്നത്. മാലിക്ക് മുംതാസ് ഹുസൈൻ ഖാദിരി എന്ന ഇയാൾ മതഭ്രാന്ത് ബാധിച്ച ഒരു തീവ്രവാദിയായിരുന്നു. തഅ്സീറിനെ വധിച്ചതിൽ ആയിരക്കണക്കിന്ന് തീവ്രവാദികൾ പങ്കെടുത്ത ആഹ്ലാദ പ്രകടനം പാകിസ്താനിൽ പല സ്ഥലങ്ങളിലും അരങ്ങേറുകയുണ്ടായി. മത സഹിഷ്ണുതയുടെയും വിവേകത്തിന്റെയും സൗമ്യമുഖമായിരുന്നു പി പി പി നേതാവായ സൽമാൻ തഅ്സീർ. ഉദാര വീക്ഷണം വെച്ചു




പുലർത്തുന്ന ജനാധിപത്യബോധമുള്ള മിതവാദികളെല്ലാം പാകിസ്താനിൽ ഇന്ന് മൗനത്തിലാണ്. അവരെല്ലാം മുല്ലമാരുടെ കണ്ണിൽ മതബോധമില്ലാത്തവരും വധാർഹരുമാണ് അതായത് വാജിബുൽ ഖതൽ ആണ്. കുറ്റാരോപിതയായ ആസിയാ ബീവിയുമൊത്ത് ഒരു പത്രസമ്മേളനം നടത്തി ഈ കിരാത നിയമത്തെ സൽമാൻ തഅ്സീർ അപലപിക്കാൻ ധൈര്യം കാട്ടിയതാണ് ഭീകരവാദികളെ പ്രകോപിപ്പിച്ചത്. ലാഹോറിൽ അഹ്മദികളുടെ പള്ളിയിൽ ഭീകരന്മാർ ബോംബാക്രമണം നടത്തി കൂട്ടക്കൊല നടത്തിയപ്പോൾ അഹ്മദികളെ ആശ്വസിപ്പിക്കാൻ വന്ന ഏക ഗവൺമെന്റ് പ്രതിനിധി സൽമാൻ തഅ്സീർ ആയിരുന്നു. ലാഹോർ അഹ്മദിയ്യാ ജമാഅത്ത് വക്താവ് മിർസ ഗുലാം അഹ്മദ് സാഹിബിനോടൊപ്പം അന്ന് അദ്ദേഹം ഒരു പത്രസമ്മേളനവും നടത്തിയിരുന്നു. പാകിസ്താനിലെ മതനിന്ദാ നിയമത്തെ അപലപിച്ചതിന്റെ പേരിൽ തഅ്സീറിനെ വെടിവെച്ചു കൊന്നിട്ടും കലിയടങ്ങാത്ത മുല്ലായിസം അദ്ദേഹത്തിന്റെ ജനാസ ബഹിഷ്ക്കരിക്കാൻ ആഹ്വാനം ചെയ്യുകയും ജനാസയിൽ പങ്കെടുക്കുന്ന സർക്കാർ പ്രതിനിധികളെ മതശാസന നൽകി ഭീഷണിപ്പെടുത്തുകയുമുണ്ടായി. പാകിസ്താനിലെ ഏറ്റവും ജനനിബിഢവും വികസനത്തിൽ ഒന്നാമത്തെതും വലിപ്പത്തിൽ രണ്ടാമത്തേതുമായ പ്രവിശ്യയാണ് പഞ്ചാബ്. പഞ്ചാബ് സംസ്ഥാനത്തിലെ ഏറ്റവും ഉന്നതനായ ഭരണാധികാരിയുടെ ജനാസയാണ് ഒരൊറ്റ ഗവൺമെന്റ് പ്രതിനിധിയുടെയും മിക്ക രാഷ്ട്രീയ നേതാക്കന്മാരുടെയും അഭാവത്തിൽ അന്ന് കബറടക്കിയത്. ലാഹോറിൽ മുഗളന്മാർ പണിത ബാദ്ഷാ മസ്ജിദിലെ ഖത്തീബ് തഅ്സീറിന്റെ ജനാസ നമസ്ക്കാരത്തിന് നേതൃത്വം നൽകാൻ വിസമ്മതിച്ച് പള്ളിയിൽ നിന്ന് ഇറങ്ങിപ്പോയി. അവസാനം പി പി പി യുടെ ഉലമാ സംഘടനയിൽപ്പെട്ട ഒരു മൗലവിയാണ് ജനാസക്ക് നേതൃത്വം കൊടുത്തത്. തഅ്സീർ വധിക്കപ്പെട്ട് 7 മാസം കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ യുവാവായ മകൻ ഷഹബാസിനെ മതതീവ്രവാദികൾ തട്ടിക്കൊണ്ടുപോയി 5 വർഷത്തിന് ശേഷമാണ് വിട്ടയച്ചത്. അപ്രകാരം പാകിസ്താൻ ന്യൂനപക്ഷകാര്യ മന്ത്രിയും ക്രിസ്ത്യാനിയുമായ ക്ലമന്റ് ഷഹബാസ് മതനിന്ദാനിയമത്തെ വിമർശിക്കുകയും ആസിയബീവിയെ വിട്ടയക്കണമെന്ന് വാദിക്കുകയും ചെയ്തയാളാണ്. അദ്ദേഹത്തെ 2011 മാർച്ച് 4 ാം തീയതി തഹ്രീകെ താലീബാൻ എന്ന തീവ്രവാദി സംഘടന വെടിവെച്ചുകൊല്ലുകയുണ്ടായി. അതാണ് പാകിസ്താനിലെ മതഭീകരവാദത്തിന്റെയും തീവ്രവാദത്തിന്റെയും ശക്തി.

മതനിന്ദയെ പ്രതിരോധിക്കേണ്ടത് നിയമ നിർമാണം വഴിയോ ശിക്ഷനടപ്പാക്കിയോ അല്ല. മതനിന്ദകരെ നിയമം നിർമിച്ച് ശിക്ഷിക്കാൻ ഖുർആനോ റസൂൽ തിരുമേനി (സ) യോഒരിടത്തും പറഞ്ഞിട്ടില്ല. മതങ്ങൾക്കകത്ത് വിമർശിക്കപ്പെടേണ്ടതും അധിക്ഷേപിക്കപ്പെടേണ്ടതുമായ അനേകം അന്ധവിശ്വാസങ്ങളും അനാചരങ്ങളും അത്യാചാരങ്ങളുമുണ്ടാകാം. ഒരു മതവും അത്തരം പ്രമാദങ്ങൾക്ക് അതീതമല്ല. അതിൽ പലതിനേയും വിമർശിക്കാനും നിന്ദിക്കാൻ പോലും അർഹതയുള്ളതുമാവാം. ഒരോരുത്തരുടേയും സാംസ്കാരിക നിലവാരമനുസരിച്ചാണ് പലരും വിയോജിപ്പുകളോട് വിലയിരുത്തലുകളും വിമർശനങ്ങളും നടത്തുക. എന്നിരിക്കെ മതത്തെ യാതൊരുവിധത്തിലും വിമർശിക്കാൻ പാടില്ല എന്ന സമീപനം ശരിയല്ല.

ഇക്കാര്യത്തിൽ എന്തായിരുന്നു റസൂൽ തിരുമേനി(സ)യുടെ മാതൃക? തന്നെ വധിക്കാൻ വന്നവർക്കും അധിക്ഷേപങ്ങളുടേയും ശകാരങ്ങളുടേയും ശരവർഷം കൊണ്ട് ജീവിതം ദുസ്സഹമാക്കിയ കിരാതന്മാരായ ശത്രുക്കൾക്കും മാപ്പരുളുകയും അവരുടെ ആത്മീയവും ഭൗതികവുമായ ക്ഷേമത്തിന്‌വേണ്ടി പ്രാർഥിക്കുകയും പ്രവർത്തിക്കുകയും ചെയ്ത റസൂൽ തിരുമേനി (സ) യുടെ മാതൃകയാണ് ഇസ്‌ലാമിന്റെ മാതൃക. കാരുണ്യമൂർത്തിയായ റസൂൽ തിരുമേനി (സ)യുടെ ബഹുമതി സംരക്ഷിക്കാൻ ഊരിപ്പിടിച്ച ഖഡ്ഗവും നിറച്ചുവെച്ച തോക്കും ബോംബുകളുമായി കൊലവിളിയും ഭീകര

പ്രവർത്തനങ്ങളും നടത്തുന്ന വരുടെ മാതൃക ഇസ്‌ലാമിന്റെ മാതൃകയല്ല. എല്ലമതങ്ങളിലും പെട്ട മനുഷ്യർ ബഹുമാനിക്കുന്ന ഒരു പുണ്യാത്മാവിനെ അശ്ലീല ഭാഷയിലും ആഭാസകരമായും ചിത്രീകരിക്കുകയോ വിമർശിക്കുകയോ ചെയ്താൽ മനസ്സാക്ഷിയുള്ളവരെല്ലാം അത് എളുപ്പത്തിൽ തിരിച്ചറിയുകയും അതിനെ നിരാകരിക്കുകയും ചെയ്യും. അത്തരം നീചകൃത്യങ്ങൾ ഒരു മഹാത്മാവിന്റെയും ബഹുമതിയെ അപകീർത്തിപ്പെടുത്തുന്നില്ല. അവരുടെ യഥാർഥ അനുയായികൾ അത്തരം വിലകുറഞ്ഞ വിമർശനങ്ങളേയും നിന്ദയേയും ഭയക്കുന്നില്ല. വിശുദ്ധ ഖുർആൻ പറയുന്നു. **'അവർ നിരർഥക വചനം കേട്ടാൽ ശണ്ഠക്ക് കാരണമായേക്കുമെന്ന് ശങ്കിച്ച് ഗൗരവത്തോടെ നടന്നുപോവുന്നു. നിസ്സാര സംഗതികൾക്കായി അവർ ശണ്ഠകൂടില്ല.'** (25:73)

നിന്ദാകരമായ ഹീനവിമർശനങ്ങൾ ക്രമസമാധാന പ്രശ്നമായി മാറുന്ന വികാരസാന്ദ്രമായ സമൂഹമാണെങ്കിൽ അത്തരം അശ്ലീല വിമർശനങ്ങൾക്കെതിരെ ക്രമസമാധാന പാലനവുമായി ബന്ധപ്പെട്ട ചിലചട്ടങ്ങളും നിയമങ്ങളും ആവിഷ്ക്കരിക്കാം. ഒരു ജനാധിപത്യ സമൂഹത്തിൽ മത വിമർശനമോ മതനിന്ദയോ നടത്തുന്നത് ശിക്ഷാനിയമംകൊണ്ട് അടക്കി നിർത്തുന്നത് ഒരിക്കലും ശരിയല്ല. വിമർശനത്തിന് പ്രതിവിമർശനം നടത്താനും മറുപടി പറയാനുമുള്ള സ്വാതന്ത്ര്യം വിമർശന വിധേയരായ വിശ്വാസികൾക്കും ഉണ്ടായിരിക്കണം എന്നതാണ് പരമപ്രധാനമായിട്ടുള്ളത്. എതിരാളികൾ നടത്തുന്ന പല മതവിമർശനങ്ങളും മതങ്ങളിലെ അന്ധവിശ്വാസങ്ങളോടും അത്യാചാരങ്ങളോടുമായിരിക്കാം. അല്ലെങ്കിൽ അവർ കാര്യങ്ങൾ തെറ്റിദ്ധരിച്ചതുകൊണ്ടോ യാഥാർഥ്യം മനസ്സിലാകാത്തതുകൊണ്ടോ ആകാം. എല്ലാ മതവിമർശനങ്ങളും മതനിന്ദയാണെന്നും അത് നടത്തുന്നത് ശിക്ഷാർഹമാണെന്നും പറയുന്ന മതതീവ്രവാദം നീതി നിഷേധമാണ് നടത്തുന്നത്. വിമർശനത്തിനോ നിന്ദക്കോ വിധേയമാകുന്ന മതത്തിന്റെ വക്താക്കൾ അതിന് മറുപടി പറയുമ്പോൾ വാസ്തവത്തിൽ സത്യപക്ഷത്തിന് യാഥാർഥ്യം വെളിപ്പെടുത്താൻ ഒരവസരം ലഭിക്കുകയാണ് ചെയ്യുന്നത്. സത്യത്തിലും നീതിയിലും അടിയുറപ്പുള്ളവർ ഒരു നിന്ദയേയും സംവാദത്തെയും ഭയപ്പെടുന്നില്ല. നിന്ദയെന്ന് മുദ്രകുത്തപ്പെടുന്ന വിമർശനമാവട്ടെ, വസ്തുനിഷ്ഠാപരമായ വിമർശനമാവട്ടെ ഇത്തരം എതിർപ്പുകളെ ധൈഷണിക സംവാദങ്ങളാക്കി മാറ്റുകയാണ് സത്യത്തിന്റെ വക്താക്കൾ ചെയ്യേണ്ടത്. തീർച്ചയായും ഖുർആൻ ഒരു സംവാദാത്മക സമൂഹത്തെയാണ് ഇഷ്ടപ്പെടുന്നത്. ഖുർആൻ പറയുന്നു. **'ഏറ്റവും ഉൽകൃഷ്ടമായ രീതിയിൽ അവരോട് സംവാദം നടത്തുകയും ചെയ്യുക. തന്റെ മാർഗത്തിൽ നിന്ന് വ്യതിചലിച്ച് പോകുന്നവരെ സംബന്ധിച്ച് അല്ലാഹു നന്നായറിയുന്നവനാണ്. നേർമാർഗം പ്രാപിച്ചവരേയും അവൻ നന്നായറിയുന്നു.'** (16:125)

വാസ്തവത്തിൽ മതനിന്ദക്ക് ഇസ്‌ലാമിൽ യാതൊരു ശിക്ഷയും ശുപാർശചെയ്തിട്ടില്ല എന്നാണ് മനുഷ്യ സ്വാതന്ത്ര്യത്തിന്റെ മഹാപ്രകടന പത്രികയായ വിശുദ്ധ ഖുർആനിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. യേശുവിന്റെ മാതാവും പരിശുദ്ധയുമായ മർയം ബീവിയെക്കുറിച്ച് യഹൂദികൾ നടത്തുന്ന കടുത്ത അപവാദത്തെപ്പറ്റി ഖുർആൻ പറയുന്നു: **' അവരുടെ അവിശ്വാസവും മർയമിന്റെ പേരിൽ ഗുരുതരമായ അപവാദം ആരോപിക്കുന്ന കാരണത്താലും ............അവർക്ക് അതിനെപ്പറ്റി യാതൊരറിവുമില്ല.'** (4:157-158) ഇവിടെ *'ബുഹ്താനൻ അളീമൻ'* (ഗുരുതരമായ അപവാദം) എന്ന് ഖുർആൻ തന്നെ ഈ ഹീന പ്രവർത്തിയെ വിശദീകരിച്ചിട്ടും ആ നിന്ദക്കെതിരെ എടുക്കേണ്ട യാതൊരു നിയമനടപടികളെക്കുറിച്ചോ, ശിക്ഷയെക്കുറിച്ചോ പരാമർശിക്കുന്നില്ല. മറ്റൊരു വ്യക്തമായ ഖുർആൻ വചനം ഇങ്ങനെയാണ്.

**'നമ്മുടെ ദൃഷ്ടാന്തങ്ങളെ സംബന്ധിച്ച് (വിമർശിച്ചുകൊണ്ട്) വ്യർഥ സംഭാഷണം നടത്തുന്നവരെ നീ കണ്ടാൽ അവർ മറ്റൊരു വർത്തമാനങ്ങളിൽ പ്രവേശിക്കുന്നത് വരെ നീ അവരിൽ നിന്ന് മാറി നിൽക്കുക. പിശാച് വല്ലപ്പോഴും നിനക്ക് മറവി വരുത്തുന്നതായാൽ ഓർമയായതിന് ശേഷം അധർമകാരികളോടൊപ്പം നീ ഇരിക്കരുത്.'** (6:69)

*മതനിന്ദയോ വിമർശനമോ നടത്തുന്നവരോടൊപ്പം നീ ഇരിക്കരുത്* എന്ന അധ്യാപനം മാത്രമാണ് ഇവിടെ ഖുർആൻ നൽകുന്നത്. ജനാധിപത്യത്തിന്റെ ശ്രീകോവിലായ നിയമനിർമാണ സഭകളിൽ വിയോജിപ്പും പ്രതിഷേധവും പ്രകടിപ്പിക്കാൻ പ്രതിപക്ഷം നടത്തുന്ന ഇറങ്ങിപ്പോക്ക് പോലെ അങ്ങേയറ്റം ജനാധിപത്യപരമായ ഒരു പ്രതികരണമായിരിക്കണം മുസ്‌ലിം പക്ഷത്ത് നിന്ന് ഹീനമായ മതനിന്ദയോട് ഉണ്ടാകേണ്ടത് എന്നാണ് ഇവിടെ ഖുർആൻ സൂചിപ്പിക്കുന്നത്. മാത്രമല്ല, അതൊരു ശാശ്വത ബഹിഷ്ക്കരണമോ ബന്ധവിച്ഛേദനമോ അല്ല. മതവിമർശനത്തിൽ നിന്ന് മാറി മറ്റൊരു സംസാരത്തിൽ അവർ ഏർപ്പെട്ടാൽ മതവിമർശനം നടത്തിയ ആ സദസ്സിലേക്ക് തന്നെ അയാൾക്ക് മടങ്ങിപ്പോവാമെന്നും ഖുർആൻ ഉണർത്തുന്നു. ഖുർആന്റെ അധ്യാപനങ്ങളിലെ അങ്ങേയറ്റത്തെ ജനാധിപത്യബോധവും സംസ്കാര സമ്പന്നതയും നാം തിരിച്ചറിയേണ്ടതുണ്ട്. മതനിന്ദ നടത്തുന്നവനെ വധിച്ചുകളയണമെന്ന നിയമം ഇസ്‌ലാമിക വിരുദ്ധമാണ് എന്ന് പറയുന്നതിന്റെ പശ്ചാത്തലമിതാണ്. മതതീവ്രവാദികളും മുല്ലായിസവും ഖുർആന്റെ ഉദാത്തമായ അധ്യാപനങ്ങൾ തിരിച്ചറിയുമാറാവട്ടെ.

# വഖ്ഫെ ജദീദ് ദീനീ സേവനത്തിനുള്ള ഒരവസരം

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു; "നിങ്ങൾ ഇസ്ലാമിന്റെ ക്ഷേമത്തിനായി തങ്ങളുടെ ഉദാരതയുടെ കരങ്ങൾ വിശാലമാക്കുകയാണെങ്കിൽ നിങ്ങൾക്കു വേണ്ടി ദൈവീക ശക്തിയുടെ കരങ്ങളും പ്രത്യക്ഷമാകുന്നതാണ്. ഈ മാർഗത്തിൽ ചെലവഴിക്കുന്ന കാരണത്താൽ ആരും തന്നെ ദരിദ്രരാകുന്നതല്ല. ആത്മധൈര്യം കൈവരിക്കുകയാണെങ്കിൽ സ്വയം അല്ലാഹു തന്നെ സഹായിയായി മാറുന്നതാണ്. ദീനിനെ സഹായിക്കുന്ന കാരണത്താൽ സമ്പത്തിന്റെ ഉറവിടം സംജാതമാകുന്നതാണ് എന്ന് മനസ്സിലാക്കുന്നതിനായി നിങ്ങൾ നബി തിരുമേനി (സ) യുടെ അൻസാറുകളെ വീക്ഷിക്കുക." (മജ്മൂഅ ഇശ്തിഹാറാത്, വാല്യം2,പേജ് 613, ഇശ്തിഹാറാത് സെപ്തംബർ 1903)

ഗ്രാമീണ ജമാഅത്തുകളുടെ തഅ്ലീം തർബിയ്യത്ത് തബ്ലീഗ് പ്രവർത്തനങ്ങളെ സുശക്തമായ നിലയിൽ ഏകോപിപ്പിച്ച് പ്രാവർത്തികമാക്കുന്നതിനായി ദൈവീക വെളിപാടനുസരിച്ച് 1957 ഡിസംബർ 27ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി അൽമുസ്ലിഹ് മൗഊദ് (റ) രൂപം കൊടുത്ത പദ്ധതിയാണ് വഖ്ഫെ ജദീദ്. ഇതിന്റെ പ്രാധാന്യത്തെ വിവരിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു, "ഇത് അല്ലാഹുവിന്റെ പദ്ധതിയാകുന്നു. നിശ്ചയമായും ഇത് പൂർണതയിലേക്കെത്തുന്നതാണ്. എന്റെ മനസിലേക്ക് അല്ലാഹുവാണ് ഈ പദ്ധതി ഇട്ടുതന്നത്. അതിനാൽ തന്നെ എനിക്ക് എന്റെ വീടും വസ്ത്രങ്ങളും വിൽക്കേണ്ടിവന്നാൽ പോലും ഞാൻ ഈ കടമയെ പൂർത്തിയാക്കുന്നതാണ്." (1958 ജനുവരി 5)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ്) വഖ്ഫെ ജദീദിന്റെ പ്രവർത്തനങ്ങളിൽ ഇന്ത്യയെ സ്വയം പര്യാപ്തമാക്കാൻ പ്രത്യേകം ഉപദേശം നൽകിയിട്ടുണ്ട്. വഖ്ഫെ ജദീദിന്റെ 2018 വർഷം അവസാനിക്കുകയാണ്. അഹ്മദികൾ തങ്ങളുടെ നടപ്പു വർഷത്തെ വാഗ്ദാനം പൂർത്തീകരിക്കുകയും പുതിയ വർഷത്തേക്ക് വർധനവോടെ വാഗ്ദാനം പുതുക്കുകയും ചെയ്യണമെന്ന് വിനീതമായി അഭ്യർഥിക്കുന്നു. സത്യദീനിനെ ഭൂമിയുടെ കോണുകളോളമെത്തിക്കാനുള്ള ഈ അനുഗൃഹീത സംരംഭത്തിൽ പങ്കുകൊള്ളാൻ അല്ലാഹു നമുക്കേവർക്കും സൗഭാഗ്യം നൽകുകയും നമ്മുടെ ഉത്തരവാദിത്വങ്ങളെ ശരിയായ നിലയിൽ നിറവേറ്റുന്നതിനുള്ള തൗഫീഖ് നൽകുകയും ചെയ്യുമാറാകട്ടെ. ആമീൻ

വസ്സലാം

വിനീതൻ

കെ. നാസിർ അഹ്മദ്

നാസിം മാൽ വഖ്ഫെ

ജദീദ്, ഭാരത്

പേജ് 28 ൽ നിന്ന് തുടർച്ച

എന്ന ആലങ്കാരിക നാമത്തിൽ പ്രവചിക്കപ്പെട്ട അ മഹാത്മാവാണ് ഹദ്റത്ത് അഹ്മദ്(അ). ഇസ്ലാമിക പ്രമാണങ്ങൾ അതിന് സാക്ഷ്യം വഹിക്കുന്നു. അല്ലാതെ അത് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത് പോലെയും പിൽക്കാലത്ത് മുസ്ലിംകളിലേക്ക് പകർന്നതുമായ വിശ്വാസം പോലെ ആകാശത്തിരിക്കുന്ന ഈസാനബിയുടെ ഇറക്കമല്ല. ഈ സത്യങ്ങൾ വിശ്വാസികൾ തിരിച്ചറിയേണ്ടതുണ്ട്. ദജ്ജാലിനെ സംഹരിക്കുക എന്ന ഹദീസുകളിൽ പറയപ്പെട്ടിരിക്കുന്ന പ്രവർത്തനം വാഗ്ദത്ത മഹ്ദീ മസീഹായി അവതരിച്ച അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) ന്റെ പ്രവർത്തനങ്ങളെയാണ് അർഥമാക്കുന്നത്. ബനീ ഇസ്റയേൽ ഗോത്രങ്ങൾക്ക് പ്രവാചകനായി വന്ന ഈസാനബി (അ) വഫാത്തായി പോയെന്നും അദ്ദേഹം കശ്മീരിൽ മരിച്ചു കിടക്കുകയാണെന്നും ക്രിസ്ത്യാനികൾ യേശു പ്രവചിച്ച സാർവജനീന പ്രവാചകൻ ഖാത്തമുന്നബിയ്യീനായ ഹദ്റത്ത് മുഹമ്മദ് നബി (സ)യിൽ വിശ്വസിച്ചാൽ മാത്രമേ മോക്ഷത്തിനർഹരാവുകയുള്ളൂ എന്നും അദ്ദേഹം ശക്തമായി വാദിച്ചു. ഇതാണ് ഈസബ്നു മറിയമിന്റെ ഇറക്കവും ദജ്ജാലിന്റെ സംഹാരവും. ഇസ്ലാമിന്റെ ഏക ദൈവ സങ്കൽപ്പം ഉയർത്തിപ്പിടിച്ചു കൊണ്ടും ദൈവപുത്രവാദത്തിന്റെ നിരർഥകത ചൂണ്ടിക്കാട്ടിയും വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദി(അ)ന്റെ വാദമുഖങ്ങൾക്ക് മുമ്പിൽ അത്യന്തം ഘോരമായ ഈ ശിർക്കൻ വിശ്വാസം തകർന്ന് തരിപ്പണമായിപ്പോവുന്നു. മസീഹിന്റെ നിശ്വാസത്താൽ ദജ്ജാൽ ഉപ്പ് അലിയുന്നത് പോലെ അലിഞ്ഞു പോകും എന്ന് റസൂൽ തിരുമേനി (സ) പറഞ്ഞതിന്റെ പൊരുൾ ഇതാണ്. ഇതാണ് മുസ്ലിംകൾ മനസ്സിലാക്കേണ്ടത്.

അനുസ്മരണം:-

# സി. നാസിർ അഹ്മദ്



പഴയങ്ങാടി സ്വദേശിയായ സി. നാസിർ സാഹിബ് (64) അബുദാബിയിൽ വെച്ച് മെയ് 23ന് വഫാത്താകുകയുണ്ടായി. (ഇന്നാലില്ലാഹി....) മെയ് 24ന് പഴയങ്ങാടി അഹ്മദിയ്യാ കബർസ്ഥാനിൽ കബറടക്കം നടത്തുകയും ചെയ്തു.

മർഹൂം സി. അബ്ദുർറഹീം സാഹിബിന്റെ മകനും, പഴയങ്ങാടി ജമാഅത്തിന്റെ മുൻ അമീർ സി. സലീം അഹ്മദ് സാഹിബിന്റെ അർധ സഹോദരനുമാണ്. നീണ്ട വർഷക്കാലം അബുദാബി ജമാഅത്തംഗമായിരുന്ന മർഹൂമിന്റെ ഫ്ളാറ്റിലാണ് മലയാളി അഹ്മദികൾ ജുമുഅ നമസ്കാരം നിർവഹിച്ചിരുന്നതും യോഗങ്ങൾ കൂടിയിരുന്നതും. മലയാളി അഹ്മദികളുടെ ഹൽഖയായിട്ടാണ് പരേതന്റെ ഫ്ളാറ്റ് അറിയപ്പെട്ടിരുന്നത്. നിർധനരായ പല അഹ്മദി സഹോദരങ്ങളേയും അബുദാബിയിൽ കൊണ്ടുപോകുകയും ജോലി തരപ്പെടുത്തികൊടുക്കുകയും ചെയ്തിട്ടുണ്ട്.

കൊടിയത്തൂർ ജമാഅത്തിലെ ആദ്യകാല അഹ്മദിയായ എ.എം.അബൂബക്കർ സാഹിബിന്റെ മകളായ ഷക്കീല സാഹിബയാണ് ഭാര്യ. മക്കൾ: താഹിർ അഹ്മദ്, അബ്ദുർറഹീം, നുസ്രത്ത് ജഹാൻ. മരുമക്കൾ: മനീഷ, സൻജു അഹ്മദ്. അല്ലാഹു ഇദ്ദേഹത്തിന് മഗ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ.

*- മാലിക്ക് അമീൻ, കാക്കനാട്*

# മസ്ജിദ് ബൈത്തുശ്ശക്കൂർ ഉദ്ഘാടനം



കൊല്ലം ജില്ലയിലെ മാത്ര ജമാഅത്തിൽ പുതുതായി പണിത മസ്ജിദ് ബൈത്തുശ്ശക്കൂറിന്റെ ഉദ്ഘാടനം മൗലാനാ മുനീർ അഹ്മദ് ഖാദിം സാഹിബ് (അഡീഷണൽ നാസിർ ഇസ്ലാഹോ വ ഇർശാദ്, സൗത്ത് ഇന്ത്യ) നിർവഹിച്ചു. ആധുനിക സൗകര്യങ്ങളോടു കൂടിയ പള്ളിയിൽ 500 പേർക്ക് നമസ്കരിക്കാൻ സൗകര്യമുണ്ട്.



# മത മൈത്രി സമ്മേളനം

പഴയങ്ങാടി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ശതവാർഷിക ആഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച മത മൈത്രി സമ്മേളനം ശ്രീ. ടി.വി. രാജേഷ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. പഴയങ്ങാടി അമീർ അബ്ദുസ്സലാം സാഹിബ് അദ്ധ്യക്ഷത വഹിച്ചു. പ്രൊഫ. ബി. മഹ്മൂദ് അഹ്മദ്, കണ്ണൂർ ജില്ലാ അമീർ അബ്ദുൽ അസീസ് സാഹിബ്, മജ്‌ലിസ് അൻസാറുള്ള അഖിലേന്ത്യാ നായിബ് സദർ മൻസൂർ സാഹിബ്, ഫാദർ ഫിലിപ്പ് കുമ്പക്കാട്, ശ്രീ. ശിവൻ തെറ്റത്ത് (മാതൃഭൂമി), എ.എം. മുഹമ്മദ് സലീം സാഹിബ് (സത്യദൂതൻ പത്രാധിപർ) തുടങ്ങിയവർ സംസാരിച്ചു.







അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ എറണാകുളം ജില്ലാ സമ്മേളനം ജില്ലാ അമീർ പി.കെ. ശാഹുൽ ഹമീദ് സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. ടി.കെ. അബൂബക്കർ, മൗലവി സുൽത്താൻ നസീർ, റിയാസ് ഫിർദൗസ്, മാലിക്ക് അമീൻ, വി.എൻ. ശംസുദ്ദീൻ, ജെ.എച്ച്. നാസർ എന്നിവർ സമീപം

ഉദ്ഘാടന ശേഷം രാവിലെ 10 മണി മുതൽ കൊല്ലം ജില്ലാ സമ്മേളനം നടന്നു. ഉദ്ഘാടന സെഷനിൽ ജില്ലാ അമീർ എം. അബ്ദുല്ലാഹ് സാഹിബ് അദ്ധ്യക്ഷത വഹിച്ചു. മൗലാനാ മുനീർ അഹ്മദ് ഖാദിം സാഹിബ് മുഖ്യ പ്രഭാഷണം നടത്തി. തുടർന്ന് നടന്ന തർബിയ്യത്ത് സെഷനിൽ നാസിം മജ്‌ലിസ് അൻസാറുല്ലാഹ് കൊല്ലം നാസിമുദ്ദീൻ സാഹിബ് അധ്യക്ഷത വഹിച്ചു. മൗലവി ഗുലാം ഇസ്മായിൽ സാഹിബ്, മൗലവി എൻ. ഷഫീഖ് സാഹിബ്, മൗലവി മുനീർ അഹ്മദ് സാഹിബ് എന്നിവർ പ്രസംഗിച്ചു. വൈകീട്ട് ഡോ. അബ്ദുർറഹ്മാൻ കോയ സാഹിബിന്റെ അദ്ധ്യക്ഷതയിൽ നടന്ന പൊതുസമ്മേളനത്തിൽ ശ്രീ എം.എ.രാജഗോപാൽ (മുനിസിപ്പൽ ചെയർമാൻ), ശ്രീ.വി. രാജൻ (പ്രസി: കരവാളൂർ ഗ്രാമ പഞ്ചായത്ത്), ശ്രീ. പിറവന്തൂർ ഗോപാലകൃഷ്ണൻ (പ്രസി: ശ്രീ നാരായണ സ്റ്റഡീ സർക്കിൾ), റവ: അലക്സാണ്ടർ തരകൻ (ചർച്ച്, മാത്ര), ശ്രീ. ഗോപി (മെംബർ പഞ്ചായത്ത്) എന്നിവർ സംസാരിച്ചു.



Published on 7.12.2018

Pages 44

Vol: 90 Issue. 12

Price Rs. 30/-

RNI No. 3332/1957, Registered KL/EKM/726/2018-20

Licence No. KL/CR/EKM/WPP-09/2018-20. Licensed to post Without Prepayment

The Sathyadoothan Monthly

## വായിക്കുക, വരിക്കാരാവുക!




# സത്യദൂതൻ

**ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

**ഒരു കോപ്പിക്ക് 30 രൂപ**
**വാർഷിക വരിസംഖ്യ 300 രൂപ**

---

കൂടുതൽ വിവരങ്ങൾക്ക്
മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഫോൺ : 8089574250, ഇമെയിൽ sathyadoothan1@gmail.com